## ഹദ്റത്ത് ഈസാ നബി(അ)യുടെ മരണം

# അനിഷേധ്യതെളിവുകൾ



ഹദ്റത്ത് മിർസാ ബശീർ അഹ്മദ്.എം.എ(റ)

HAZRAT ISA (A) NABIYUDE MARANAM

# ANISHEDHYA THELIVUKAL

This book entitled Hazrat Easa nabi(a)yude maranam ( Malayalam Transalation of Alhujjathul Baliga Urdu) deals with the arguments in Holy Quran and the traditions proving the death of Esa Nabi or Jesus Christ whom the Muslims and Christians believe to be still alive. It also exposes the theory that Easa Nabi (A), rescued from the heinous death on the cross travelled to India and died at Sreenagar, Kashmir. The author of this book is Hazrat Mirza Bashir Ahmad.M.A (R) an Ahmadiyya scholar and writer, and a son of Mirza Ghulam Ahmad, the founder of the Ahmadiyya Movement who had claimed to be the promised Messiah and Mahdi awaited by Muslims.

Publisher.

# ഹദ്റത്ത് ഈസാ നബി(അ)യുടെ മരണം

## - അനിഷേധ്യതെളിവുകൾ -

ഹദ്റത്ത് മിർസാ ബശീർ അഹ്മദ്. എം. എ(റ)

വിവർത്തനം:
എച്ച്.ശംസുദ്ദീൻ

പ്രസാധകർ:
**ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്**
**കേരള**

**HAZRAT EASA NABI(A)YUDE MARANAM**
( Malayalam Transalation of ***Alhujjathul Baliga Urdu***)

Author: Hazrat Mirza Bashir Ahmad.M.A(R)

Translator:  H.Shamsuddin

DTP & Layout : Khuddam Brothers

Published by: Islam International Publications- Kerala
Fort Road,Kannur-670001

1st Edition: 2016

Copies: 3000

Price : 50/-

Printed at: Orange Offset Printers, Calicut,Kerala

# അവതാരിക

ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) എഴുതിയ അൽഹുജ്ജത്തുൽ ബാലിഗ എന്ന ഉറുദു ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ എച്ച്.ശംസുദ്ദീൻ സാഹിബാണ് നിർവഹിച്ചത് റിവ്യൂ കമ്മിറ്റി വേണ്ട പരിശോധനകൾ നടത്തിയശേഷമാണ് ഇത് പ്രസിദ്ധീകരിക്കുന്നത്. ഇതിനുവേണ്ടി സഹകരിച്ച എല്ലാവർക്കും തക്കതായ പ്രതിഫലം നൽകുമാറാകട്ടെ, ആമീൻ. ഇതിന്റെ റൈറ്റപ്പിംഗ് നിർവഹിച്ചിരിക്കുന്നത് ഖുദ്ദാം സഹോദരങ്ങളാണ്. ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിൽ ഇൻചാർജ് മലയാളം ഡസ്ക് ഖാദിയാൻ, സദ്ർ ഇശാഅത്ത് കമ്മിറ്റി കേരള, സെക്രട്ടറി ഇശാഅത്ത് കമ്മിറ്റി കേരള, കേന്ദ്ര റിവ്യൂ കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ സഹകരണം സ്മരണീയമാണ്. ഫജസാഹുമുല്ലാഹ്.

ഈ കൃതി ജനങ്ങൾക്ക് വഴികാട്ടിയാവട്ടെ എന്ന് പ്രാർഥിച്ചുകൊണ്ട് സഹൃദയസമക്ഷം സമർപ്പിക്കുന്നു.

പ്രസാധകർ

# പ്രസ്താവന
## (രണ്ടാം പതിപ്പ്)

അൽഹുജ്ജത്തുൽ ബാലിഗ: എന്ന ഈ ചെറു പുസ്തകം 1917ൽ ആണ് ആദ്യമായി പ്രസിദ്ധീകരിച്ചത്. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ യുവത്വകാലത്താണ് ഞാനി തെഴുതിയത്. 38 വർഷത്തിനു ശേഷം ജനാബ് ഫസൽ ഹുസൈൻ സാഹിബിന്റെ അഭിപ്രായപ്രകാരം ഇതിന്റെ രണ്ടാം പതിപ്പ് ഇറക്കുകയാണ്. രണ്ടാം പതിപ്പിൽ കാര്യ മായ മാറ്റങ്ങളൊന്നും ഞാൻ വരുത്തിയിട്ടില്ല. മറിച്ച് ചില ഭാഗങ്ങളിൽ നിസ്സാരമായ വാക്കുകൾ മാത്രമേ മാറ്റിയി ട്ടുള്ളൂ. കൂടാതെ അവസാനത്തിൽ അനിവാര്യമായ ഒരു അനുബന്ധം കൂടി ചേർത്ത് ഞാൻ ഈ പുസ്തകം പ്രസി ദ്ധീകരണത്തിന് ഏൽപ്പിക്കുകയാണ്. ഈസാനബിയുടെ മര ണത്തിന്, ഹദ്റത്ത് അഹ്മദ്(അ)ന്റെ വാദങ്ങളുമായി അടി സ്ഥാനപരമായ ബന്ധമുണ്ടെന്നതിനു പുറമെ, ക്രിസ്തീയ ദജ്ജാലി ഫിത്നകളുമായിട്ടും ബന്ധമുണ്ട്. വർത്തമാന കാലത്ത് ഇസ്ലാമിനു മേൽ ക്രിസ്തീയതയ്ക്ക് ലഭ്യമായി ട്ടുള്ള താൽക്കാലികവും എന്നാൽ പ്രകടവുമായ വിജയ ത്തിന്റെ കാരണം, സർവ്വലോകാനുഗ്രഹിയായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) മരിച്ചു മൺമറഞ്ഞുപോയിരിക്കുന്നു വെന്നും എന്നാൽ (നഊദുബില്ലാഹ്) ഈസാനബി ഇപ്പോ ഴും അല്ലാഹുവിന്റെ പാർശ്വത്തിൽ ജീവിച്ചിരിക്കുന്നുവെ ന്നും വീണ്ടും ഇറങ്ങിവരുമെന്നുമുള്ള ഭൂരിപക്ഷ മുസ്ലിം വിശ്വാസമാണ്. അടിസ്ഥാനരഹിതമായ ഈ വിശ്വാസത്തി ന്റെ അർത്ഥശൂന്യത വ്യക്തമാക്കി ഇസ്ലാമിനെ സമഗ്രമായി ക്രിസ്തീയതയ്ക്കു മേൽ വിജയിപ്പിക്കേണ്ട സമയമാണി

പ്പോൾ. ഏതെങ്കിലും നബി ജീവനോടെയുണ്ടെങ്കിൽ അത് നമ്മുടെ യജമാനർ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ) മാത്രമാണ്. മറ്റെല്ലാവരും ദൗത്യസമയം പൂർത്തിയാക്കി മരിച്ചു പോയിരിക്കുന്നു എന്നതാണ് യാഥാർഥ്യം.

*അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ*
*വബാരിക് വ സല്ലിം.*
*വ യാ അയ്യുഹല്ലദീന ആമനൂ*
*സ്വല്ലൂ അലൈഹി വ സ്വല്ലിമൂ തസ്‌ലീമാ*

വിനീതൻ,

ഫെബ്രു: 1955

മിർസാ ബശീർ അഹ്മദ്

## ഈസാനബിയുടെ ജീവിതവും മരണവും: വിശ്വാസത്തിന്റെ പ്രാധാന്യം

ഹദ്റത്ത് ഈസാനബി(അ) അഥവാ ഹദ്റത്ത് മസീഹ് നാസ്വരിയുടെ ജനനമരണ വിശ്വാസത്തിന് മൂന്ന് വിധത്തിൽ സവിശേഷമായ പ്രാധാന്യമുണ്ട്.

ഒന്ന്, ഇപ്പോൾ ലോകത്തിലെ ഭൂരിപക്ഷ വിശ്വാസികളായ ക്രിസ്തുമതാനുയായികൾ ഹദ്റത്ത് യേശുമിശിഹ ദൈവത്തിന്റെ പുത്രനാണെന്ന് വിശ്വസിക്കുന്നു. മാത്രമല്ല അദ്ദേഹം ഈ ലോകത്ത് കുറച്ച് വർഷങ്ങൾ ജീവിച്ച ശേഷം പിന്നെ ആകാശത്തേക്ക് ഉയർന്നു പോയെ ന്നും അവിടെ ജീവിച്ചിരുപ്പുണ്ടെന്നും 'നഊദുബില്ലാഹ്' ദൈവത്തിന്റെ ശാശ്വത ഭരണത്തിൽ പങ്കാളിയാണെന്നും അവർ ഉറച്ച് വിശ്വസിക്കുന്നു.

രണ്ട്, ക്രിസ്തീയരുടെ ഈ വിശ്വാസത്തെ മൗനമായി അംഗീകരിച്ചുകൊണ്ടും ചില ഖുർആനിക ആയത്തുകളേയും, ഹദീസുകളേയും തെറ്റായി വിശദീകരിച്ചു കൊണ്ടും ഇക്കാലത്തെ ഭൂരിപക്ഷമുസ്ലിംകളും, ഹദ്റത്ത് ഈസ(അ) ദൈവമോ ദൈവപുത്രനോ ആയിരുന്നില്ലെങ്കിലും ദൈവത്തിന്റെ ഒരു നബി മാത്രമായിരുന്നുവെന്നും കുരിശു സംഭവത്തിൽ ദൈവം അദ്ദേഹത്തെ സ്ഥൂലശരീരത്തോടു കൂടി, ജീവനോടെ ആകാശത്തേക്ക് ഉയർത്തിയെന്നും ഇപ്പോഴും ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്നും അവസാനകാലത്ത് വീണ്ടും ഭൂമിയിലേക്കിറങ്ങി മുസ്ലിം ഉമ്മത്തിനെ സമുദ്ധരിക്കുമെന്നുമുള്ള വിശ്വാസത്തിലാണ് നിലകൊള്ളുന്നത്.

മൂന്ന്, താൻ വാഗ്ദത്ത മസീഹാണെന്നാണ് അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

ന്റെ വാദം. ഏതുവരെ ഹദ്റത്ത് ഈസാനബിയുടെ ജീവിത മരണ കാര്യത്തിൽ തീർപ്പാകുന്നില്ലയോ അതുവരെ മുസ്ലിം കൾ ഹദ്റത്ത് അഹ്മദ്(അ)ന്റെ മസീഹ് വാദത്തിലേക്ക് അവധാനപൂർവ്വം ശ്രദ്ധ തിരിക്കുകയില്ല. ഈ മൂന്ന് കാര ണങ്ങൾ മുൻനിർത്തി വിശുദ്ധ ഖുർആന്റെയും ഹദീസു കളുടെയും ദൈവദത്തമായ സവിശേഷ ബുദ്ധിയുടെയും വെളിച്ചത്തിൽ ഈ വിഷയത്തെ വ്യക്തമാക്കി ദൈവസൃഷ്ടി കളുടെ സൻമാർഗത്തിന് സാഹചര്യം ഒരുക്കേണ്ടത് ആവ ശ്യമാണ്. അങ്ങനെ ക്രിസ്തുമതത്തിന് മേൽ ഇസ്ലാമിന്റെ വിജയ പ്രഖ്യാപനം നടത്തേണ്ടതാണ്.

## ഹദ്റത്ത് അഹ്മദ്(അ)ന്റെ വാദവും ഈസാനബി(അ)യുടെ മരണവും

മുകളിൽ പറഞ്ഞതു പോലെ, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)ന്റെ മസീഹ് വാദത്തിൽ തടസ്സമായി നിൽക്കുന്ന സുപ്രധാനവിഷയം ഈസാനബിയുടെ മരണ മാണ്. കാരണം, ഏതുവരെ ആദ്യത്തെ മസീഹ് മരിച്ചു പോ യെന്ന് തെളിയിക്കപ്പെടുന്നില്ലയോ അതുവരെ ഹദ്റത്ത് അഹ്മദ്(അ)ന്റെ വാദഗതികളുടെ സത്യാസാക്ഷ്യത്തിലേക്ക് ആയിരം സൂര്യൻമാർ ഉദിച്ചുയർന്നാലും അത് അംഗീകരി ക്കാൻ ഒരു തരത്തിലുള്ള പ്രയാസം അനുഭവപ്പെടുമെന്നു ള്ളത് തീർച്ചയാണ്.

ഏതൊരു സ്ഥാനമാനത്തെക്കുറിച്ചുള്ള അവകാശവാദ മാണോ ഹദ്റത്ത് അഹ്മദ്(അ)നുള്ളത് അത് മസീഹിയ്യത്തി ന്റേതാണ്. ആ സ്ഥാനം ഒഴിഞ്ഞുകിടക്കുന്നിടത്തോളം അതു വരെ അദ്ദേഹത്തിന്റെ സത്യത്തെ സംബന്ധിച്ചിടത്തോളം മനസ് തൃപ്തമാകുന്നതല്ല. കാരണം ഏറ്റവും ആദ്യം ഈ തടസ്സം നീക്കേണ്ടത് അനിവാര്യമാണ്. വിശുദ്ധ ഖുർആനിൽ നിന്നും ഹദീസിൽ നിന്നും മനസ്സിലാവുന്നത് അവസാനകാ

ലത്ത് മുസ്ലിംകൾ ദുർബലാവസ്ഥയിൽ ആകുകയും ക്രിസ്തീയ വിശ്വാസം പ്രബലമാവുകയും നാലുപാടും നിർമ്മതത്വം അതിന്റെ മടിത്തട്ട് വിശാലമാക്കുകയും ചെയ്യുമ്പോൾ അല്ലാഹു മുസ്ലിംകളിൽ മസീഹിനെ അയക്കുമെന്നതാണ്. അദ്ദേഹം മുസ്ലിംകളുടെ പരിഷ്കരണം മാത്രമല്ല അന്യമതങ്ങൾക്കെതിരിൽ എഴുന്നേറ്റ് നിൽക്കുമെന്നും പ്രബലമായ തെളിവുകളോടെ സർവ്വമതങ്ങൾക്കും മേൽ ഇസ്ലാമിനെ വിജയിപ്പിക്കുമെന്നുമാണ്. ഇത് മുസ്ലിംകളുടെ ഏകകണ്ഠമായ വിശ്വാസമാണ്. എന്നാൽ ഇതിനുശേഷം അഭിപ്രായവ്യത്യാസങ്ങൾ ആരംഭിക്കുന്നു. ഹദ്റത്ത് അഹ്മദ്(അ)ന്റെ എതിരാളികളായ പണ്ഡിതൻമാരുടെ അഭിപ്രായം വാഗ്ദത്ത മസീഹ്, ഹദ്റത്ത് ഈസാ(അ) തന്നെയാണെന്നും കുരിശുസംഭവാവസരത്തിൽ അദ്ദേഹം ആകാശത്തേക്ക് കരേറിയെന്നും ഇപ്പോഴും സ്ഥൂലശരീരത്തോടെ ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്നും അവസാനകാലത്ത് വീണ്ടും ഭൂമിയിലേക്കിറങ്ങുമെന്നുമാണ്. എന്നാൽ ഹദ്റത്ത് അഹ്മദ്(അ)ന്റെയും അദ്ദേഹത്തിന്റെ ജമാഅത്തിന്റെയും അധ്യാപനം ഹദ്റത്ത് ഈസാനബി(അ) മരിച്ചു പോയിരിക്കുന്നുവെന്നും അതുകൊണ്ടു തന്നെ വരാനുള്ള മസീഹ്, ഹദ്റത്ത് ഈസാനബിയുടെ സാദൃശ്യത്തിൽ വരുന്ന മറ്റൊരാളാണെന്നുമാണ്. ഈസാനബി മരിച്ചുവെന്ന് തെളിയിക്കേണ്ട യാതൊരു ബാധ്യതയും ഹദ്റത്ത് അഹ്മദ്(അ)നില്ല. പക്ഷേ വിശുദ്ധ ഖുർആനും സ്വഹീഹായ ഹദീസുകളും കൊണ്ട് ഈസാനബി ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കേണ്ട ബാധ്യത ഹദ്റത്ത് അഹ്മദ്(അ)ന്റെ എതിരാളികൾക്കുണ്ട്. കാരണം ഈസാനബി ജീവിച്ചിരിപ്പുണ്ടെന്ന വാദം മരിച്ചുവെന്ന വാദത്തെ അപേക്ഷിച്ച്, സാധാരണയുള്ള അനുഭവത്തിന് വിപരീതമായതിനാൽ എന്തെങ്കിലും വ്യക്തമായ തെളിവില്ലാതെ അംഗീകരിക്കാൻ സാധ്യമല്ല. മരിച്ചു പോയെന്ന് അംഗീകരിക്കാൻ പുറമെ നിന്നുള്ള തെളിവിന്റെ ആവശ്യമില്ല. കാരണം അത് സർവ്വസാധാരണമായ നിയമ

ത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. എങ്കിലും ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) മനുഷ്യകുലത്തിന്റെ നന്മയെ മുൻനിർത്തി ഈ സംഗതിയും ഏറ്റെടുക്കുകയും വ്യക്ത മായ നിലയിൽ അത് പൂർത്തീകരിക്കുകയും ചെയ്തു. ഇന്ന് സാധാരണക്കാർ പോകട്ടെ വലിയ വലിയ അനഹ്മദി പ ണ്ഡിതൻമാർ പോലും ഈ വിഷയത്തിൽ ഏതെങ്കിലും അഹ്മദിയ്യുമായി സംസാരിക്കുമ്പോൾ വളരെയേറെ പരി ഭ്രമിക്കുന്നു. മാത്രമല്ല ചിലപ്പോൾ സംസാരിക്കാൻ പോലും തയ്യാറാകുന്നില്ല. കൂടാതെ ഈ വിഷയത്തിന് ഹദ്റത്ത് അഹ്മദ്(അ)ന്റെ വാദവുമായി എന്തുബന്ധം എന്നാണ് ചോദിക്കുന്നത്. എന്നാൽ വാഗ്ദത്ത മഹ്ദീ മസീഹ് ആയ ഹദ്റത്ത് അഹ്മദ്(അ)നെ സംബന്ധിച്ചുള്ള അന്വേഷണ പാ തയിൽ ഈസാനബിയുടെ ജീവിത മരണ വിഷയം ഏറ്റവും ആദ്യത്തെ പ്രശ്നമാണ്. അത് തീർപ്പാക്കേണ്ടതാണെന്ന് ഏതൊരു സാധാരണക്കാരനു പോലും അറിയാവുന്നതാണ്.

### അധ്യായം 1

## റഫഅ ഇലസ്സമാഅ്: വിശദീകരണം

ഈ ചെറിയ മുഖവുരയ്ക്കു ശേഷം ചില പൊതുവായ സംഗതികൾ പറയാം. അതിൽ നിന്ന് ഹദ്റത്ത് ഈസാനബി(അ) ഒരിക്കലും ആകാശത്തേക്ക് സ്ഥൂലശരീരത്തോടെ കരേറിയിട്ടില്ലെന്നും മറിച്ച് അദ്ദേഹം തന്റെ ജീവിത ദിനങ്ങൾ ഈ ലോകത്ത് തന്നെ കഴിച്ചു കൂട്ടി ഈ ഭൂമിയിൽ തന്നെ മരിച്ചു പോയെന്നും വ്യക്തമാകുന്നതാണ്.

## മനുഷ്യ ജീവിതവും മരണവും ഈ ലോകവുമായി ബന്ധപ്പെട്ടിരിക്കുന്നു.

വിശുദ്ധ ഖുർആനിൽ, അല്ലാഹു, മനുഷ്യകുലത്തെ സംബോധന ചെയ്തുകൊണ്ട് പറയുന്നു.

فِيهَا تَحْيَوْنَ وَفِيهَا تَمُوتُونَ (അഅ്റാഫ്:26)

അതായത്, നിങ്ങൾ ഈ ലോകത്ത് തന്നെ ജീവിത ദിനങ്ങൾ കഴിച്ചു കൂട്ടുകയും, ഈ ലോകത്തു തന്നെ നിങ്ങൾക്ക് മരണം സംഭവിക്കുകയും ചെയ്യും. ഈ ആയത്തിൽ, എല്ലാ മനുഷ്യരും ഭൂമിയിൽ തന്നെ ജീവിത ദിനങ്ങൾ കഴിച്ചു കൂട്ടണമെന്നും അതിനുശേഷം അവർക്ക് ഈ ഭൂമിയിൽ വെച്ചു തന്നെ മരണം സംഭവിക്കുമെന്നും ഉള്ള ദൈവിക നിയതിയെക്കുറിച്ചാണ് അല്ലാഹു വിശദീകരിക്കുന്നത്. ഈ ലോകത്ത് മനുഷ്യന് രണ്ട് ഘട്ടങ്ങളാണ് വരാനുള്ളതെന്നും അതിലൊന്ന് ജീവിതവും രണ്ടാമത്തേത് മരണവുമാണെന്നത് സുവിദമാണ്. ഈ രണ്ടിനെയും അല്ലാഹു ഭൂമിയുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ഇവിടെ ഉദിക്കുന്ന പ്രശ്നം

ഹദ്റത്ത് ഈസ(അ) മനുഷ്യനായിരിക്കെ എങ്ങിനെയാണ് സ്ഥൂല ശരീരത്തോടു കൂടി ആകാശത്ത് കയറിയിരിക്കുന്നത് എന്നതാണ്. മനുഷ്യൻ ഭൂമിയിൽ തന്നെ തന്റെ ജീവിതവും മരണവും വരിക്കണമെന്ന തീരുമാനം മസീഹിനെ ആകാശത്തിലേക്ക് കരേറ്റുമ്പോൾ ദൈവം മറന്നതാണോ? വീണ്ടും അല്ലാഹു പറയുന്നു.

أَلَمْ نَجْعَلِ الْأَرْضَ كِفَاتًا أَحْيَاءً وَأَمْوَاتًا

അതായത് നാം ഭൂമിയെ ജീവനുള്ളവരെയും ജീവനില്ലാത്തവരേയും (തന്നിലേക്ക്) കൂട്ടിപ്പിടിക്കുന്നതാക്കിയിരിക്കുന്നു.(77:26,27) ഈ ആയത്ത് നേരത്തെ പറഞ്ഞ ആയത്തിനെ വിശദീകരിക്കുകയാണ്. അല്ലാഹു പറയുന്നത് നാം ഭൂമിക്കുള്ളിൽ ജീവനുള്ളതിനെയും നിർജീവമായതിനെയും തന്നോട് ബന്ധിപ്പിച്ച് നിർത്തുന്നതിനും മനുഷ്യശരീരത്തെ തന്നിൽ നിന്ന് പുറത്തേക്ക് വിടാത്ത തരത്തിലുള്ള പ്രത്യേകതയും ഭൂമിയ്ക്ക് നൽകിയിരിക്കുന്നുവെന്നാണ്. ഈ ആയത്തും ഈസാനബി(അ)യുടെ ആകാശാരോഹണം തെറ്റാണെന്ന് തെളിയിക്കുന്നു.

## നബി(സ) മനുഷ്യനായതുകൊണ്ട് സ്ഥൂലശരീരത്തോടെ ആകാശത്തിലേക്ക് കരേറിയില്ല

സത്യനിഷേധികൾ നബി(സ)നോട് താങ്കൾ സത്യവാനാണെങ്കിൽ ആകാശത്തേക്ക് കരേറുകയെന്നും അങ്ങനെയാണെങ്കിൽ തങ്ങൾ വിശ്വസിക്കാമെന്നും പറഞ്ഞിരുന്നു. അതിനു മറുപടിയായി അല്ലാഹു, നബി(സ)നോട് കൽപിച്ചു. നബിയേ! താങ്കൾ അവർക്ക് ഇങ്ങനെ മറുപടി കൊടുക്കുക:

سُبۡحَانَ رَبِّیۡ هَلۡ كُنۡتُ اِلَّا بَشَرًا رَّسُوۡلًا

അതായത് എന്റെ നാഥൻ പരിശുദ്ധനാണ്. ഞാൻ ഒരു മനുഷ്യനായ പ്രവാചകൻ മാത്രമാകുന്നു.(17:94)

ഒരു മനുഷ്യൻ ജീവനോടുകൂടി ആകാശത്തേക്ക് പോകുന്നത് ദൈവികനടപടി ക്രമങ്ങൾക്കും വാഗ്ദാനങ്ങൾക്കും എതിരാണെന്നും തന്റെ തീരുമാനത്തെ ലംഘിക്കുന്നതിൽ നിന്ന് ദൈവം പരമ പരിശുദ്ധനാണെന്നും ഈ ആയത്തിലൂടെ അല്ലാഹു വ്യക്തമാക്കുന്നു. ഇത് ചിന്തിക്കേണ്ട സന്ദർഭമാണ്. അറേബ്യയിലെ നിഷേധികൾ നബി(സ)നെ പോലുള്ള മഹോന്നതനായ മനുഷ്യനോട് ആകാശത്തിലേക്ക് കയറുന്ന 'മുഅ്ജിസ'(ദൃഷ്ടാന്തം) ആവശ്യപ്പെടുകയും അത്തരം ദൃഷ്ടാന്തം കണ്ടാൽ തങ്ങൾ വിശ്വസിക്കാമെന്ന് വാഗ്ദാനവും ചെയ്യുന്നു. അപ്പോൾ നബി(സ) വളരെ വ്യക്തമായും അവർക്ക് മറുപടി നൽകുന്നത് താൻ ഒരു മനുഷ്യനായ പ്രവാചകൻ മാത്രമാണെന്നും ഒരു മനുഷ്യനും ജീവനോടു കൂടി ആകാശത്തേക്ക് പോകാൻ സാധ്യമല്ലെന്നുമാണ്. യേശു ജീവനോടെ ആകാശത്തുണ്ടെന്ന് പറയാൻ ഒരു ക്രിസ്തുമതവിശ്വാസി തന്റേടം കാട്ടുന്നുവെങ്കിൽ ആകട്ടെ. പക്ഷേ ഈ ഒരു ആയത്തുണ്ടായിരിക്കേ, മുസ്‌ലിമെന്ന് പറയപ്പെടുന്ന ഒരു വ്യക്തി, യേശുവിനെ ഒരു മനുഷ്യനായും പദവിയിൽ നബി(സ)നെക്കാളും എത്രയോ ചെറിയ മനുഷ്യനായും വിശ്വസിക്കുമ്പോൾ അയാൾക്കൊരു നിമിഷ നേരത്തേക്കു പോലും ഹദ്റത്ത് ഈസാനബി(അ) തന്റെ സ്ഥൂലശരീരത്തോടുകൂടി ആകാശത്ത് ഇരിക്കുകയാണെന്ന് അംഗീകരിക്കാൻ സാധ്യമല്ല. നബി(സ) താൻ ഒരു മനുഷ്യനായതുകൊണ്ട് ജീവനോടെ ആകാശത്തേക്ക് കയറിപ്പോവുക എന്നത് ദൈവിക നടപടിക്രമങ്ങൾക്കും തീരുമാനങ്ങൾക്കും വിരുദ്ധമാണെന്ന് നിഷേധികളോട് പറയുന്നു. പക്ഷെ കഷ്ടമെന്ന് പറയട്ടെ, മുസ്‌ലിംങ്ങൾ ഈസാനബി(അ)യെ മനുഷ്യനെന്ന് അംഗീകരിച്ചുകൊണ്ടു തന്നെ ആകാശ

ത്തിൽ കയറ്റിയിരുത്തുകയും ചെയ്യുന്നു! ഈസാനബി(അ) യഥാർത്ഥത്തിൽ ആകാശത്ത് ജീവിച്ചിരുപ്പുണ്ടെങ്കിൽ ഈ ആയത്തിന്റെ വെളിച്ചത്തിൽ അദ്ദേഹത്തിന് മനുഷ്യനിൽ നിന്നും ഉയർന്ന ഒരു അസ്തിത്വമുണ്ടെന്നല്ലേ തെളിയുന്നത്? മാത്രമല്ല വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ നബി ആകാശാരോഹണത്തിന് തന്റെ മാനുഷികാവസ്ഥ തടസ്സമാണെന്ന് പറയുന്നു, എന്നാൽ നിങ്ങളുടെ തന്നെ വീക്ഷണത്തിൽ യേശു ആകാശത്തിൽ സ്ഥൂല ശരീരത്തോടെ ജീവനോടെ എത്തി എന്നത് അദ്ദേഹം നിങ്ങളുടെ നബിയേക്കാളും ശ്രേഷ്ഠനാണെന്നും മനുഷ്യനെക്കാൾ ഉയർന്ന അസ്തിത്വമാണെന്നുമല്ലെ തെളിയിക്കുന്നത് എന്നും ഒരു ക്രിസ്ത്യാനിക്ക് മുസ്ലീങ്ങളോട് ചോദിക്കാൻ സാധ്യമല്ലേ. ഈചോദ്യത്തിനു മുന്നിൽ ലജ്ജിക്കുകയല്ലാതെ മുസ്ലിംങ്ങൾക്ക് എന്ത് മറുപടിയാണ് ഉള്ളത്? കഷ്ടമെന്നേ പറയേണ്ടു മുസ്ലിംകൾ സ്വകരങ്ങൾ കൊണ്ടു തന്നെ ഇസ്ലാമിൽ നിഷേധത്തിന്റെ വഴികൾ തുറക്കുകയാണ്. തങ്ങളുടെ യജമാനർ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)ന്റെ ഔന്നിത്യത്തിനു മേൽ സ്വകരങ്ങളാൽ കോടാലി വെയ്ക്കുന്നു. അതെ! എത്ര ശരിയാണ്:–

*'മൻഅസ്ബീഗാനിഗാൻ ഹർഗിസ് ന:നാലം ,*
*ക ബാമൻ ഹർച്ഛ: കർദ് ആൻ ആശ്നാകർദ്'*

അതായത് എനിക്ക് മറ്റുള്ളവരെ കുറിച്ചല്ല പരാതി, എന്നോട് അന്യായം ചെയ്തതെല്ലാം എന്റെ സുഹൃത്തുക്കൾ മാത്രമാണ്!

## മിഅ്റാജിന്റെ യാഥാർഥ്യം

ഇവിടെ സ്വഭാവികമായും ഉയരുന്ന പ്രശ്നം, വിശുദ്ധ ഖുർആനിൽ അല്ലാഹു, വ്യക്തമായ വാക്കുകളിൽ, നബി (സ)ന് മനുഷ്യനെന്ന നിലക്ക് സ്ഥൂലശരീരത്തോടെ ആകാശത്തിലേക്ക് കയറാൻ സാധ്യമല്ലെന്ന് പറഞ്ഞിരിക്കേ,

മിഅ്റാജിന്റെ അവസരത്തിൽ എങ്ങനെയാണ് നബി(സ) ആകാശത്തിൽ എത്തിയത്? എന്നാണ്. ഹദ്റത്ത് നബിതിരുമേനി(സ)ന്റെ മിഅ്റാജ് സ്ഥൂലശരീരത്തോടെ അല്ലായിരുന്നു എന്ന കാര്യം ഓർക്കേണ്ടതാണ്. മറിച്ച് അതൊരു വളരെ അതിഗഹനമായ കശ്ഫ് (ജാഗ്രദർശനം) ആയിരുന്നു. മനുഷ്യൻ കിടക്കയിൽ തന്നെ ആണെങ്കിലും ചിലപ്പോൾ സ്വപ്നങ്ങളിൽ വിദൂരരാജ്യങ്ങൾ സന്ദർശിക്കാറുണ്ട്. ഇങ്ങനെ തന്നെയാണ് ഈ കശ്ഫിലും സംഭവിച്ചത്. മുൻകാല വരിഷ്ഠ ദാസൻമാരിൽ ഒരു വിഭാഗം പറയുന്നത്, നബി(സ)ന്റെ മിഅ്റാജ് സ്ഥൂല ശരീരത്തോടെ അല്ലായിരുന്നുവെന്നുമാണ്. അത് അതിഗഹനമായ ഒരു കശ്ഫ് ആയിരുന്നുവെന്നും അതിൽ തിരുമേനിയെ തന്റെയും തന്റെ ഉമ്മത്തിന്റെയും പുരോഗതികളുടെ ദൃശ്യമെന്ന നിലയ്ക്ക് ആകാശങ്ങളിലേക്ക് കൊണ്ടുപോയെന്നും പറയുന്നു. മുസ്ലിംങ്ങളിൽ ചിലർ ഈ മിഅ്റാജ് സ്ഥൂലശരീരത്തോടെ ആണെന്ന് പറയുന്നുണ്ടെങ്കിലും വിശുദ്ധ ഖുർആനും സ്വഹീഹ് ഹദീസുകളും ഈ ചിന്താഗതിയെ പാടെ നിരാകരിക്കുന്നു. ഒന്നാമതായി നേരത്തെ പറഞ്ഞ ആയത്ത് ***(ഹൽകുൻതുഇല്ലാബശറർറസൂലാ)*** തന്നെ ഈ ചിന്താഗതിയെ തള്ളിമാറ്റുന്നു. നബി(സ)ന് സ്ഥൂലശരീരത്തോടെ ആകാശത്തേക്ക് പോകാൻ കഴിയുമായിരുന്നുവെങ്കിൽ പിന്നെ എന്തുകൊണ്ടാണ് അവിടുന്ന് മക്കയിലെ നിഷേധികൾക്ക് നിഷേധാർത്ഥത്തിൽ മറുപടി നൽകി ഇസ്ലാം സ്വീകരിക്കുന്നതിൽ നിന്ന് അവരെ തടഞ്ഞത്. മിഅ്റാജ് സ്ഥൂലശരീരത്തോടെ ആയിരുന്നുവെങ്കിൽ നിഷേധികളുടെ ആവശ്യത്തിനനുസൃതമായി ഈ ദൃഷ്ടാന്തം കാണിക്കുകയെന്നത് വളരെ എളുപ്പമുള്ള കാര്യമായിരുന്നു. പക്ഷെ നബി(സ) താൻ മനുഷ്യനാണെന്ന കാരണത്താൽ സ്ഥൂലശരീരത്തോടെ ആകാശത്തേക്ക് പോകാൻ സാധ്യമല്ലെന്നാണ് പ്രഖ്യാപിച്ചത്. ഇതിൽ നിന്ന് വ്യക്തമാകുന്നത് മിഅ്റാജ് സ്ഥൂലശരീരത്തോടെ അല്ലായിരുന്നു എന്നാണ്. മാത്രമല്ല

വിശുദ്ധ ഖുർആൻ മിഅ്റാജിനെ 'റുഅ്യ'(സ്വപ്നം) എന്ന വാക്കു കൊണ്ടാണ് വിശദീകരിച്ചിട്ടുള്ളത്. പറയുന്നു:

وَمَا جَعَلْنَا الرُّؤْيَا الَّتِى أَرَيْنَاكَ إِلَّا فِتْنَةً لِلنَّاسِ

അതായത് നാം നിനക്ക് കാണിച്ചു തന്ന സ്വപ്നം ജനങ്ങൾക്ക് ഒരു പരീക്ഷണം എന്ന നിലക്കാണ്. (17:61)

ഹദ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു, മിഅ്റാജിന്റെ രാത്രി നബി(സ)ന്റെ പരിശുദ്ധ ശരീരം ഭൂമിയിൽ നിന്ന് വേർപെട്ടു പോയിരുന്നില്ല.(സീറത്ത് ഇബ്നുഹിശാം ഭാഗം1)ഇതിൽ നിന്നു തെളിയുന്നത് മിഅ്റാജ് സ്ഥൂല ശരീരത്തോടെ അല്ലായിരുന്നുവെന്നും സ്വപ്നങ്ങളിൽ സംഭവിക്കാറുള്ളതുപോലെ മറ്റൊരു അതീന്ദ്രീയമായ ശരീരം തിരുമേനിക്ക് നൽകപ്പെട്ടു എന്നുമാണ്. വിശ്വാസ്യതയുടെ അടിസ്ഥാനത്തിൽ ഹദീസു ഗ്രന്ഥങ്ങളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ബുഖാരിയിൽ ഇങ്ങനെ എഴുതിയിരിക്കുന്നു.

ثُمَ اسْتَيْقَظَ وَهُوَ فِى الْمَسْجِدِ الْحَرَامِ

നബി(സ) മിഅ്റാജിൽ ഈ എല്ലാ ദൃശ്യങ്ങളും കണ്ടതിനു ശേഷം ഉറക്കമുണർന്നു. ആ സമയത്ത് തിരുമേനി മസ്ജിദ് ഹറമിൽ ആയിരുന്നു. (ബുഖാരി കിത്താബുത്തൗഹീദ്)

ഇതിൽ നിന്ന് വളരെ വ്യക്തമായും മനസ്സിലാവുന്നത് മിഅ്റാജ് അതിസൂക്ഷ്മമായ ഒരു ദർശനമായിരുന്നുവെന്നും അത് വളരെ ഭംഗിയായി കാണിച്ചു കൊടുത്തുവെന്നും സ്ഥൂലശരീരത്തോടെ അല്ലായിരുന്നു എന്നുമാണ്.

## റഫഅഇലല്ലാഹ് - ശരിയായ വിശദീകരണം

വിശുദ്ധ ഖുർആൻ ഒരിക്കലും തന്നെ ഒരു മനുഷ്യൻ സ്ഥൂലശരീരത്തോടെ ആകാശത്ത് ജീവിച്ചിരിക്കുന്നു എന്ന

തിനെ പിന്തുണയ്ക്കുന്നില്ല. മറിച്ച് വ്യക്തമായ ഭാഷയിൽ അതിനെതിരിൽ പ്രഖ്യാപനം നടത്തുന്നു. പക്ഷേ ഈ ഒരു ആയത്തുണ്ടായിരിക്കേ ഹദ്റത്ത് അഹ്മദ്(അ)ന്റെ വിരോധികൾ വിശുദ്ധ ഖുർആനിലെ ഒരു ആയത്തെടുത്ത് ഈസാനബിയെ അല്ലാഹു ജീവനോടെ ആകാശത്തേക്ക് ഉയർത്തിയെന്ന് സമർത്ഥിക്കാൻ ശ്രമിക്കുന്നു. ആ ആയത്ത് ഇങ്ങനെയാണ്.

وَمَا قَتَلُوهُ وَمَا صَلَبُوهُ وَلَٰكِن شُبِّهَ لَهُمْ ۚ وَإِنَّ الَّذِينَ اخْتَلَفُوا فِيهِ لَفِي شَكٍّ مِّنْهُ ۚ مَا لَهُم بِهِ مِنْ عِلْمٍ إِلَّا اتِّبَاعَ الظَّنِّ ۚ وَمَا قَتَلُوهُ يَقِينًا ﴿١٥٨﴾ بَل رَّفَعَهُ اللَّهُ إِلَيْهِ ۚ

യഹൂദികൾക്ക് ഈസാനബിയെ വധിക്കുവാനോ കുരിശിലേറ്റിക്കൊല്ലുവാനോ സാധിച്ചില്ല. മറിച്ച് അവിടെ ഈസാനബി വധിക്കപ്പെട്ടവനെപ്പോലെയും കുരിശിലേറി മരിച്ചവനെപ്പോലെയും അവർക്ക് തോന്നുകയാണ് ഉണ്ടായത്.... അവർക്ക് ഒരിക്കലും ഈസാനബിയെ കൊല്ലാനേ കഴിഞ്ഞില്ല. മറിച്ച് അല്ലാഹു അദ്ദേഹത്തെ അവങ്കലേക്ക് ഉയർത്തുകയാണ് ചെയ്തത്. (4:158,159)

ഈ ആയത്തുകൊണ്ട് അല്ലാഹു ഈസാനബിയെ ആകാശത്തേക്ക് ഉയർത്തിയെന്ന് സ്ഥാപിക്കാനാണ് ശ്രമിക്കുന്നത്. എന്നാൽ ബുദ്ധിപൂർവ്വം ചിന്തിച്ചാൽ ഈ തെളിവിന്റെ ദുർബലതയും സുവ്യക്തമാകുന്നതാണ്. തീർച്ചയായും ഹദ്റത്ത് ഈസാ(അ)ന് 'റഫഅ' ഉണ്ടായി. കാരണം 'റഫഅ'നെ സംബന്ധിച്ച് വിശുദ്ധ ഖുർആന്റെ വാക്കുകൾ സ്പഷ്ടമാണ്. അതിനെ നിരാകരിക്കാൻ സാധ്യമല്ല. പക്ഷേ ഇവിടെ ഉദിക്കുന്ന ചോദ്യം എങ്ങനെ എവിടേക്ക് ***റഫഅ*** അഥവാ ഉയർച്ച ഉണ്ടായി എന്നാണ്. വിശുദ്ധ ഖുർആനിലെ വാക്കുകൾ ഇങ്ങനെയാണ്:

بَلْ رَفَعَهُ اللَّهُ إِلَيْهِ

അതായത് അല്ലാഹു മസീഹിനെ അവങ്കലേക്ക് ഉയർത്തി.

അല്ലാഹുവിങ്കലേക്ക് ഉയർത്തി എന്നതിന്റെ അർത്ഥം ആകാശത്തിലേക്ക് ഉയർത്തി എന്നാണെങ്കിൽ ഇവിടെ ഒരുപാട് ചോദ്യങ്ങൾ ഉയരുന്നു; അല്ലാഹു ആകാശത്തിൽ മാത്രം പരിമിതനാണോ? അവൻ ഭൂമിയിൽ ഇല്ലേ? ഇസ്ലാമിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ അല്ലാഹു എല്ലാ സ്ഥലത്തും സന്നിഹിതനും മേൽ നോട്ടക്കാരനും അല്ലേ? അതെ, തീർച്ചയായും അതെ. എങ്കിൽ പിന്നെ ഈസാനബി (അ)നെ അല്ലാഹു തന്നിലേക്ക് ഉയർത്തി എന്നു പറഞ്ഞതിന്റെ താൽപര്യം എന്താണ്? ഈ ചോദ്യത്തിനുള്ള സംതൃപ്തമായ മറുപടിയ്ക്ക് നമുക്ക് ആയത്തിന്റെ പശ്ചാത്തലം കൂടി വീക്ഷിക്കേണ്ടതുണ്ട്. യഹൂദികളുടെ വാദം അവർ ഈസാനബിയെ കുരിശിലേറ്റി കൊന്നു എന്നാണ്. അതിലൂടെ അവർ സമർത്ഥിക്കുന്നത് നഊദുബില്ലാഹ് ഈസാനബി ശാപമരണം വരിച്ചു എന്നുമാണ്. കാരണം കുരിശിലേറിയുള്ള മരണം ശാപമരണമാണെന്ന് തൗറാത്തിലുണ്ട്. (ആവർത്തനം ഭാ,21 സൂക്തം 23) ഇങ്ങനെ യഹൂദികൾ മസീഹിനെ നഊദുബില്ലാഹ് ശാപഗ്രസ്തനും കള്ളനുമാണെന്ന് സ്ഥാപിക്കുന്നു. ഇവരുടെ വാദത്തിന് മറുപടിയായി അല്ലാഹു പറയുന്നു. മസീഹ് ഒരിക്കലും കുരിശിൽ മരിച്ചിട്ടില്ല. മറിച്ച് അദ്ദേഹം അല്ലാഹുവിങ്കലേക്ക് ഉയരുകയാണ് ചെയ്തത്. അതായത് നിങ്ങൾ മസീഹിനെ ശാപമരണത്തിന് ഇരയാക്കാൻ ശ്രമിച്ചു. പക്ഷെ അല്ലാഹു നിങ്ങളുടെ പരിശ്രമങ്ങളെ പാഴാക്കുകയും മസീഹിനെ ശാപമരണം കൊണ്ട് അഗ്നികുണ്ഠത്തിൽ വീഴ്ത്തുന്നതിന് പകരം തന്നിലേക്ക് ഉയർത്തുകയും ചെയ്തു. അതായത് അദ്ദേഹത്തിന് അല്ലാഹുവിൽ നിന്ന് ആത്മീയ ഉയർച്ച കരഗതമായി. ഇത്തരം ആത്മീയ ഉയർച്ച അല്ലാഹുവിന്റെ എല്ലാ സമീപസ്ഥർക്കും ലഭ്യമാണ്. വിശുദ്ധ ഖുർആൻ പറയുന്നു.

يَا أَيَّتُهَا النَّفْسُ الْمُطْمَئِنَّةُ ـ ارْجِعِي إِلَى رَبِّكِ رَاضِيَةً
مَرْضِيَّةً ـ فَادْخُلِي فِي عِبَادِي ـ وَادْخُلِي جَنَّتِي

അല്ലയോ ശാന്തി പ്രാപിച്ച ആത്മാവേ, നീ അല്ലാഹുവിൽ തൃപ്തനായും അല്ലാഹു നിന്നിൽ തൃപ്തനായും കൊണ്ട് നിന്റെ നാഥനിലേക്ക് തിരിച്ചു വരിക. എന്റെ ദാസൻമാരിൽ പ്രവേശിക്കുക. എന്റെ സ്വർഗത്തിലും ശാശ്വതസങ്കേതമൊരുക്കുക. ( 89: 28–31)ഈ ആയത്തിൽ നിന്ന് മനസ്സിലാവുന്നത് ദൈവസമക്ഷം സാമീപ്യം ലഭിച്ചവർക്കെല്ലാം അവങ്കലേക്ക് ഉയർച്ച ലഭിക്കുന്നു എന്നാണ്.

'റഫഅ' യുടെ അർത്ഥം മറ്റൊരായത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്.

وَلَوْ شِئْنَا لَرَفَعْنٰهُ بِهَا وَلٰكِنَّهٗٓ اَخْلَدَ اِلَى الْاَرْضِ

അതായത് അല്ലാഹു മൂസാനബിയുടെ ഒരു ശത്രുവിനെക്കുറിച്ച് –അദ്ദേഹം നേരത്തെ പരിശുദ്ധനായിരുന്നു. അദ്ദേഹത്തിന്റെ പേര് നിവേദനങ്ങളിൽ 'ബൽഗം ബാഊർ' എന്നാണ് എഴുതിയിരിക്കുന്നത് – പറയുന്നു, നാം ആഗ്രഹിച്ചിരുന്നുവെങ്കിൽ നമ്മുടെ ദൃഷ്ടാന്തങ്ങൾ മുഖേന അവനെ ഉയർത്തുമായിരുന്നു. പക്ഷെ അവൻ സ്വയം ഭൂമിയിലേക്ക് ചായുകയാണ് ചെയ്തത്. (7:177)

ഇവിടെ റഫഅ അഥവാ ഉയർച്ച കൊണ്ട് ഉദ്ദേശിക്കുന്നത് ആത്മീയമായ ഉയർച്ചയാണ്. ശാരീരികമായ ഉയർച്ചയല്ല. ഇവിടെയാകട്ടെ സ്ഥലസൂചകമെന്ന നിലയ്ക്ക് ഭൂമിയുടെ പരാമർശമുണ്ട്. എന്നിരിക്കെ ഹദ്റത്ത് ഈസാനബി(അ)ന്റെ കാര്യത്തിൽ എന്തിനാണ് നിരർത്ഥകമായി സ്ഥൂലശരീരത്തോടെ ഉയർന്നു എന്ന് അർത്ഥം കൽപിക്കുന്നത്. പ്രത്യേകിച്ചും ഇവിടെ നാം കാണുന്നത്, മസീഹ്, കുരിശുമരണം അഥവാ ശാപമരണം വരിച്ചുവെന്നും അതുകൊണ്ടു തന്നെ അദ്ദേഹത്തിന് ആത്മീയമായ ഉയർച്ച സാധ്യമല്ലെന്നും ഉള്ള യഹൂദികളുടെ ആക്ഷേപമാണ്. ഇതിനു മറുപടിയായി അല്ലാഹു പറയുന്നത് മസീഹ് ഒരിക്കലും കുരിശുമരണം വരിച്ചില്ലെന്നും മറിച്ച് ആത്മീയമായി ഉയർന്നുവെന്നുമാണ്. ഇവിടെ റഫഅ് കൊണ്ടുള്ള വിവക്ഷിതം ശാരീരികമായ

ഉയർച്ചയാണെങ്കിൽ ആയത്തിന് യാതൊരു അർത്ഥവും ലഭിക്കുന്നില്ല. യഹൂദികളുടെ ആക്ഷേപം മസീഹിന് കുരിശുമരണം സംഭവിച്ചുവെന്നും അതുകൊണ്ട് ആ ആത്മീയമായ ഉയർച്ചലഭ്യമായില്ലെന്നും മാത്രമല്ല നഊദുബില്ലാഹ് ശാപമരണം വരിച്ചുവെന്നുമാണ്. അതിനവർക്ക് കിട്ടുന്ന മറുപടിയാകട്ടെ മസീഹിനെ അല്ലാഹു ജീവനോട ആകാശത്തേക്ക് ഉയർത്തിയെന്ന്! ഇവിടെ ചോദ്യത്തിനല്ല മറുപടി. ഏതൊരു സാമാന്യബോധമുള്ള ആരും മറുപടി കൊടുക്കുമ്പോൾ താൻ ആക്ഷേപത്തിനാണോ മറുപടി കൊടുക്കുന്നത് അതല്ല ബന്ധമില്ലാത്ത മറ്റെന്തെങ്കിലുമാണോ പറയുന്നത് എന്ന് ചിന്തിക്കാറുണ്ട്. നഊദുബില്ലാഹ് നമ്മുടെ ശത്രുക്കളുടെ ദൈവ സങ്കൽപം കൗതുകകരമാണ്. ഇവിടെ ആക്ഷേപം ഉന്നയിക്കുന്നത് ആത്മീയമായ ഉയർച്ചയെ സംബന്ധിച്ചും! മറുപടിയാകട്ടെ ശാരീരികമായ ഉയർച്ചയെ സംബന്ധിച്ചും. മസീഹിനെ സംബന്ധിച്ച് ***റഫഅ ഇലല്ലാഹ്*** എന്നതു കൊണ്ടുള്ള വിവക്ഷിതം ആത്മീയ ഉയർച്ചയാണ്. അതാകട്ടെ ദൈവിക സാമിപ്യമുള്ള എല്ലാവർക്കും ലഭ്യമാകുന്നു. ശാരീരികമായ ഉയർച്ചയല്ല.

ചുരുക്കത്തിൽ, അല്ലാഹുവിന്റെ അസ്തിത്വം ആകാശത്ത് മാത്രം പരിമിതമല്ല എന്നതാണ് പ്രഥമ സംഗതി. മറിച്ച് എല്ലാ സ്ഥലത്തും അവന്റെ സാന്നിധ്യവും മേൽനോട്ടവുമുണ്ട്. അല്ലാഹുവിങ്കലേക്ക് ഉയർന്നു എന്നതിന് ആത്മീയമായി ഉയർന്നു എന്നല്ലാതെ മറ്റൊരു അർത്ഥ കൽപനയും നൽകാൻ സാധ്യമല്ല.

രണ്ട്, യഹൂദികളുടെ ആക്ഷേപം ആത്മീയമായ ഉയർച്ചയെക്കുറിച്ചായിരുന്നു. ശാരീരികമായ ഉയർച്ചയെക്കുറിച്ചല്ലായിരുന്നു. ഇതിനുള്ള മറുപടിയിൽ ശാരീരികമായ ഉയർച്ചയെക്കുറിച്ച് പറയുന്നത് നിഷ്പ്രയോജനമാണ്. ഇത്തരം മറുപടി യുക്തിജ്ഞനായ അല്ലാഹുവിൽ നിന്നുണ്ടാകുമെന്ന് പറയാൻ സാധ്യമല്ല.

മൂന്ന്, അല്ലാഹുവിങ്കലേക്ക് ഉയർത്തുക എന്നതു കൊണ്ട്

സ്ഥൂല ശരീരത്തോടെ ആകാശത്തേക്ക് ഉയർന്നു എന്നാണ് അർത്ഥം കൽപിക്കുന്നതെങ്കിൽ ദൈവസാമീപ്യം ലഭിച്ച എല്ലാവരും സ്ഥൂലശരീരത്തോടുകൂടി ആകാശത്തിലേക്ക് കരേറുന്നുവെന്ന് സമ്മതിക്കേണ്ടിവരും. കാരണം, അല്ലാഹു പറയുന്നു.

يَا أَيَّتُهَا النَّفْسُ الْمُطْمَئِنَّةُ ـ ارْجِعِى إِلَى رَبِّكِ رَاضِيَةً مَرْضِيَّةً

അതായത്, അല്ലയോ ശാന്തി പ്രാപിച്ച ആത്മാവേ, നീ നിന്റെ നാഥനിലേക്ക്, നീ അവനിലും അവൻ നിന്നിലും തൃപ്തിപ്പെട്ട നിലയിൽ തിരിച്ചു വരിക.

നാല്, വിശുദ്ധ ഖുർആൻ 'റഫഅ' എന്നതിന് ആത്മീയമായ ഉയർച്ച എന്നാണ് അർത്ഥം കൊടുത്തിട്ടുള്ളത്. മൂസാ നബിയുടെ കാലത്തെ ബൽഗം ബാഊറിനെ സംബന്ധിച്ച് അല്ലാഹു പറയുന്നു;

وَلَوْ شِئْنَا لَرَفَعْنٰهُ بِهَا وَلٰكِنَّهٗٓ اَخْلَدَ اِلَى الْاَرْضِ

അതായത് നാം ആഗ്രഹിച്ചിരുന്നുവെങ്കിൽ ഈ ദൃഷ്ടാന്തങ്ങൾ കൊണ്ട് അവനെ ഉയർത്തുമായിരുന്നു. പക്ഷെ അവൻ ഭൂമിയിലേക്ക് ചായുകയാണ് ഉണ്ടായത്. (7:177)

മറ്റൊരായത്തിൽ അല്ലാഹു റഫഅ എന്നതിന്റെ അർത്ഥത്തെ വിശദീകരിക്കുന്നുണ്ട്. അല്ലാഹു പറയുന്നു.

يٰعِيْسٰٓى اِنِّىْ مُتَوَفِّيْكَ وَرَافِعُكَ اِلَىَّ

അതായത്, അല്ലയോ ഈസാ, ഞാൻ നിനക്ക് സ്വഭാവിക മരണം നൽകുന്നതാണ്. നിന്നെ എന്നിലേക്ക് ഉയർത്തുന്നതുമാണ്. (3:56)

ഈ ആയത്തിന്റെ ക്രമപ്രകാരം, വഫാത്തിനു ശേഷമാണ് റഫഅ ഉപയോഗിച്ചിരിക്കുന്നത്. ഇതിൽ നിന്ന് 'റഫഅ'-യുടെ അർത്ഥം കുറേക്കൂടി വ്യക്തമാകുന്നു. മരണശേഷം സുകൃതവാൻമാരുടെ ആത്മാവ് അല്ലാഹുവിങ്കലേക്ക് ഉയരുന്നു. അവരെ സ്വർഗത്തിലേക്ക് ഉയർത്തി ഉന്നതസ്ഥനത്ത്

എത്തിക്കുന്നു. എന്നാൽ അശുദ്ധാത്മാക്കൾ ഉന്നതസ്ഥാനത്തേക്ക് ഉയരാറില്ല. മറിച്ച് അവ നരകത്തിലേക്ക് വീഴ്ത്തപ്പെടുന്നു. ഈ വിവക്ഷ പ്രകാരം അല്ലാഹു ഈസാ മസീഹിനെ വീഴുന്നതിൽ നിന്ന് കാക്കുകയും തന്നിലേക്ക് ഉയർത്തുകയും ചെയ്തു.

'***ബൽറഫഅഹുല്ലാഹു ഇലൈഹി***' എന്ന മേൽ വിശദീകരിച്ച ആയത്ത് ഇവിടെ പരാമർശിക്കപ്പെട്ട ആയത്തിനു ള്ള മറുപടിയെന്നോണമാണ്. അല്ലയോ ഈസാ ഞാൻ നിനക്ക് മരണം നൽകി എന്നിലേക്ക് ഉയർത്തും എന്നാണ് അല്ലാഹു വാഗ്ദാനം ചെയ്യുന്നത്. **റഫഅഹുല്ലാഹി ഇ ലൈഹി** എന്ന ആയത്തിൽ അല്ലാഹു ഈ വാഗ്ദാനം പൂ ർത്തീകരിച്ചതായി സൂചിപ്പിക്കുന്നു. അതായത് നാം വാഗ്ദാനപ്രകാരം മസീഹിനെ തന്നിലേക്ക് ഉയർത്തി.

ഇതിനു പുറമെ ഇനിയും അനേകം ആയത്തുകളും ഹദീസുകളും നാം കൊടുക്കുന്ന അർത്ഥത്തെ പിന്തുണയ്ക്കുന്നുണ്ട്. ഉദാഹരണമായി, അല്ലാഹു പറയുന്നു.

إِلَيْهِ يَصْعَدُ الْكَلِمُ الطَّيِّبُ وَالْعَمَلُ الصَّالِحُ يَرْفَعُهُ

അതായത്, അല്ലാഹുവിങ്കലേക്ക് തന്നെയാണ് സദ്വചനങ്ങൾ ഉയരുന്നത്. സത്കർമങ്ങൾ തന്നെയാണ് മനുഷ്യന്റെ ഉയർച്ചയ്ക്ക് കാരണമമായിത്തീരുന്നത്. (35:11)

ഈ ആയത്തിൽ അല്ലാഹു പറയുന്നു, എല്ലാ ഓരോ മനുഷ്യനും അവന്റെ സത്കർമ്മങ്ങൾ കാരണം അല്ലാഹുവിങ്കലേക്ക് ഉയർച്ച ലഭിക്കുന്നു. എല്ലാ സദ്വൃത്തരും ജീവനോടെ ആകാശത്തിലേക്ക് കയറുന്നു എന്നാണോ ഇതുകൊണ്ടുള്ള വിവക്ഷ?

അല്ലാഹുവിലേക്ക് പോവുക എന്നതിന്റെ അർത്ഥം ഹദ്റത്ത് ഇബ്രാഹിം(അ)ന്റെ ഈ വാക്കുകളിൽ നിന്നു വ്യക്തമാകുന്നു.

إِنِّي ذَاهِبٌ إِلَى رَبِّي

അതായത് ഞാൻ എന്റെ റബ്ബിലേക്ക് പോകുന്നവനാകു

ന്നു. (37:100)

താഴെ ചേർക്കുന്ന ഖുർആനിക ആയത്തിനെക്കുറിച്ച് എല്ലാ മുസ്‌ലിങ്ങളും അറിവുള്ളവരാണ്.

إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ

അതായത് ഞങ്ങൾ അല്ലാഹുവിൽ നിന്നുള്ളവരാണ്. അല്ലാഹുവിങ്കലേക്ക് തന്നെയാണ് ഞങ്ങളുടെ മടക്കവും. (2:157) ഇവിടെ അല്ലാഹുവിങ്കലേക്ക് പോവുക എന്നതു കൊണ്ടുള്ള വിവക്ഷ നമ്മളെല്ലാം ജീവനോടെ ആകാശത്തി ലേക്ക് കരേറുമെന്നാണോ?

***ലാഹൗലവലാഖുവ്വത്തഇല്ലാബില്ലാഹ്!***

നബിതിരുമേനി(സ)തന്റെ പിതൃവ്യനെ സംബോധന ചെയ്തുകൊണ്ട് പറയുന്നു.

رَفَعكَ اللّٰهُ يَا عَمّ

അതായത്, ഓ പിതൃവ്യാ, അല്ലാഹു താങ്കളെ ഉയർത്തട്ടെ, (കൻസുൽ ഉമ്മാൽ) ഈ ഹദീസിൽ നബി(സ) തന്റെ പി തൃവ്യന് റഫഅ ഉണ്ടാകാൻ ദുആ ചെയ്യുന്നു. ഇതിൽ നി ന്ന് വ്യക്തമാകുന്നത് റഫഅ കൊണ്ടുള്ള ഉദ്ദേശ്യം ആത്മീ യമായ ഉയർച്ചയാണെന്നാണ്. അല്ലാതെ ശാരീരികമായ ഉയർച്ചയല്ല. കാരണം ഹദ്റത്ത് അബ്ബാസ്(റ)നെ ശാരീരി കമായി ഉയർത്തിയിട്ടില്ല ഒരിക്കലും.

നബി(സ) നമസ്കാരത്തിൽ ഇങ്ങനെ ദുആ ചെയ്യാൻ ന മ്മെ പഠിപ്പിച്ചു.

اَللّٰهُمَّ ارْحَمْنِىْ وَاهْدِنِىْ وَارْزُقْنِىْ وَرْفَعْنِىْ

അതായത് അല്ലാഹുവേ, എന്നിൽ കരുണ ചൊരിയ ണേണമേ, എനിക്ക് സൻമാർഗം നൽകേണമേ, എനിക്ക് ആഹാരം നൽകേണമേ, എന്നെ ഉയർത്തേണമേ

നബി(സ) സ്വയവും ഈ ദുആ ചെയ്യാറുണ്ടായിരുന്നു.

ഇവിടെ റഫഅ കൊണ്ടുള്ള വിവക്ഷ ശാരീരികമായ ഉയർച്ച യാണെങ്കിൽ നമുക്ക് മുന്നിൽ വലിയൊരു പ്രശ്നമുണ്ട്. അതായത് നബി(സ) ജീവിതം മുഴുവൻ 'റഫഅ്' ന് വേണ്ടി ദുആ ചെയ്തെങ്കിലും അവിടുത്തെ ദുആ സ്വീകരിക്കപ്പെ ട്ടില്ല. നബി(സ)നെ ശരീരത്തോടുകൂടി ഉയർത്തിയിട്ടുമില്ല. നഊദുബില്ലാഹി മിൻഹാദിഹിൽ ഹഫ്വാത്ത്

വിശുദ്ധ ഖുർആന്റെ സുപ്രസിദ്ധവും പ്രാമാണ്യ യോഗ്യ വുമായ നിഘണ്ടു *മുഫ്റദാത്ത് റാഗിബിൽ* **റഫഅഹുല്ലാഹു ഇലൈഹി** എന്നതിന്റെ അർത്ഥം ഇങ്ങനെ എഴുതിയിരി ക്കുന്നു.

رَفَعَهُ مِنْ حَيْثُ التَّشْرِيْفِ

അതായത് ഇമാംറാഗിബ് പറയുന്നു; ഈ ആയത്തു കൊണ്ടുള്ള വിവക്ഷ അല്ലാഹു, മസീഹിന്റെ സ്ഥാനം ഉയ ർത്തി എന്നാണ്.

സുപ്രസിദ്ധ അറബി നിഘണ്ടു ലിസാനുൽ അറബിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. റാഫിഅ് എന്നത് അല്ലാഹു വിന്റെ ഒരു നാമമാണ്. അതുകൊണ്ട്

هُوَ الَّذِىْ يَرْفَعُ الْمُؤْمِنَ بِا لْاِسْعَادِ وَاَوْلِيَائَهٗ بِالتَّقَرُّبِ

അവൻ വിശ്വാസികളെ സുകൃതം കൊണ്ടും ഔലിയാ ക്കളെ സാമിപ്യം മുഖേനയും തന്നിലേക്ക് ഉയർത്തുന്നു.

ചുരുക്കത്തിൽ ദൈവിക വചനത്തിലും നബിമാരുടെ സാങ്കേ തിക ശബ്ദത്തിലും റഫഅ് കൊണ്ടുള്ള വിവക്ഷ ആത്മീ യമായ ഉയർച്ചയാണ്. ശരീരത്തോടുകൂടിയ ഉയർച്ചയല്ല. അതുകൊണ്ടു തന്നെ ഞങ്ങൾ ഉച്ചൈസ്തരം പ്രഖ്യാപിക്കു ന്നു. അല്ലാഹുവിന്റെ കലാമിൽ ദാസനെ സംബന്ധിച്ച് റഫ അ് എന്ന പദം ഉപയോഗിക്കുമ്പോൾ അതിന് ആത്മീയമാ യ ഉയർച്ച എന്നല്ലാതെ മറ്റൊരർത്ഥവും കിട്ടുകയില്ല. ഇവിടെ മറ്റൊരു കാര്യം കൂടി ഓർക്കേണ്ടതുണ്ട് അതായത് ആത്മീയ മായ ഉയർച്ചയിൽ ഈസാനബിയ്ക്ക് മാത്രമായി യാതൊ

രു സവിശേഷതയും ഇല്ല. മറിച്ച് എല്ലാ സത്കർമ്മകാരികളും അല്ലാഹുവിങ്കലേക്ക് ആണ് ഉയരുന്നത്, ഉയർന്നത്, ഉയരാനുള്ളത്.

## മാ സ്വലബൂഹു ശുബ്ബിഹലഹൂം
## വിവക്ഷയും കുരിശു സംഭവവും

അടുത്ത വിഷയം ആരംഭിക്കുന്നതിനു മുമ്പേ **മാസ്വലബൂഹൂ** എന്നതിന്റെ വിശദീകരണവും കുരിശു സംഭവവും ഒരു അനുബന്ധ കുറിപ്പായി ചേർക്കേണ്ടത് അനിവാര്യമാണ്. ഹദ്റത്ത് ഈസാനബി(അ)നെ കുരിശിലേറ്റിയെങ്കിലും കുരിശിൽ മരിച്ചിരുന്നില്ല എന്ന് മുകളിൽ എഴുതിയിട്ടുണ്ടായിരുന്നു. പക്ഷെ നമ്മുടെ എതിരാളികളായ മൗലവിമാരുടെ വിശ്വാസം ഹദ്റത്ത് മസീഹ്(അ)നെ കുരിശിൽ കയറ്റിയിട്ടേ ഇല്ല എന്നും മറിച്ച് അദ്ദേഹത്തിന്റെ സ്ഥാനത്ത് മറ്റൊരളെയാണ് കുരിശിലേറ്റിയതെന്നും അയാൾക്ക് ഈസാനബിയുമായി പരിപൂർണ്ണസാദൃശ്യം ഉണ്ടായിരുന്നുവെന്നും അല്ലാഹു നേരിട്ട് ഈസാനബിയെ ആകാശത്തേക്ക് ഉയർത്തി എന്നുമാണ്. ഈ തർക്കത്തിന് ഈസാനബിയുടെ ജനനമരണവുമായി യാതൊരു ബന്ധവുമില്ല. അദ്ദേഹത്തെ കുരിശിൽ കയറ്റിയോ ഇല്ലയോ എന്നതും നമുക്ക് വിഷയമല്ല. അദ്ദേഹത്തെ ആകാശത്തേക്ക് കയറ്റിയോ ഇല്ലയോ എന്നതു മാത്രമാണ് നമ്മുടെ വിഷയം. പക്ഷെ ചില മൗലവിമാർ നിരർഥകമായി ഈ തർക്കത്തെ ഇടയിലേക്ക് കൊണ്ടുവരുന്നതു കൊണ്ട് അതേക്കുറിച്ച് എഴുതുന്നത് പ്രയോജനപ്പെടാതിരിക്കില്ല.

**സ്വലബ** എന്നതിന്റെ അർത്ഥം മനസ്സിലാക്കുന്നതിൽ നമ്മുടെ മൗലവിമാർക്ക് ചതിവുപറ്റിയെന്നതാണ് വാസ്തവം. അവർ അതിന്റെ അർത്ഥം കുരിശിൽ കയറ്റുക എന്ന് മാത്രമാണ് കൊടുക്കുന്നത്. എന്നാൽ അത് ശരിയല്ല. നിഘണ്ടുക്കളിൽ എഴുതിയിരിക്കുന്നു: **അസ്സ്വലീബു –അൽഖത്തലത്തുൽ മഅ്റൂഫ**;(ലിസാനുൽ അറബ്, താജുൽ ഉറൂ

സ്) അതായത് ക്രൂശിക്കുക എന്നതിന്റെ അർത്ഥം അറിയപ്പെടുന്ന രീതിയിൽ കൊല്ലുക എന്നാണ്. അതായത് ഒരു വ്യക്തിയെ കുരിശിൽ തറച്ച് കൊല്ലുക.

'സ്വലീബ്' എന്ന പദത്തിന്റെ ധാതുവിൽ കൊല്ലുക എന്ന അർത്ഥം ഉണ്ട്. **സ്വലബ സ്വലീബുൻ** എന്നതിന്റെ യഥാർത്ഥ അർത്ഥം എല്ലിന്റെ മജ്ജ എന്നാണ്.(ലിസാനുൽ അറബ്, താജുൽ ഉറൂസ്, അഖ്റബുൽ മവാരിദ്) അതുകൊണ്ടു തന്നെ ആരെയെങ്കിലും അയാളുടെ ശരീരത്തിൽ നിന്ന് എല്ലുകളിലെ മജ്ജ പുറത്തേക്കൊഴുക്കി കൊല്ലുന്നതിനെയാണ് **സ്വലബ** എന്ന് പറയുന്നത്. ഇതു തന്നെയാണ് കുരിശു മരണവും. കുരിശിന്റെ മരത്തിൽ കുറ്റവാളിയെ ആണിയടിച്ച് തൂക്കിയിടുന്നു. അവിടെ വിശപ്പും ക്ഷീണവും കൊണ്ട് ആ തൂങ്ങിയ അവസ്ഥയിൽ തന്നെ അയാൾ മരിക്കുകയും ശരീരം ചീയുകയും ചെയ്യുന്നു. ഇതാണ് ക്രൂശീകരണത്തിന്റെ രീതി. അതുകൊണ്ടു തന്നെ **മാസ്വലബൂഹു** എന്നതിന്റെ അർത്ഥം, അവർ അദ്ദേഹത്തെ കുരിശിൽ തറച്ചതുപോലുമില്ല എന്നു കൊടുക്കുന്നത് തികച്ചും തെറ്റാണ്. **സ്വലബൂഹു** എന്നതിന്റെ അർത്ഥം കുരിശിൽ തറച്ച് കൊല്ലുക എന്നാണ്.

നമ്മുടെ എതിരാളികൾ ചിലപ്പോൾ പറയുന്നത് ഈ അർത്ഥം ശരിയാണെങ്കിൽ ആയത്തിൽ **മാഖത്തലൂഹു** എന്ന് അധികം ചേർക്കേണ്ട കാര്യമെന്തായിരുന്നു എന്നും **മാസ്വലബൂഹൂ** എന്ന് മാത്രം മതിയായിരുന്നു എന്നുമാണ്. എന്നാൽ ഈ ആക്ഷേപവും ചരിത്രപരമായ അറിവില്ലായ്മയിൽ നിന്ന് ഉടലെടുത്തതാണ്. തങ്ങൾ മസീഹിനെ കുരിശിൽ കയറ്റിക്കൊന്നിരിക്കുന്നു എന്നാണ് യഹൂദികളുടെ വാദമെന്നും എന്നാൽ യഹൂദികൾക്ക് അദ്ദേഹത്തെ കൊല്ലാനേ കഴിഞ്ഞില്ലെന്നും കുരിശിൽ കയറ്റുക പോലും ചെയ്തില്ലെന്നുമാണ് അല്ലാഹു മറുപടി നൽകിയിരിക്കുന്നതെന്ന് ആക്ഷേപകർ മനസ്സിലാക്കി വെച്ചിരിക്കുന്നു. എന്നാൽ ഇത് തെറ്റാണ്. യഹൂദികളിൽ ഈ വിശ്വാസത്തെ സംബന്ധിച്ചി

ടത്തോളം രണ്ട് വിഭാഗങ്ങളുണ്ട്. അവരിൽ ഒരു വിഭാഗം പറയുന്നത് തങ്ങൾ മസീഹിനെ കൊന്നുവെന്നും പിന്നെ നിന്ദിക്കുവാൻ അദ്ദേഹത്തിന്റെ ശരീരം കുരിശിൽ തൂക്കിയിട്ടു എന്നുമാണ്. കാരണം കുറ്റവാളിയുടെ മൃതശരീരം ദൃഷ്ടാന്തമെന്ന നിലയ്ക്ക് ഉയർന്ന സ്ഥലങ്ങളിൽ തൂക്കിയിടുന്ന സമ്പ്രദായം അവർക്കുണ്ടായിരുന്നു. അവരിലെ രണ്ടാമത്തെ വിഭാഗം പറയുന്നത് തങ്ങൾ മസീഹിനെ കുരിശിൽ തറച്ച് കൊന്നുവെന്നും കുരിശിൽ തന്നെ അദ്ദേഹം ജീവൻ വെടിഞ്ഞുവെന്നുമാണ്. ഇതിനെ രണ്ടിനേയും നിരാകരിച്ചു കൊണ്ട് അല്ലാഹു പറയുന്നു: യഹൂദികൾക്ക് മസീഹിനെ കൊല്ലാനോ കുരിശിൽ തറച്ച് കൊല്ലാനോ കഴിഞ്ഞില്ല.

വിശുദ്ധ ഖുർആനിൽ യഹൂദികളിലെ രണ്ട് വിഭാഗങ്ങളുടെയും വാദഗതിയെ സംബന്ധിച്ച് പറഞ്ഞിടത്ത് **ഖത്തൽ** എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. **ഖത്തൽ** എന്ന പദം പൊതുവായ അർത്ഥത്തിൽ വരുന്നതാണ്. അതിന്റെ അർത്ഥം എങ്ങനെയെങ്കിലും കൊല്ലുക എന്നോ അല്ലെങ്കിൽ പ്രത്യേകമായി വാളുകൊണ്ടോ മറ്റോ കൊല്ലുക എന്നും ആണ് (ലിസാനുൽഅറബ്, താജുൽ ഉറൂസ്) യഹൂദികളുടെ വാദത്തെ സംബന്ധിച്ച് പറഞ്ഞപ്പോൾ **ഖത്തൽ** എന്ന പദം പൊതുവായ അർത്ഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്. ഏതു തരത്തിൽ കൊല്ലുന്നതിനും ഈ പദം ഉപയോഗിക്കും. എന്നാൽ മറുപടി പറയുമ്പോൾ വ്യക്തത അനിവാര്യമായതു കൊണ്ട് ഖത്തലിന് പകരം **സ്വലബ** എന്ന പദം ഉപയോഗിച്ചുകൊണ്ട് വധത്തിന്റെ പ്രത്യേക വിവക്ഷയേയും നിജപ്പെടുത്തിക്കൊണ്ട് രണ്ട് വാദഗതികളേയും നിരാകരിക്കുകയാണ് ചെയ്യുന്നത്.

അല്ലാഹു മസീഹിനോട് **കഫഫ്തു ബനീ ഇസ്റായീല അൻക** നാം നിന്നെ ബനീ ഇസ്റായീലിന്റെ ഉപദ്രവങ്ങളിൽ നിന്ന് സംരക്ഷിച്ചു എന്നു പറഞ്ഞത് യഹൂദികൾക്ക് മസീഹിനെ കുരിശിൽ തറയ്ക്കാൻ പോലും കഴിഞ്ഞില്ലെന്നതിനാണെന്ന ആക്ഷേപവും വളരെ ദുർബലമാണ്. അതാകട്ടെ ചിന്താശൂന്യതയിൽ നിന്നാണ് ഉടലെടുത്തിരിക്കുന്നത്.

**കഫഫ്തു ബനീ ഇസ്റായീല അൻക** എന്നതിന്റെ അർത്ഥം അല്ലാഹു മസീഹിനെ അവരുടെ ഉപദ്രവത്തിൽ നിന്ന് രക്ഷിച്ചു എന്ന് മാത്രമാണ്. അതായത് യഹൂദികൾ അദ്ദേഹത്തെ കുരിശിലേറ്റി കൊല്ലാൻ ആഗ്രഹിച്ചെങ്കിലും അവരതിൽ പരാജയപ്പെട്ടു. ഇതിൽ നിന്ന്, യഹൂദികൾക്ക് അദ്ദേഹത്തെ നിസ്സാരമായിപ്പോലും ബുദ്ധിമുട്ടിക്കാൻ കഴിയുന്നതല്ല എന്ന് വിവക്ഷിക്കുന്നത് വിഡ്ഢിത്തമാണ്. ഈ അർത്ഥ കൽപനയ്ക്ക് പദങ്ങൾ അനുവാദം നൽകുന്നില്ല. ചരിത്രത്തിൽ നിന്ന് അതിനുള്ള സാക്ഷ്യവും ലഭിക്കുന്നില്ല.

നമ്മുടെ നബി(സ)ന് **വല്ലാഹു യഅ്സിമുക്ക മിനന്നാസി** നിന്നെ ജനങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതാണ് എന്ന ദൈവിക വാഗ്ദാനം ഉണ്ടായിരുന്നു. എന്നിട്ടും ശത്രുക്കളുടെ കൈകൊണ്ട് തിരുമേനിയ്ക്ക് ഒരുപാട് ബുദ്ധിമുട്ടുകൾ ഏൽക്കേണ്ടി വന്നു. തിരുനബിയുടെ വാക്കുകളിൽ പറയുകയാണെങ്കിൽ ഇത്രമാത്രം ബുദ്ധിമുട്ടുകൾ മറ്റൊരു നബിയ്ക്കും സഹിക്കേണ്ടിവന്നിട്ടില്ല. അവിടുത്തെ രണ്ട് പല്ലുകൾ ഒരു യുദ്ധത്തിൽ പൊട്ടിക്കുകയുണ്ടായി. താഇഫ്, ഉഹദ് സന്ദർഭങ്ങളിൽ പരുക്കേറ്റു. മറ്റു പല പ്രകാരത്തിലും ഉപദ്രവങ്ങൾ ഏൽപ്പിച്ചു. അല്ലാഹുവിന്റെ വാഗ്ദാനം തെറ്റായിരുന്നോ? ഒരിക്കലുമല്ല. അതുപോലെ **കഫഫ്ത്തു ബനീ ഇസ്റായീല അൻക** എന്നതിന്റെ അർത്ഥവും യഹൂദികളുടെ ഉപദ്രവങ്ങളിൽ നിന്ന് മസീഹിനെ സംരക്ഷിച്ചു എന്ന് മാത്രമാണ്. അദ്ദേഹത്തെ കുരിശിലേറ്റിക്കൊന്നു കൊണ്ട് നഊദുബില്ലാഹ് ഒരു ശാപഗ്രസ്തമരണം സ്ഥാപിക്കാനുള്ള അവരുടെ ഉദ്ദേശ്യത്തെ പരാജയപ്പെടുത്തി. കാരണം തൗറാത്തിൽ എഴുതിയിരിക്കുന്നു; കള്ള പ്രവാചകൻ കൊല്ലപ്പെടുന്നതാണ്. അവൻ കുരിശിൽ തൂങ്ങി മരിക്കുന്നതാണ്. ദൈവത്താൽ ശാപഗ്രസ്തനാണെന്നും എഴുതിയിട്ടുണ്ട്.

മസീഹിനെ തീർച്ചയായും കുരിശിൽ തറച്ചു എന്ന കാര്യത്തിൽ യഹൂദികളുടെയും ക്രിസ്ത്യാനികളുടെയും ഏകോപിച്ച സാക്ഷ്യങ്ങൾ ഉണ്ട്. ഈ രണ്ട് സമൂഹങ്ങളാണ് ഇക്കാ

ര്യത്തിലെ യഥാർത്ഥ ദൃക്സാക്ഷികൾ. മസീഹ് കുരിശിൽ മരിച്ചോ ഇല്ലയോ എന്നതിന്റെ തീരുമാനം വിശുദ്ധ ഖുർആന്റെ വ്യക്തമായ സാക്ഷ്യത്തിലുണ്ട്. അദ്ദേഹം അവിടെ മരിച്ചില്ല. ഇഞ്ചീലിന്റെ അതിസൂക്ഷമമായ പഠനത്തിൽ നിന്നും യേശു കുരിശിൽ മരിച്ചില്ലെന്ന് തെളിയുന്നു. അതിന്റെ വിശദീകരണത്തിലേക്ക് പോകുന്നില്ല. ചുരുക്കത്തിൽ ഇത്ര മാത്രം ഓർക്കാവുന്നതാണ്.

1. മസീഹ്, കുരിശിൽ മൂന്ന് നാല് മണിക്കൂർ മാത്രമാണ് കിടന്നത്. ഇത് സാധാരണ അവസ്ഥയിൽ ഒരു ആരോഗ്യവാനായ യുവാവിന് മരിക്കാൻ മതിയായ സമയമല്ല.

2. കുരിശിൽ നിന്നിറക്കിയ ശേഷം സാധാരണ രീതിയനുസരിച്ച് അദ്ദേഹത്തിന്റെ എല്ലുകൾ ഒടിച്ചില്ല. പക്ഷെ അദ്ദേഹത്തിന്റെ കൂടെ കുരിശിലേറ്റപ്പെട്ട രണ്ട് കുറ്റവാളികളുടെയും എല്ലുകൾ ഒടിച്ചു.

3. ആ സമയത്ത് ഭൂമിയിൽ ശക്തമായ അന്ധകാരം വ്യാപിക്കുകയും ഭയാനകമായ ഭൂകമ്പം ഉണ്ടാവുകയും ചെയ്തു.

4. മസീഹ്, നിരപരാധിയാണെന്നും അദ്ദേഹത്തെ വിട്ടയക്കണമെന്നും റോമൻ ന്യായാധിപനായ പിലാത്തോസിന്റെ ഭാര്യ കണ്ട സ്വപ്നം.

5. അടുത്ത ദിവസം സബത്തിന്റെ ദിവസമായിരുന്നു. ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിൽ അന്ന് ഒരു കുറ്റവാളിയും കുരിശിൽ കിടക്കാൻ പാടില്ലായിരുന്നു.

6. മസീഹിനെ വിട്ടയക്കാനുള്ള പിലാത്തോസിന്റെ ആഗ്രഹം.

7. പാനപാത്രം നീങ്ങിക്കിട്ടുന്നതിനു വേണ്ടി യേശു സ്വയം, വളരെ വിനയാന്വിതനായും ആർദ്രമായും ദൈവസമക്ഷം ചെയ്യുന്ന പ്രാർഥനകൾ.

8. യേശുവിന്റെ മരണത്തെക്കുറിച്ച് പിലാത്തോസിന്റെ സംശയം.

9. മസീഹ് തനിക്ക് യൂനുസ് നബിയോട് സാദൃശ്യമുണ്ടെന്ന് പ്രഖ്യാപിക്കുന്നു. അദ്ദേഹം മൂന്ന് ദിവസം മത്സ്യത്തിന്റെ

വയറ്റിൽ ജീവനോടെ ഇരുന്ന് ജീവനോടെ പുറത്തേക്ക് വന്നു.

10. സുഹൃത്തുക്കളും സഹാനുഭൂതിയുള്ളവരും അദ്ദേഹത്തെ എങ്ങിനെയെങ്കിലും രക്ഷിക്കാൻ പരിശ്രമിക്കുന്നു.

11. കുരിശിൽ നിന്നിറക്കിയ ശേഷം അദ്ദേഹത്തിന്റെ ശരീരം സർക്കാരിൽ നിന്ന് ആവശ്യപ്പെടുന്നു, കാറ്റ് കടക്കുന്ന ഗുഹ പോലുള്ള ഒരു കല്ലറയിൽ വയ്ക്കുന്നു.

12. അദ്ദേഹത്തിന്റെ ശരീരത്തിൽ കുന്തം കൊണ്ട് കുത്തിയപ്പോൾ രക്തം വരുന്നു.

13. മസീഹിനെക്കുറിച്ച് രഹസ്യം വെളിപ്പെടുത്താതിരിക്കാൻ കാവൽക്കാർക്ക് കൈക്കൂലി കൊടുക്കുന്നു.

14. കുരിശു സംഭവത്തിനു ശേഷം രഹസ്യമായി അദ്ദേഹം കല്ലറയിൽ നിന്ന് പുറത്തേക്ക് വരുന്നു, ചില ശിഷ്യൻമാരെ കാണുന്നു, അവർക്ക് തന്റെ മുറിവുകൾ കാണിക്കുന്നു.......

15. നൂറ്റാണ്ടുകളായി വൈദ്യഗ്രന്ഥങ്ങളിൽ മർഹമെ ഈസ എന്ന് പ്രസിദ്ധമായ മരുന്ന്. അത് അദ്ദേഹത്തിന്റെ മുറിവുകളിൽ പുരട്ടുന്നു.

16. താൻ ബനീ ഇസ്റായീലിലെ കാണാതെ പോയ ആടുകളുടെ ഇടയിലേക്കാണ് അയക്കപ്പെട്ടതെന്ന മസീഹിന്റെ വാക്കുകൾ. അതുകൊണ്ട് ബനീ ഇസ്റായീലിലെ ഒരുപാട് ഗോത്രങ്ങൾ വസിച്ചിരുന്ന അഫ്ഗാനിസ്ഥാൻ, കാശ്മീർ എന്നീവിടങ്ങളിലേക്ക് പോകേണ്ട അനിവാര്യത മുതലായവ....

ഈ എല്ലാ കാര്യങ്ങളും വ്യക്തമായും പറഞ്ഞു തരുന്നത് ഇഞ്ചീലിന്റെ അടിസ്ഥാനത്തിലും ഈസാനബി കുരിശിൽ മരിച്ചുവെന്ന് തെളിയിക്കാൻ സാധ്യമല്ലെന്നാണ്. മുറിവുകളുടെ കഠിനമായ പ്രയാസങ്ങൾ നിമിത്തം ഒരു നീണ്ട അബോധാവസ്ഥയിൽ ആയിരുന്നു അദ്ദേഹം. എന്നാൽ നല്ലവണ്ണം ശുശ്രൂഷിച്ചപ്പോൾ ആരോഗ്യവാനായിത്തീർന്നു. രാജ്യത്തു നിന്ന് കാണാതെ പോയ ബനീ ഇസ്റായീൽ ആടുകളേയും തേടി അദ്ദേഹം അതീവ രഹസ്യമായി മറ്റൊരു രാജ്യത്തേക്ക് പലായനം ചെയ്തു.

ചർച്ച ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്ന ആയത്തിൽ **ശുബ്ബിഹ ലഹും** എന്നുള്ള പ്രയോഗത്തിന് മസീഹിനോട് സാദൃശ്യമുള്ള മറ്റൊരാളാണെന്ന് അർത്ഥം കൊടുക്കുന്നത് തെറ്റാണ്. മാത്രമല്ല അപഹാസ്യവുമാണ്. ഒന്നാമതായി ഒരാൾക്ക് പകരം മറ്റൊരു നിരപരാധിയെ കുരിശിലേറ്റുക എന്നത് തികച്ചും അക്രമമാണ്. രണ്ടാമതായി ഈ വാക്കുകളിൽ യാതൊരു നിയമത്തിന്റെ അടിസ്ഥാനത്തിലും മസീഹിന് സദൃശ്യനായി മറ്റൊരാൾ വന്നുവെന്ന അർത്ഥവും ശരിയല്ല. കാരണം **'ശുബ്ബിഹ'*** എന്ന പദം ഭൂതകാല കർമണി പ്രയോഗമാണ്. അതിൽ ഏകവചന സർവനാമം മറഞ്ഞിരിക്കുന്നു. ഈ വാക്കിന്റെ അർത്ഥം സദൃശീകരിക്കപ്പെട്ടു എന്നാണെന്ന് നമ്മുടെ എതിരാളികളും അംഗീകരിക്കുന്നുണ്ട്. പക്ഷെ ആരാണ് സദൃശീകരിക്കപ്പെട്ടത്? ആരെപ്പോലെയാണ് സദൃശീകരിക്കപ്പെട്ടത്? എന്നതാണ് പ്രശ്നം. നമ്മുടെ എതിരാളികളായ മൗലവിമാർ ഈ സന്ദർഭത്തിൽ പുറത്തു നിന്നൊരാളെ ഇടയിലേക്ക് കൊണ്ടു വരുന്നു. അയാളാണ് മസീഹിനെപ്പോലെ സദൃശീകരിക്കപ്പെട്ടത്. എന്നാൽ പുറത്തു നിന്ന് ഉള്ള ഒരാളെക്കുറിച്ച് ഈ ആയത്തിന്റെ സമീപത്തൊന്നും യാതൊരു പരാമർശവുമില്ല. അതുകൊണ്ടു തന്നെ എന്ത് സദൃശീകരിക്കപ്പെട്ടു, എന്തിന് സദൃശീകരിക്കപ്പെട്ടു, എന്നതിനെപ്പറ്റി രണ്ടും ഈ ആയത്തിനുള്ളിൽ അതല്ലെങ്കിൽ അതിന്റെ സമീപം പരാമർശം വേണ്ടതാണ്. പുറത്തു നിന്നൊരു സംഗതി തങ്ങളുടെ ഭാഗത്തു നിന്ന് ഖുർആന്റെ ഉള്ളിലേക്ക് കയറ്റാൻ ആർക്കും അധികാരമില്ല. ഇത് യഹൂദികൾ ചെയ്യുന്നത് പോലുള്ള കൈകടത്തലാണ്. ആയ

---

*അറബിഭാഷാ ശൈലി പ്രകാരം ശുബ്ബിഹ (അദ്ദേഹം സദൃശീകരിക്കപ്പെട്ടു) യിൽ സർവ്വനാമം ഇല്ലെന്ന് അംഗീകരിച്ചാൽ ലഹും(അവർക്ക്) എന്നതിനെ പ്രതികർത്താവായി അംഗീകരിക്കേണ്ടതാണ്. ഇങ്ങനെ വരുമ്പോൾ വലാകിൻ ശുബ്ബിഹ ലഹും എന്നതിന്റെ അർത്ഥം യഹൂദികൾക്ക് സംഗതി സദൃശീകരിക്കപ്പെട്ടു(അവ്യക്തമാക്കപ്പെട്ടു) എന്നാകും. ഈ അർത്ഥവും അറബി ശൈലി അനുസരിച്ച് തികച്ചും ശരിയാണ്.

ത്തിൽ മസീഹിനെക്കുറിച്ച് മാത്രമാണ് പരാമർശം. അഥവാ യഹൂദികൾ മസീഹിനെ കൊന്നുവെന്നും ക്രൂശിച്ചുവെന്നുമാണ് പറയുന്നത്. അതുകൊണ്ടു തന്നെ ഇവരിൽ ഒരാളാണ് സദൃശീകരിക്കപ്പെട്ടത്. അല്ലെങ്കിൽ ഇവരുടെ ആരുടെയെങ്കിലുമാണ് സാദൃശ്യം ഉണ്ടായത്. ഇനി ചിന്തിക്കുക. ആയത്തിന്റെ അർത്ഥം എങ്ങനെയാണ് സുവ്യക്തമാകുന്നതെന്ന്. '**വമാഖത്തലൂഹൂ വമാസ്വലബുഹൂ വലാകിൻ ശുബ്ബിഹലഹും**' അതായത് യഹൂദികൾക്ക് മസീഹിനെ കൊല്ലാനോ ക്രൂശിക്കാനോ കഴിഞ്ഞില്ല. പക്ഷെ മസീഹ് അവരുടെ ദൃഷ്ടിയിൽ വധിക്കപ്പെട്ടവനെപ്പോലെയും കുരിശിൽ മരിച്ചവനെപ്പോലെയും സദൃശീകരിക്കപ്പെട്ടു. ഇതാണ് ഞങ്ങൾ നേരത്തെ പറഞ്ഞു വന്നത്. അതായത് യഹൂദികൾക്ക് മസീഹിന്റെ കാര്യത്തിൽ ചതിവുപറ്റി. ജനങ്ങൾ വിചാരിച്ചത് ഈസാനബി കുരിശിൽ മരിച്ചുവെന്നാണ്. എന്നാൽ അദ്ദേഹത്തിന് അബോധാവസ്ഥ ഉണ്ടായതേയുള്ളൂ. അത് പിന്നീട് മാറുകയും ചെയ്തു. ശുശ്രൂഷക്ക് അനുസൃതമായി അദ്ദേഹം ആരോഗ്യവാനായി. മസീഹിനെ യഹൂദികളുടെ ഉപദ്രവത്തിൽ നിന്ന് രക്ഷിക്കുന്നതിന് വേണ്ടി അല്ലാഹു പ്രയോഗിച്ച ഉപായമാണ് അവരുടെ കണ്ണുകളിൽ അദ്ദേഹം കുരിശിൽ മരിച്ചവനെപ്പോലെ തോന്നി എന്നതെന്ന് അല്ലാഹു പറയുന്നു. അവർ ചിന്തിക്കുകയും ഊഹങ്ങളെ മാത്രം പിന്തുടരാതിരിക്കുകയും കാര്യങ്ങളുടെ നിജസ്ഥിതി അന്വേഷിക്കുകയും ചെയ്താൽ അവർക്ക് മസീഹിനെ കുരിശിൽ കൊല്ലാൻ കഴിഞ്ഞില്ലെന്ന് വ്യക്തമാകുന്നതാണ്. മറിച്ച് '**കഫ്ഫല്ലാഹു അൻഹുബനീ ഇസ്റായീൽ**' (അല്ലാഹു ബനീ ഇസ്റായീലിൽ നിന്ന് അദ്ദേഹത്തെ സംരക്ഷിച്ചു.)

ഈസാനബിയെ കുരിശിലേറ്റിയെങ്കിലും അവിടെ അദ്ദേഹം മരിച്ചില്ലെന്ന കാര്യം സുവ്യക്തമായി. മറിച്ച് അല്ലാഹു അദ്ദേഹത്തെ യഹൂദികളുടെ കുതന്ത്രങ്ങളിൽ നിന്ന് സംരക്ഷിക്കുകയാണ് ചെയ്തത്. മസീഹ് ഇതിനുശേഷം എവിടേക്ക് പോയി എന്ന ചിന്ത സ്വഭാവികമായും ഉയരു

ന്നതാണ്. ഇക്കാര്യത്തെക്കുറിച്ച് ഖുർആൻ നിശബ്ദത പ ാലിക്കുന്നുവെന്ന് ഒരുപക്ഷെ വായനക്കാർ കരുതിയിരി ക്കും. എന്നാൽ അങ്ങനെയല്ല. അതൊരു സംഗതി എടു ക്കുമ്പോൾ അതിന്റെ എല്ലാ വശത്തേക്കും വെളിച്ചം വീശാറുണ്ട്. ഇക്കാര്യത്തെക്കുറിച്ചും അത് മൗനം ദീക്ഷി ക്കുന്നില്ല. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

وَجَعَلْنَا ابْنَ مَرْيَمَ وَأُمَّهُ آيَةً وَّ اٰوَيْنٰهُمَآ اِلٰى رَبْوَةٍ ذَاتِ قَرَارٍ وَّمَعِيْنٍ۝

അതായത് നാം മസീഹിനെയും അദ്ദേഹത്തിന്റെ മാതാവി നെയും ദൃഷ്ടാന്തമാക്കിയിരിക്കുന്നു. അവർ രണ്ടു പേർക്കും നാം ഉയർന്നതും ജലസമൃദ്ധവുമായ സ്ഥലത്ത് അഭയം ന ൽകി. (23:51)

ഈ ആയത്തിൽ '**ആവാ**' അഥവാ അഭയം എന്ന പദം ഉപയോഗിച്ചിരിക്കുന്നു. അത് ഈ സംഗതി കുരിശുസംഭവ ത്തിന് ശേഷമാണെന്നതിലേക്ക് വ്യക്തമായ സൂചന നൽ കുന്നു. മസീഹ് യഹൂദികളുടെ ഉപദ്രവത്തിൽ നിന്ന് കഷ്ടി ച്ച് രക്ഷപ്പെടുകയായിരുന്നു. ഈ ആയത്തിൽ അല്ലാഹു ഈസാനബിക്ക് ഉയർന്നതും ജലസമൃദ്ധവുമായ സ്ഥലത്ത് അഭയം നൽകിയെന്ന് എത്ര വ്യക്തമായാണ് പറഞ്ഞിരിക്കു ന്നത് എന്ന് നോക്കുക. ഇനി നമുക്ക് കശ്മീർ ഈ വിവര ണവുമായി കൃത്യമായി യോജിക്കുന്നത് എങ്ങിനെയെന്ന് നോക്കാം. ഹദ്റത്ത് അഹ്മദ്(അ) ഈ വിഷയത്തിലേക്ക് ശ്രദ്ധതിരിക്കുകയും ഒരു നീണ്ട കാലത്തെ ഗവേഷണത്തിന് ശേഷം മനസ്സിലാക്കുകയും ചെയ്തത് ഹദ്റത്ത് ഈസാന ബി(അ) കുരിശിൽ നിന്ന് രക്ഷപ്പെട്ട് അഫ്ഘാനിലേക്കും കശ്മീരിലേക്കും പലായനം ചെയ്തുവെന്നാണ്. ഇതിനു കാരണം മസീഹിന്റെ നിയോഗം ബനീഇസ്റായീലിലെ കാണാതെ പോയ ആടുകളെ തേടിയായിരുന്നു. **ഞാൻ ബനീ ഇസ്റായീലിലെ കാണാതെ പോയ ആടുകളിലേ ക്കല്ലാതെ അയക്കപ്പെട്ടിട്ടില്ല** എന്ന മസീഹിന്റെ വാക്കുകൾ അത് വ്യക്തമാക്കുന്നു. ചരിത്രം നമുക്ക് മനസ്സിലാക്കിത്തരു

ന്നത് ബനീ ഇസ്റായീലിന്റെ ചില ഗോത്രങ്ങൾ ഈസാന ബിക്കു മുമ്പേ അഫ്ഗാനിസ്ഥാനിന്റെയും കശ്മീരിന്റെയും പ്രദേശങ്ങളിൽ വന്ന് പാർക്കാൻ തുടങ്ങിയിരുന്നു എന്നാണ്. കശ്മീർ എന്ന പദം പോലും ഇക്കാര്യത്തിലേക്ക് സൂചന നൽകുന്നു. ഇത് **ക, ശമീർ** എന്നതിന്റെ സംയുക്ത രൂപ മാണ്. **ശമീർ** യഥാർത്ഥത്തിൽ അശീർ എന്നായിരുന്നു. അതു ലോപിച്ച് **ശീർ** എന്നും പിന്നീട് ഉച്ചാരണ സുഖത്തിന് വേണ്ടി **ശമീർ** എന്നും ആയി. അതായത് കശ്മീരിന്റെ അർത്ഥം **കഅശീർ** അഥവാ അശീർ പോലെയുള്ള രാജ്യം എന്നാണ്. അശീർ എന്നത് ഇബ്രാനിഭാഷയിൽ അസീർ അഥവാ ശാം എന്ന രാജ്യത്തിനാണ് പറയുന്നത്. കശ്മീരിന് ഈ പേര് ബനീ ഇസ്റായീൽകാരാണ് വെച്ചത്. തങ്ങളുടെ യഥാർത്ഥ നാടിന്റെ പേരിൽ ജനങ്ങൾ തങ്ങളുടെ പുതിയ നാ ടുകൾക്ക് പേരു വയ്ക്കുന്നു എന്നത് ഒരു പൊതുതത്വമാണ്. ഇത്രയും ഗവേഷണത്തിന് ശേഷം ഹദ്റത്ത് അഹ്മദ്(അ) കശ്മീരിന്റെ ചരിത്രം തിരഞ്ഞപ്പോൾ അത് പഴയകാല സംഭ വങ്ങളുമായി കൂടിച്ചേരുന്നതായി കണ്ടെത്തി. അതായത് ഏകദേശം 1900 വർഷങ്ങൾക്ക് മുമ്പ് പുറംരാജ്യത്തു നി ന്ന് ഇവിടെ ഒരു രാജകുമാരൻ നബി വന്നിരുന്നു. അദ്ദേഹ ത്തിന്റെ പേര് **യൂസ് ആസഫ്** എന്നായിരുന്നു. അത് തീർ ച്ചയായും **യെസൂഅ്(യേശു)** എന്ന പദത്തിന്റെ വികലരൂപ മാണെന്ന് മനസ്സിലാവുന്നു. അവസാനം മസീഹിന്റെ ഖബർ ശ്രീനഗറിലെ ഖാൻയാറിൽ കണ്ടെത്തുകയുണ്ടായി. ഈ ഖബറിനെക്കുറിച്ചും സംഭവങ്ങളുടെ സാക്ഷ്യങ്ങളിൽ നി ന്നും ചരിത്രത്തിൽ നിന്നും മനസിലാവുന്നത് അത് 1900 വർഷം മുമ്പ് കശ്മീരിൽ വന്ന യൂസ് ആസഫിന്റെ ഖബർ ആണെന്നാണ്.* ഈ ഖബറും അതിനടുത്തുള്ള ഈസാന ബിയുടെ മാതാവിന്റെ ഖബറും** ബനീ ഇസ്റായീലിന്റെ ഖബറുകളുടെ മാതൃകയിൽ തന്നെ നിർമ്മിക്കപ്പെട്ടിരിക്കുന്ന തെന്ന തെളിവുകളും ലഭ്യമായിട്ടുണ്ട്. മസീഹ് ഹിജ്റത്ത് അഥവാ പലായനം ചെയ്തു എന്നുള്ളതിനുള്ള ഒരു തെളിവ്

ഇതാണ്. മസീഹ് എന്ന പദത്തിന്റെ അർത്ഥം യാത്ര ചെയ്യുന്നവൻ എന്നാണ്. ഈസാനബിയല്ലാതെ മറ്റൊരു പ്രവാചകനും ഇത്രയും നീണ്ട യാത്ര ചെയ്തിട്ടില്ല.

ഒരു ഹദീസിൽ ഇങ്ങനെ വന്നിരിക്കുന്നു.

أوحى الله تعالى إلى عيسى : أن يا عيسى انتقل من مكان إلى مكان ، لئلا تعرف ، فتؤذى

അതായത് അല്ലാഹു ഈസാനബിയ്ക്ക് വഹ്‌യ് നൽകി, അല്ലയോ ഈസാ നീ ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്തേക്ക് പോവുക. നീ അറിയപ്പെടാതിരിക്കുന്നതിനും നീ ഉപദ്രവിക്കപ്പെടാതിരിക്കുന്നതിനും വേണ്ടി. (കൻസുൽ ഉമ്മാൽ.ഭാ.2 പേജ് 34)

ഈ ഹദീസ് വളരെ വ്യക്തമായും കുരിശു സംഭവത്തിനു ശേഷമുള്ള സംഗതികളിലേക്ക് സൂചന നൽകുന്നു. കാരണം ഈ സമയത്ത് യഹൂദികൾ ഈസാനബിയെ കണ്ടിരുന്നുവെങ്കിൽ വീണ്ടും ഉപദ്രവിക്കുമായിരുന്നു.

## ഇറങ്ങുമെന്നതിന്റെ വിവക്ഷ

ഇനി നമുക്ക് ഈസാനബിയുടെ **റഫഅ** (ആരോഹണം) **നുസുൽ** (ഇറക്കം) എന്നതിനെക്കുറിച്ചുള്ള മുഖ്യ വിഷയത്തിലേക്ക് തിരിച്ചു വരാം. നമ്മുടെ എതിരാളികളായ

---

* വിശദപഠനത്തിന് യേശു മിശിഹ ഇന്ത്യയിൽ by ഹദ്റത്ത് അഹ്മദ് (അ) എന്ന പുസ്തകം വായിക്കുക.

**ഈസാ (അ)ന്റെ മാതാവിന്റെ ഖബ്റിനെ സംബന്ധിച്ച പരാമർശം ഗ്രന്ഥകർത്താവ് ചില വാചികനിവേദനങ്ങളുടെ അടിസ്ഥാനത്തിൽ എഴുതിയതായിരിക്കാം. ഗവേഷണങ്ങളുടെ വെളിച്ചത്തിൽ ഈ പരാമർശം ശരിയാണെന്ന് തെളിഞ്ഞിട്ടില്ല. ഗ്രന്ഥകർത്താവാകട്ടെ തന്റെ പരാമർശത്തിനു ഉപോൽബലകമായി ഉദ്ധരിണകളൊന്നും നൽകിയിട്ടുമില്ല. എന്നാൽ ഹദ്റത്ത് ഈസാ (അ) ന്റെ ഖബ്ർ തെളിയിക്കപ്പെട്ട യഥാർഥ്യമാണ്. (പ്രസാധകർ)

മൗലവിമാർ ഈസാനബി ആകാശത്ത് ജീവിച്ചിരിക്കുന്നു എന്നതിലേക്ക് തെളിവായി പറയുന്നത് ഹദീസുകളിൽ ഈസാനബിയെ സംബന്ധിച്ച് **നുസുൽ** എന്ന പദം ഉപയോഗിച്ചിട്ടുണ്ട് എന്നാണ്. അതിന്റെ അർത്ഥം ഇറങ്ങുക എന്നാണ്. ഇതിൽ നിന്ന് ഉരുത്തിരിയുന്നത് മസീഹ് ആകാശത്ത് നിന്ന് ഇറങ്ങുമെന്നും ആകാശത്ത് നിന്നുള്ള ഈ ഇറക്കം, ആകാശത്തേക്ക് കയറിയെങ്കിൽ മാത്രമെ സാധ്യമാകൂ എന്നുമാണ്. ആകാശത്ത് നിന്ന് ഇറങ്ങുമെന്ന് അർത്ഥം കൽപിക്കാൻ, സ്വഹീഹായ ഒരു ഹദീസിലും മസീഹിനെപ്പറ്റി **നുസുൽ** എന്ന പദത്തോടൊപ്പം **സമാഅ്** (ആകാശം)എന്ന പദം ഉപയോഗിച്ചിട്ടില്ല എന്ന് ഓർക്കേണ്ടിയിരിക്കുന്നു.

മസീഹിനെ സംബന്ധിച്ച് ആകാശത്തേക്ക് ജീവനോടെ പോയെന്നും ആകാശത്ത് നിന്ന് ഇറങ്ങുമെന്നും നബി(സ) പറഞ്ഞതായി ഏതെങ്കിലും *മർഫൂഅ് മുത്തസിൽ* സ്വീഹീഹ് ഹദീസിൽ നിന്ന് തെളിയിക്കുന്നവർക്ക് ആയിരക്കണക്കിന് രൂപയാണ് ഹദ്റത്ത് അഹ്മദ്(അ)ഇനാം പ്രഖ്യാപിച്ചത്. എന്നാൽ ഇന്നു വരെ ഒരു എതിരാളിക്കും അത്തരം ഒരു ഹദീസ് സമർപ്പിക്കാൻ സാധിച്ചിട്ടില്ല. ഇതിൽ നിന്നു തന്നെ അങ്ങനെയൊരു ഹദീസ് ഇല്ലെന്ന് വായനക്കാർക്ക് മനസ്സിലാകുന്നതാണല്ലോ.

കൂടാതെ **നുസൂൽ** എന്ന പദത്തിന്റെ അർത്ഥങ്ങളെ സംബന്ധിച്ചും ഇവർ ചിന്തിച്ചിട്ടില്ല. അറബിഭാഷയിൽ **നുസൂൽ** എന്ന പദത്തിന് വെളിപ്പെടുക, വരുക എന്നും അർത്ഥമുണ്ട്. നിഘണ്ടുക്കളിൽ നിന്ന് അത് വ്യക്തമാകുന്നുമുണ്ട്. എന്തിനധികം വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

قَدْ اَنْزَلَ اللّٰهُ اِلَيْكُمْ ذِكْرًا رَّسُوْلًا يَّتْلُوْا عَلَيْكُمْ اٰيٰتِ اللّٰهِ

അല്ലാഹു നിങ്ങളിലേക്ക് ഓർമ്മപ്പെടുത്തുന്ന ഒരു റസൂലിനെ അയച്ചു തന്നിരിക്കുന്നു. അദ്ദേഹം നിങ്ങൾക്ക് അല്ലാഹുവിന്റെ ആയത്തുകൾ ഓതിത്തരുന്നു. (65:11,12)

ഈ ആയത്തിൽ നബി(സ)നെക്കുറിച്ച് **നുസൂൽ** എന്ന

പദമാണ് ഉപയോഗിച്ചിട്ടുള്ളത്. നബി(സ) ആകാശത്തു നിന്ന് ഇറങ്ങിയതല്ലെന്നും അറബികൾക്കിടയിലാണ് ജനിച്ചതെന്നും തുടർന്ന് പ്രവാചനകനായി നിയോഗിക്കപ്പെടുകയാണുണ്ടായതെന്നും എല്ലാവർക്കും അറിയാം.

അല്ലാഹു പറയുന്നു:

لَقَدْ جَآءَكُمْ رَسُوْلٌ مِّنْ اَنْفُسِكُمْ

അല്ലാഹു ഈ റസൂലിനെ നിങ്ങളിൽ നിന്ന് നിങ്ങളിലേക്ക് അയച്ചിരിക്കുന്നു. (9:128)

മറ്റൊരു ഭാഗത്ത് പറയുന്നു.

وَاَنْزَلْنَا الْحَدِيْدَ فِيْهِ بَأْسٌ شَدِيْدٌ وَّ مَنَافِعُ لِلنَّاسِ

നാം ലോഹത്തെ ഇറക്കിയിരിക്കുന്നു. അതിൽ കടുത്ത അക്രമണ ശക്തിയും മനുഷ്യർക്ക് പല പ്രയോജനങ്ങളും ഉണ്ട്. (57:26)

ലോഹം ആകാശത്തു നിന്നാണോ ഇറങ്ങാറുള്ളത്? വാസ്തവത്തിൽ അത് ഭൂമിയുടെ അടിയിൽ നിന്ന് കുഴിച്ചെടുക്കപ്പെടുകയാണ് ചെയ്യാറുള്ളത്.

വീണ്ടും പറയുന്നു:

يٰبَنِيْٓ اٰدَمَ قَدْ اَنْزَلْنَا عَلَيْكُمْ لِبَاسًا يُّوَارِيْ سَوْاٰتِكُمْ

അല്ലയോ ആദം സന്തതികളേ നാം നിങ്ങൾക്ക് വസ്ത്രത്തെ ഇറക്കിത്തന്നിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ നഗ്നത മറയ്ക്കുന്നു. (7:27)

ഈ ആയത്തിൽ വസ്ത്രത്തിനുവേണ്ടിയും **നുസുൽ** എന്ന പദം പ്രയോഗിച്ചിട്ടുണ്ട്. വസ്ത്രങ്ങൾ ഈ ഭൂമിയിൽ വച്ചു തന്നെ നൂൽ നൂറ്റും മറ്റുമാണ് ഉണ്ടാക്കാറുള്ളത്.

മറ്റൊരു ഭാഗത്ത് വിശുദ്ധ ഖുർആൻ പറയുന്നു:

وَاَنْزَلَ لَكُمْ مِّنَ الْاَنْعَامِ

അല്ലാഹു നിങ്ങൾക്ക് നാൽക്കാലികളെ ഇറക്കിത്തന്നിരിക്കുന്നു. (39: 7) യഥാർത്ഥത്തിൽ കുതിരയും കഴുതയും കാളയും

എല്ലാം ഭൂമിയിലാണ് ജനിക്കുന്നത്. ഈ എല്ലാ ആയത്തുക ളിൽ നിന്നും മനസ്സിലാവുന്നത് **നുസൂൽ** എന്ന പദത്തിന്റെ വിവക്ഷ ഇറങ്ങുക എന്നത് മാത്രമല്ല. മറിച്ച് പലപ്പോഴും **നു സൂൽ** എന്ന പദം അല്ലാഹു മനുഷ്യകുലത്തിന് അനുഗ്രഹ മായി നൽകുന്ന സാധനങ്ങൾക്ക് – അവ അല്ലാഹുവിൽ നി ന്നുള്ള അനുഗ്രഹങ്ങളാണ്– വേണ്ടിയും ഉപയോഗിക്കാറു ണ്ട്. ചിലപ്പോൾ അറബി ശൈലിയിൽ **നുസൂൽ** എന്ന പ ദത്തിന് വെളിപ്പെടുക എന്നും അർത്ഥം ലഭിക്കാറുണ്ട്. **ന സീൽ** എന്ന പദം യാത്രക്കാർക്ക് ഉപയോഗിക്കാറുണ്ടെന്നത് സുവിദമാണല്ലോ. യാത്രയ്ക്ക് ശേഷം തങ്ങുന്ന സ്ഥലത്തിന് **മൻസിൽ** എന്നും പറയുന്നു. കൂടാതെ ചില ഹദീസുകളിൽ മസീഹിനെ സംബന്ധിച്ച് **ബഅസ്**(അവതരിക്കുക) **ഖുറൂ ജ്**(വെളിപ്പെടുക) തുടങ്ങിയ പദങ്ങളും ഉപയോഗിച്ചിട്ടുണ്ട്. (*കൻസുൽ ഉമ്മാൽ*) ഇത് നുസൂലിന്റെ വിവക്ഷകളെ വ്യക്ത മായ വിശദീകരണത്തോടെ നിജപ്പെടുത്തുന്നു. കാരണം ഇത്തരത്തിൽ **ബഅസ്, ഖുറൂജ്, നുസൂൽ** എന്നിവയുടെ വിവക്ഷ ഒന്നു തന്നെയാണ്. (അതായത് വെളിപ്പെടുക). ഇതാ ണ് ശരിയും കൃത്യവും ആയി ബുദ്ധിക്ക് യോജിക്കുന്നത്.

**നുസൂൽ** എന്ന പദം ഉള്ളതുകൊണ്ട് മസീഹ് ആകാശത്ത് നിന്ന് ഇറങ്ങുമെന്ന് കരുതുന്നത് മാർഗഭ്രംശമാണ്. ഏതൊ രു ബുദ്ധിമാനും അതിൽ നിന്ന് വിട്ടു നിൽക്കേണ്ടത് അനി വാര്യമാണ്. വിശുദ്ധ ഖുർആൻ ഏതൊരു മനുഷ്യന്റെയും സ്ഥൂലശരീരത്തോടെ ആകാശത്തേക്കുള്ള കരേറ്റത്തെ വ്യ ക്തമായ ഭാഷയിൽ നിഷേധിക്കുന്നു. ഹദീസും മസീഹ് ആകാശത്ത് ജീവിച്ചിരിക്കുന്നു എന്നതിലേക്ക് സാക്ഷ്യം പ റയുന്നില്ല. മറിച്ച് എതിർക്കുന്നു. മനുഷ്യ ബുദ്ധി ഈ വിശ്വാ സത്തെ തന്നെ തള്ളിമാറ്റുന്നു. എന്നിട്ടും ഹദ്റത്ത് ഈസാ നബി(അ) ആകാശത്ത് ഇരിക്കുന്നുവെന്ന നിരർത്ഥക സങ്കൽപം വെച്ചു പുലർത്തുന്നത് എന്തിനാണ്?

# അധ്യായം 2
# ഈസാനബിയുടെ മരണം

ഈ വിഷയത്തിന്റെ രണ്ടാം ഭാഗം ഈസാനബിയുടെ മരണവുമായി ബന്ധപ്പെട്ടതാണ്. ഈസാനബി ആകാശത്ത് സ്ഥൂലശരീരത്തോടെ പോയിട്ടില്ലെന്നാണ് ഇതുവരെയുമായി പറഞ്ഞു വന്നത്. അതിന് ഉപോൽബലകമായ ഖുർആനിക ആയത്തുകളും തിരുനബി വചനങ്ങളും സമർപ്പിക്കുകയും ചെയ്തു. സമാധാന ചിത്തനായി ചിന്തിക്കുന്ന ഏതൊരാൾക്കും ഇസ്‌ലാമിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ, ഈസാനബി സ്ഥൂലശരീരത്തോടെ ആകാശത്തേക്ക് കയറിയെന്നതിന് തെളിവില്ലെന്ന് പകൽ വെളിച്ചം കണക്കെ സ്പഷ്ടമാകുന്നതാണ്. ചുരുക്കത്തിൽ ഈസാനബി(അ) മരിച്ചുപോയിരിക്കുന്നു.

## നബി(സ)ന് മുമ്പു വന്ന എല്ലാ പ്രവാചകൻമാരും മരിച്ചു പോയിരിക്കുന്നു

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

وَمَا مُحَمَّدٌ اِلَّا رَسُوْلٌ ۚ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ ؕ اَفَاۡئِنْ مَّاتَ اَوْ قُتِلَ انْقَلَبْتُمْ عَلٰٓى اَعْقَابِكُمْ ؕ

മുഹമ്മദ്(സ) അല്ലാഹുവിന്റെ ഒരു റസൂൽ മാത്രമാണ്. അദ്ദേഹത്തിന് മുമ്പു വന്ന എല്ലാ പ്രവാചകൻമാരും കാലഗതി പ്രാപിച്ചിരിക്കുന്നു. എന്ത്, മുഹമ്മദ്(സ)ഉം സ്വാഭാവിക മരണം വരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യുകയാ

ണെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിൻ മേൽ പിൻതിരിഞ്ഞു പോകുമോ? (3:145)

ഈ ആയത്ത് വ്യക്തമായും നബി(സ)ന് മുമ്പു വന്ന പ്രവാചകൻമാരുടെയെല്ലാം മരണത്തെക്കുറിച്ച് പറയുന്നു. അവർ എല്ലാം മരിച്ചു പോയിരിക്കുന്നു. ഹദ്റത്ത് ഈസാ (അ)ഉം ഒരു പ്രവാചകൻ ആയിരുന്നു. അദ്ദേഹം നബി(സ) നേക്കാൾ 600 വർഷം മുമ്പാണ് നിയോഗിക്കപ്പെട്ടത്. അതുകൊണ്ടു തന്നെ അദ്ദേഹവും മരിച്ചു പോയെന്ന് തീർച്ചയായും സമ്മതിക്കേണ്ടി വരും.

ഈ ആയത്തിൽ **ഖലാ** എന്ന പദമാണ് പ്രയോഗിക്കപ്പെട്ടിരിക്കുന്നതെന്നും അതിന്റെ അർത്ഥം കടന്നു കഴിയുക എന്ന് മാത്രമാണെന്നും അതുകൊണ്ടുതന്നെ ഈ ആയത്തിന്റെ വെളിച്ചത്തിൽ മരണം ഉറപ്പാകുന്നില്ലെന്നും ആകാശത്തിലേക്ക് കരേറ്റപ്പെട്ട ഒരാളെക്കുറിച്ച് കടന്നു കഴിഞ്ഞു പോയി എന്ന് പറയാമെന്നും ആക്ഷേപം ഉന്നയിക്കുന്നവരുമുണ്ട്. ഇതിനുള്ള മറുപടിയിൽ രണ്ടു കാര്യങ്ങൾ ശ്രദ്ധാർഹമാണ്. ഒന്ന്, അറബി ഭാഷയിൽ '**ഖലാ**' എന്നതിന്റെ അർത്ഥം '**മാത്ത**' (അയാൾ മരിച്ചു) എന്നും പറയാറുണ്ട്. അറബി ഭാഷയിലെ ഏറ്റവും വലുതും അംഗീകരിക്കപ്പെട്ടതുമായ താജുൽ ഉറൂസ് എന്ന നിഘണ്ടുവിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

خَلَا فُلَانٌ: اِذَا مَاتَ

അതായത് ഏതെങ്കിലും ഒരാൾ മരിച്ചാൽ **ഖലാഫുലാനുൻ** അഥവാ ഇന്നയാൾ മരിച്ചു എന്ന് പറയുന്നതാണ്.

രണ്ട്, ഈ ആയത്തിൽ അല്ലാഹു തന്നെ **ഖലാ** എന്ന പദത്തിന്റെ അർത്ഥങ്ങൾ നിജപ്പെടുത്തിയിട്ടുണ്ട്. ഖുർആൻ പറയുന്നു. **അഫഇംമാത്ത ഔ ഖുത്തില** അതായത് നബി (സ) സ്വഭാവിക മരണം വരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്താൽ.

ചുരുക്കത്തിൽ ഇവിടെ **ഖലത്ത്** ന്റെ അർത്ഥം തീർച്ചയായും ഈ രണ്ട് സംഗതികളിൽ ഒന്നാകാനേ തരമുള്ളൂ.

അതായത് ഒന്നുകിൽ സ്വഭാവിക മരണം അല്ലെങ്കിൽ വധിക്കപ്പെടുക

**അഫഇംമാത്ത ഔ ഖുത്തില** എന്ന വാചകം മുൻകാല പ്രവാചകൻമാർ സ്വഭാവിക മരണത്താലോ കൊല്ലപ്പെട്ടതിനാലോ ആണ് കടന്നു കഴിഞ്ഞു പോയതെന്ന് വ്യക്തമാക്കുന്നു. കഴിഞ്ഞകാല പ്രവാചകൻമാരിൽ ആരെങ്കിലും ആകാശത്തേക്ക് കരേറുകയോ ഈ രണ്ട് രൂപത്തിലല്ലാതെ കടന്നു കഴിഞ്ഞു പോവുകയോ ചെയ്തിട്ടുണ്ടായിരുന്നു എങ്കിൽ തീർച്ചയായും ഇവിടെ ആ അവസ്ഥയും പരാമർശിക്കപ്പെടുമായിരുന്നു. എങ്കിലും ഏറ്റവും ചുരുങ്ങിയത് ഈസാനബിയുടെ സവിശേഷമായ അവസ്ഥയെങ്കിലും പറയണമായിരുന്നു. പക്ഷേ അങ്ങനെയൊന്നും വിവരിച്ചിട്ടില്ല. ഇതിൽ നിന്നും തെളിയുന്നത് മേൽ സൂചിപ്പിച്ച ആയത്തിലെ **ഖലാ** എന്ന പദത്തിന്റെ അർത്ഥം സ്വാഭാവിക മരണത്താലോ വധിക്കപ്പെട്ടതിനാലോ ഇഹലോകവാസം വെടിയുക എന്നാണ്. മാത്രമല്ല ഈസാനബിയെ സംബന്ധിച്ച് അല്ലാഹു, **മാഖത്തലൂഹൂ**(ഈസാനബിയുടെ ശത്രുക്കൾക്ക് അദ്ദേഹത്തെ വധിക്കാൻ കഴിഞ്ഞിട്ടില്ല)എന്ന് വ്യക്തമാക്കിയിരിക്കുന്നു. അതുകൊണ്ടു തന്നെ അദ്ദേഹം സ്വഭാവികമരണം വരിച്ചുകൊണ്ട് ഇഹലോകജീവിതം വെടിഞ്ഞുവെന്ന് സമ്മതിക്കേണ്ടതായി വരും.

മേൽ ആയത്തിന്റെ വിശദീകരണത്തിൽ വ്യാഖ്യാതാക്കൾ പൊതുവിൽ ഇങ്ങനെ കൂടി എഴുതിയിട്ടുണ്ട്.

وَسَيَخْلُوْا كَمَاخَلَوْا بِالْمَوْتِ اَوِالْقَتْلِ۔

അതായത്, “മുൻകാല പ്രവാചകൻമാർ, സ്വഭാവിക മരണത്താലോ വധിക്കപ്പെട്ടതിനാലോ ഇഹലോക ജീവിതം വെടിഞ്ഞതു പോലെ നബി(സ)ഉം ഈ ലോകത്തോട് യാത്ര പറയുന്നതാണ്.”

## സഹാബാക്കളുടെ ഇജ്മാഅ്

ഒരു സുപ്രസിദ്ധ ചരിത്രസംഭവത്തിന്റെ വെളിച്ചത്തിൽ നോക്കുകയാണെങ്കിൽ ഈ ആയത്തിന്റെ അർത്ഥം കുറേക്കൂടി വ്യക്തമാകുന്നതാണ്. ഹദീസിൽ വന്നിരിക്കുന്നു. നബി(സ) വഫാത്തായപ്പോൾ ഹദ്റത്ത് ഉമർ(റ) അത് അംഗീകരിക്കാൻ തയ്യാറല്ലായിരുന്നു. നബി(സ)ജീവിച്ചിരിക്കുന്നുവെന്ന് തന്നെ ധരിച്ച അദ്ദേഹം നബി(സ) തിരിച്ചുവന്ന് നിഷേധികളേയും കപടവിശ്വാസികളേയും വകവരുത്തുമെന്ന് പറഞ്ഞുകൊണ്ടിരുന്നു. തന്റെ ധാരണ ശരിയാണെന്ന കാര്യത്തിൽ ഉറച്ചു നിന്ന അദ്ദേഹം, ആരെങ്കിലും നബി മരിച്ചുവെന്ന് പറഞ്ഞാൽ താൻ അവന്റെ തലകൊയ്യുമെന്ന് പറഞ്ഞ് ഊരിപ്പിടിച്ച് വാളുമായി നിൽക്കുന്നു. ആ സമയത്ത് ഹദ്റത്ത് അബൂബക്കർ(റ) എഴുന്നേറ്റ് സഹാബാക്കൾക്ക് മുന്നിൽ, **വമാ മുഹമ്മദുൻ ഇല്ലാ റസൂൽ, ഖദ്ഖലത്ത് മിൻ ഖബ്ലിഹിർറുസുൽ**....(മുഹമ്മദ് ഒരു ദൈവദൂതൻ മാത്രമാണ്, അദ്ദേഹത്തിന് മുമ്പുവന്ന പ്രവാചകൻമാരെല്ലാം മരിച്ചു പോയിരിക്കുന്നു.....) എന്നു തുടങ്ങുന്ന ആയത്ത് പാരായണം ചെയ്തു. ഇതു കേട്ടപ്പോൾ ഹദ്റത്ത് ഉമർ(റ) ദുഃഖപരവശനായി നിലത്തുവീണു. തന്റെ പ്രിയ യജമാനർ അല്ലാഹുവിന്റെ ഒരു റസൂൽ മാത്രമാണെന്നും മുൻകാല പ്രവാചകൻമാരെപ്പോലെ അദ്ദേഹവും മരണകവാടത്തിൽ പ്രവേശിക്കേണ്ടതാണെന്നുമുള്ള ദുഃഖസത്യം അദ്ദേഹത്തിന് ബോധ്യമായി. നേരത്തെ അത് നൈമേഷികമായ ആവേശത്തള്ളിച്ചയാൽ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല.* (ബുഖാരി, കിത്താബുൽ മനാഖിബ്)

ഈ നിവേദനത്തിന്റെ അവസാനത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. ഹ.ഉമർ (റ) പറഞ്ഞു. " **അലിംത്തു അന്ന നബിയ്യ (സ) ഖദ്മാത്ത്** " (നബി (സ) മരണപ്പെട്ടിരിക്കുന്നുവെന്ന് എനിക്കു മനസ്സിലായി. (സ്വഹീഹ് ബുഖാരി) - പരിഭാഷകൻ

അവരെല്ലാം മരിച്ചു പോയിരിക്കുന്നുവെന്നും, അതുപോലെ നബി(സ)ഉം വഫാത്തായിരിക്കുന്നുവെന്നുമാണ് ഹദ്റത്ത് അബൂബക്കർ(റ) സമർത്ഥിച്ചത്. മുൻകാലപ്രവാചകൻമാരിൽ വല്ലവരും ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ, സ്വഹാബാക്കൾ ആക്ഷേപം ഉന്നയിക്കണമായിരുന്നു. പ്രത്യേകിച്ച് ഹദ്റത്ത് ഉമർ(റ)ഉം അദ്ദേഹത്തിന്റെ വീക്ഷണഗതി ഉള്ളവരും. അവർ നേരത്തേ തന്നെ നബി(സ) ഇപ്പോഴും ജീവിച്ചിരിപ്പുണ്ട് എന്ന് കരുതുന്നവരായിരുന്നു. തീർച്ചയായും അവർ ഇതെന്താണ് പറയുന്നതെന്ന് ചോദിച്ച് ശബ്ദം ഉണ്ടാക്കുമായിരുന്നു. പക്ഷെ സ്വഹാബാക്കളെല്ലാം ഹദ്റത്ത് അബൂബക്കർ(റ)നോട് യോജിക്കുകയും, നബി(സ)നു മുമ്പു വന്ന എല്ലാ പ്രവാചകൻമാരും മരിച്ചു പോയിരിക്കുന്നുവെന്ന അദ്ദേഹത്തിന്റെ സമർത്ഥനത്തെ സാധൂകരിക്കുകയുമാണ് ചെയ്തത്. ചുരുക്കത്തിൽ നബി(സ)ന് ശേഷം സ്വഹാബാക്കളുടെ ആദ്യത്തെ ഇജ്മാഅ് അഥവാ ഏകോപിച്ച അഭിപ്രായം (മറിച്ച് ഇസ്ലാമിലെ തന്നെ ഏക ഇജ്മാഅ്) എല്ലാ മുൻകാല പ്രവാചകൻമാരും മരിച്ചു പോയിരിക്കുന്നു എന്നതായിരുന്നു.

ഇത് ചിന്തിക്കേണ്ട സന്ദർഭമാണ്. ഈസാനബി മരിച്ചുവെന്നതിലേക്ക് ഇതെത്ര വ്യക്തവും ശക്തവുമായ തെളിവാണ്! പക്ഷെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ)ന്റെ എതിരാളികൾ ഇത്തരത്തിലുള്ള ശക്തവും വ്യക്തവുമായ തെളിവുകളും ശ്രദ്ധിക്കാൻ കൂട്ടാക്കുന്നില്ല. അവർ പറയുന്നു, **ബൽ നത്തബിഉ മാ അൽഫയ്നാ അലൈഹി ആബാഅനാ** (അല്ല, ഞങ്ങൾ ഞങ്ങളുടെ പൂർവ്വപിതാക്കളെ എങ്ങിനെയാണോ കണ്ടത് അതിനെയാണ് പിൻപറ്റുക, എന്ന് അവർ പറയുന്നു.) പക്ഷെ അല്ലാഹു ചോദിക്കുന്നു, **അവലൗ കാന ആബാഉഹും ലാ യഅ്ഖിലൂ ശയ്അം വ്വലാ യഹ്തദൂൻ** (എന്ത്, അവരുടെ പൂർവ്വ പിതാക്കൻമാർ യാതൊന്നും ഗ്രഹിക്കാത്തവരും നേർമാർഗം പ്രാപിക്കാത്തവരും ആയിരുന്നാൽ പോലും അവരെത്തന്നെയാണോ പിൻപറ്റുക?)

# ഈസാനബിയുടെ റഫഅ് മരണത്തിനുശേഷം

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

اِذْ قَالَ اللّٰهُ يٰعِيْسٰۤى اِنِّىْ مُتَوَفِّيْكَ وَرَافِعُكَ اِلَىَّ وَمُطَهِّرُكَ مِنَ الَّذِيْنَ كَفَرُوْا وَجَاعِلُ الَّذِيْنَ اتَّبَعُوْكَ فَوْقَ الَّذِيْنَ كَفَرُوْۤا اِلٰى يَوْمِ الْقِيٰمَةِ ۚ

അല്ലയോ ഈസാ, ഞാൻ നിനക്ക് സ്വഭാവിക മരണം നൽകുകയും നിന്നെ എങ്കലേക്ക് ഉയർത്തുകയും നിഷേധികളിൽ നിന്ന് നിന്നെ പരിശുദ്ധനാക്കുകയും നിന്നെ പിൻപറ്റുന്നവർക്ക് ഖിയാമത്ത് വരേയും നിന്റെ ശത്രുക്കൾക്ക് മേൽ വിജയം നൽകുകയും ചെയ്യുന്നതാണ്.(3:56)

ഈ ആയത്തിൽ അല്ലാഹു ഈസാനബിയോട് നാല് വാഗ്ദാനങ്ങൾ ചെയ്യുന്നു. അത് ഒരു പ്രത്യേക ക്രമത്തിലാണ് ഉള്ളത്. 1. വഫാത്ത്, 2. റഫഅ്, 3. പരിശുദ്ധി, 4. വിജയം. ഇതിൽ അവസാനം പറഞ്ഞ മൂന്ന് വാഗ്ദാനങ്ങളും പൂർത്തിയാക്കിയെന്നും ആദ്യത്തെ വാഗ്ദാനം ഇനിയും പൂർത്തിയാക്കിയിട്ടില്ലെന്നും പറയുന്നത് ശുദ്ധഭോഷ്ക്കാണ്. വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ കലാമാണ്. അതിന്റെ വാക്കുകൾ മുത്തുകൾ പോലെ അതാത് സ്ഥലങ്ങളിൽ കോർക്കപ്പെട്ടിരിക്കുന്നു. ഖുർആന്റെ വാക്കുകളെ തിരിമറി ചെയ്യാൻ ആർക്കും അധികാരമില്ല. അങ്ങനെ ചെയ്തു തുടങ്ങിയാൽ സമാധാനം നഷ്ടപ്പെടും. യഹൂദികളെ ഇക്കാരണം കൊണ്ടുതന്നെ അല്ലാഹു ശപിച്ചിരിക്കുന്നു.

يُحَرِّفُونَ الْكَلِمَ عَنْ مَوَاضِعِهِ

അതായത് ആ നിർഭാഗ്യവാൻമാർ ദൈവിക വചനങ്ങളിൽ കൈകടത്തുകയും വാക്കുകളെ തൽസ്ഥാനത്തു നിന്ന് മാറ്റിമറിക്കുകയും ചെയ്യുന്നു. (4:47)

കഷ്ടമെന്ന് പറയട്ടെ, ഇന്ന് മുസ്ലിംകളും യഹൂദികൾ ചെയ്തതു തന്നെ ആവർത്തിക്കുകയാണ്. ഹദ്റത്ത് അഹ്മദ്(അ)നോടുള്ള ശത്രുത കാരണം അവർ പറയുന്നത് ഈ ആയത്തിൽ '**റാഫിഉക്ക**' ആണ് ആദ്യം വയ്ക്കേണ്ടത്, '**മുത്തവഫ്ഫീക്ക**' പിന്നീടാണ് വരേണ്ടത് എന്നാണ്. എങ്ങനെയെങ്കിലും ഈസാനബി ജീവിച്ചിരിക്കുന്നുവെന്ന് തെളിഞ്ഞാൽ മതി!

എന്നാൽ ചില മുഫസ്സീരിങ്ങളുടേയും ഇന്നത്തെ ചില മൗലവിമാരുടെയും പരിശ്രമം വളരെ വ്യക്തമായും മനസ്സിലാക്കിത്തരുന്നത് അവരുടെ പക്കൽ **മുത്തവഫ്ഫീക്ക** എന്നതിന്റെ യഥാർത്ഥ അർത്ഥം മരിപ്പിക്കുക എന്നു തന്നെയാണെന്നതാണ്. അല്ലെങ്കിൽ വാക്കുകളെ സ്ഥാനം മാറ്റുന്നതിന് പരിശ്രമിക്കേണ്ട കാര്യമെന്താണുള്ളത്? **മുത്തവഫ്ഫീക്ക** എന്നതിന്റെ അർത്ഥം മരിപ്പിക്കുക എന്നു തന്നെയാണെന്ന് അവരുടെ ഹൃദയം പറയുന്നു. അതുകൊണ്ട് സ്ഥാനമാറ്റത്തിന്റെ പേരിൽ വിശദീകരണങ്ങൾ നൽകാൻ ശ്രമിക്കുന്നു. ഇവിടെ സംഗതി വളരെ വ്യക്തമാണ്. അല്ലാഹു ഈസാനബിയോട് വാഗ്ദാനം ചെയ്തത്, അദ്ദേഹത്തെ മരിപ്പിക്കും തന്നിലേക്ക് ഉയർത്തും, നിഷേധികളുടെ ആരോപണങ്ങളിൽ നിന്ന് സംരക്ഷിക്കും (പരിശുദ്ധനാക്കും) അനുയായികൾക്ക് ഖിയാമത്ത് നാൾ വരെ നിഷേധികൾക്കു മേൽ വിജയം നൽകും എന്നാണ്. രണ്ടാമത്തെ വാഗ്ദാനം മസീഹിനെ ഉയർത്തുന്നതുമായി ബന്ധപ്പെട്ടതാണ്. അതു പൂർത്തിയായെന്നും അല്ലാഹു അദ്ദേഹത്തെ അവങ്കലേക്ക് ഉയർത്തിയെന്നും നമ്മുടെ എതിരാളികൾ പറയുന്നു. മൂന്നാമത്തെ വാഗ്ദാനപ്രകാരം വിശുദ്ധഖുർആൻ മുഖേന അല്ലാഹു യഹൂദികളുടെ ആരോപണങ്ങളിൽ നിന്ന് മസീഹ് പരിശുദ്ധനാണെന്ന് സ്ഥാപിച്ചു. നാലാമത്തെ വാഗ്ദാനപ്രകാരം ഈസാനബിയുടെ അനുയായികൾക്ക് നിഷേധികൾക്കു മേൽ വിജയവും ലഭ്യമായി. എന്നാൽ ഇതുവരെയും ആദ്യത്തെ വാഗ്ദാനം അതായത് വഫാത്ത് പൂർത്തിയായില്ലെന്ന് പറയുന്നത് ആശ്ചര്യാവഹമാണ്.

ആദ്യത്തെ വാഗ്ദാനം പൂർത്തിയായില്ലെന്ന് സമ്മതിക്കുകയാണെങ്കിൽ, അതു പൂർത്തിയാകുന്ന സമയം അവസാന വാഗ്ദാനവും നിറവേറ്റപ്പെട്ടതിന് ശേഷമാണെന്ന് അംഗീകരിക്കേണ്ടി വരും. കാരണം അവസാന മൂന്ന് വാഗ്ദാനങ്ങൾ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. അവസാന വാഗ്ദാനത്തിന്റെ കാലഘട്ടമാകട്ടെ ഖിയാമത്ത് നാൾ വരെ വ്യാപിച്ച് കിടക്കുകയാണെന്ന് **ഇലാ യൗമിൽ ഖിയാമ** എന്ന വാക്കുകളിൽ നിന്ന് മനസ്സിലാകുന്നു. ഖിയാമത്ത് വരെ മസീഹിന് മരണം സംഭവിക്കില്ല. ഖിയാമത്ത് വന്നാൽ ലോകത്തിലെ എല്ലാ മരണപ്പെട്ടവരും ഖബറുകളിൽ നിന്ന് ഉയിർത്തെഴുന്നേൽക്കും. അപ്പോൾ ഈസാനബിയുടെ ജീവൻ പിടിക്കപ്പെടുകയാണ് ചെയ്യുക. പക്ഷെ മറ്റൊരു പ്രശ്നം, ഖിയാമത്ത് നാളിൽ എല്ലാവരും ഉയിർത്തെഴുന്നേൽക്കുന്ന കാലമാണല്ലോ. മരണത്തിന്റേതല്ല. ചുരുക്കത്തിൽ ഈസാനബി മരണത്തിൽ നിന്നും എല്ലാ നിലയ്ക്കും രക്ഷപ്പെടുന്നു. എത്രമാത്രം വിചിത്രമായ തീരുമാനമാണിത്!!

ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) എഴുതുന്നു: "**തവഫ്ഫ** എന്ന പദം ആയത്തിന്റെ തലയ്ക്കൽ നിന്ന് എടുത്തു മാറ്റിയാൽ മറ്റൊരു സ്ഥലത്തും ഖിയാമത്തിനു മുമ്പേ അത് വെയ്ക്കാൻ ഇടവുമില്ല. ആയതിനാൽ ഇതിൽ നിന്ന് വ്യക്തമാകുന്നത് ഹദ്റത്ത് ഈസാ (അ) ഖിയാമത്തിനു മുമ്പ് മരിക്കുകയില്ലെന്നും മുമ്പ് മരിച്ചാൽ അത് ഈ ക്രമത്തിന് വിരുദ്ധമാണെന്നുമാണ്. നമ്മുടെ ശത്രുക്കൾ യഹൂദികളെപ്പോലെ വിശുദ്ധ ഖുർആനിൽ കൈകടത്താൻ ശ്രമിച്ചെങ്കിലും അതിന് സാധ്യമായില്ല എന്നത് വിശുദ്ധ ഖുർആന്റെ ഒരു ദിവ്യാത്ഭുതമാണ്. '**വറാഫിഉക്ക**' എന്നതിനെ തൽസ്ഥാനത്ത് നിന്ന് മാറ്റി മറ്റൊരിടത്ത് വെയ്ക്കാൻ സ്ഥലം കാണുന്നുമില്ല. ഓരോ സ്ഥലവും, കൈകടത്തലുകൾക്ക് പഴുതില്ലാത്തവിധം അടയ്ക്കപ്പെട്ടിരിക്കുന്നു. *(അനുബന്ധം, ബറാഹീനെ അഹ്മദിയ്യാ– ഭാഗം 5)*

ചുരുക്കത്തിൽ യുക്തിജ്ഞനായ അല്ലാഹു ഖുർആനിക

വാക്കുകൾക്ക് വെച്ചിട്ടുള്ള ക്രമത്തെ അതുപോലെ സ്വീകരിക്കാൻ നാം നിർബന്ധിതരാണ്. നാം സ്വയം മറ്റൊരു പുതിയ ഖുർആൻ ഉണ്ടാക്കരുത്. അവസാന മൂന്ന് വാഗ്ദാനങ്ങൾ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു എന്നത് സർവ്വാംഗീകൃതമായ ഒരു സംഗതിയാണ്. അതുകൊണ്ടു തന്നെ മസീഹിന്റെ മരണത്തെക്കുറിച്ചുള്ള ഒന്നാമത്തെ വാഗ്ദാനവും പൂർത്തിയായിരിക്കുന്നുവെന്ന് തീർച്ചയായും സമ്മതിക്കേണ്ടതാണ്. ആനുഷങ്കികമായി ഈ സമയത്ത് തന്നെ '**റഫഅ്**' യുടെ അർത്ഥവും വ്യക്തമാക്കുന്നുണ്ട്. കാരണം, '**റഫഅ്**'ന്റെ വാഗ്ദാനം വഫാത്തിന്റെ വാഗ്ദാനത്തിന് ശേഷമാണ് അല്ലാഹു പറയുന്നത്. ഇതിൽ നിന്ന് മനസ്സിലാവുന്നത് **യാ അയ്യത്തുഹന്നഫ്സുൽ മുത്ത്മഇന്ന ഇർജിഈ ഇലാ റബ്ബിക്കി** എന്നതിൽ പരാമർശിച്ചിട്ടുള്ള '**റഫഅ്**' തന്നെയാണ് ഇതെന്നാണ്. അതായത് മരണശേഷം ശുദ്ധാത്മാക്കൾ അല്ലാഹുവിങ്കലേക്ക് ഉയരുന്നു. അശുദ്ധാത്മാക്കൾ ദൈവിക സാമീപ്യം പ്രാപിക്കുന്നില്ല. ഈ അർത്ഥത്തിൽ തന്നെയാണ് മസീഹിന്റെ '**റഫഅ്**'ഉം ഉണ്ടായിട്ടുള്ളത്.

## മുത്തവഫ്ഫീക്ക: അർത്ഥവും വിവക്ഷയും

ഈ ആയത്തിനെക്കുറിച്ച് ചില എതിരാളികൾ പറയുന്നത് **മുത്തവഫ്ഫീക്ക** എന്ന പദമാണ് വന്നിരിക്കുന്നതെന്നും അതിന്റെ അർത്ഥം ആത്മാവിനെ പിടിക്കുക അഥവാ മരിപ്പിക്കുക എന്നല്ലെന്നും മറിച്ച് പൂർണ്ണമായി എടുക്കുക എന്നാണെന്നും പറയുന്നു. ഇതിനുള്ള മറുപടിയിൽ നിഘണ്ടുക്കളുടെ ഉദ്ധരണികൾ നൽകുന്നതിനു മുമ്പേ ഈ ആക്ഷേപത്തിന് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) നൽകിയിട്ടുള്ള മറുപടി താഴെ ചേർക്കുന്നു

അദ്ദേഹം പറയുന്നു: **അല്ലാഹു വിശുദ്ധ ഖുർആനിൽ 23 സ്ഥലങ്ങളിൽ തവഫ്ഫ എന്ന പദം ആത്മാവിനെ പിടിച്ചെടുക്കുക എന്ന അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്.**

ആദ്യം മുതൽ അവസാനം വരെ വിശുദ്ധ ഖുർആൻ ഒരിടത്തും **തവഫ്ഫ** എന്ന പദത്തിന് ആത്മാവിനെ പിടിച്ചെടുക്കുക, മരിപ്പിക്കുക എന്നല്ലാതെ മറ്റൊരർത്ഥം നൽകിയിട്ടില്ല. മാത്രമല്ല ഈ തെളിവിന് ഉപോൽബലകമായി സഹീഹ് ബുഖാരിയിൽ ഇബ്നുഅബ്ബാസ്(റ) **മുത്തവഫ്ഫീക്ക** എന്നതിന് **മുമീത്തുക്ക** എന്ന് അർത്ഥം കൊടുത്തിരിക്കുന്നു. അതുപോലെ തന്നെ തഫ്സീർ ഫൗളുൽ കബീറിലും ഈ അർത്ഥമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അയ്നീ തഫ്സീർ ബുഖാരിയിൽ ഈ വാക്കിനുള്ള അസ്നാദ് (സാക്ഷ്യങ്ങൾ) കൊടുത്തിട്ടുണ്ട്..........ഹദീസുകളിൽ തവഫ്ഫ എന്ന പദം എവിടെയെല്ലാം ഏതു റൂട്ടിൽ വന്നാലും അതിന്റെ അർത്ഥം മരണം എന്ന് തന്നെയാണ് ഇത് ഹദീസു പടുക്കൾക്ക് ഗോപ്യമല്ല. അല്ലാഹു കർത്താവും മനുഷ്യൻ കർമ്മവും ആയി വരുന്നിടത്തെല്ലാം മരിപ്പിക്കുക എന്നല്ലാതെ മറ്റൊരർത്ഥവും കിട്ടുകയില്ലെന്നത് ഭാഷാ വയ്യാകാരണൻമാർക്കിടയിൽ സുസമ്മതിയും അംഗീകൃതവും ഏകാഭിപ്രായവും ഉള്ള സംഗതിയാണ്. എല്ലാ അറേബ്യൻ കവിതകളും ഇതിന് സാക്ഷ്യമാണ്. വിശുദ്ധ ഖുർആൻ ഉച്ചൈസ്തരം പ്രഖ്യാപിക്കുന്നത് കേൾക്കുന്നില്ലെങ്കിൽ ഇതിലും വലിയ നീതിനിഷേധം മറ്റെന്താണ്? ഹദീസ് സാക്ഷ്യം വഹിക്കുന്നു. പക്ഷെ അത് ഗൗനിക്കപ്പെടുന്നില്ല. അറബി ഭാഷാശാസ്ത്രം സാക്ഷ്യങ്ങൾ സമർപ്പിക്കുന്നു. പക്ഷെ ആരും അതിലേക്ക് നോക്കുന്നില്ല. അറേബ്യൻ കവിതകൾ ഈ പദത്തിന്റെ പ്രയോഗമെടുത്ത് പറയുന്നു. ആരുടെയും കാത് അത് കേൾക്കാൻ ശ്രമിക്കുന്നില്ല. *(തുഹ്ഫ ഗോൾഡവിയ്യ. പേജ്-4)*

കൂടുതൽ സംതൃപ്തി കിട്ടാൻ നിഘണ്ടുക്കൾ പരിശോധിച്ചു നോക്കുക. ചെറിയ നിഘണ്ടുക്കളുടെ സാക്ഷ്യങ്ങൾ മൗലവിമാർ തള്ളിക്കളഞ്ഞേക്കാം. അതുകൊണ്ടു തന്നെ വലുതും സുപ്രസിദ്ധവും അംഗീകൃതവുമായ **താജുൽ ഉറൂസ്** എന്തു പറയുന്നു എന്നു നോക്കാം. അതിൽ ഇങ്ങനെ എഴുതിയിരിക്കുന്നു.

تَوَفَّا هُ اللّٰهُ عَزَّ وَجَلَّ إِذَا قَبَضَ نَفْسَهُ

അതായത് **തവഫ്ഫഹുല്ലാഹു** എന്നതിന്റെ അർത്ഥം അല്ലാഹു അയാളുടെ ആത്മാവിനെ പിടിച്ചെടുത്തു എന്നാണ്.

വീണ്ടും പറയുന്നു. تُوُفِّيَ فُلَانٌ : إِذَا مَاتَ

അതായത് **തുവഫ്ഫിയ ഫുലാൻ** എന്നതിന്റെ അർത്ഥം ഇന്നയാൾ മരിച്ചു എന്നാണ്.

തഫ്സീർ കശ്ശാഫിന്റെ കർത്താവായ അല്ലാമാ സമഖ്ശരി, **മുത്തവഫ്ഫീക്ക** എന്നതിന്

مُمِيْتُكَ حَتْفَ اَنْفَكَ

അതായത് ഞാൻ നിനക്ക് സ്വഭാവിക മരണം നൽകും എന്ന് എഴുതിയിരിക്കുന്നു.

എല്ലാത്തിലും ഉപരി സ്വഹീഹ് ബുഖാരിയിൽ ഹദ്റത്ത് അബ്ദുല്ലാഹ്ബ്നു അബ്ബാസ്(റ)ൽ നിന്നുള്ള നിവേദനത്തിൽ **മുത്തവഫ്ഫീക്ക** എന്നതിന്റെ അർത്ഥം **മുമീത്തുക്ക** (ഞാൻ നിന്നെ മരിപ്പിക്കും) എന്നെഴുതിയിരിക്കുന്നു.*(ബുഖാരി കിത്താബുത്തഫ്സീർ)*

നാം ചർച്ച ചെയ്തുവരുന്ന ആയത്തിലെ **ഇന്നീ മുത്തവഫ്ഫീക** എന്നതിന്റെ അർത്ഥം 'ഞാൻ നിനക്ക് മരണം നൽകുന്നതാണ്' എന്ന് വ്യക്തമായി. **തവഫ്ഫ** എന്നതിന്റെ യഥാർത്ഥ അർത്ഥം ആത്മാവിനെ പിടിച്ചെടുക്കുക എന്നാണ്. ഉറക്കത്തിലും ഒരു പരിധി വരെ ഇതുതന്നെയാണ് സംഭവിക്കുന്നത്. അതുകൊണ്ടു തന്നെ **തവഫ്ഫ** എന്ന പദം ചില സന്ദർഭങ്ങളിൽ ഉറങ്ങുന്ന സമയത്ത് ആത്മാവിനെ പിടിച്ചെടുക്കുക എന്ന അർത്ഥവും നൽകാറുണ്ട്. പക്ഷെ ഇത്തരം അർത്ഥത്തിന് ഏതെങ്കിലും രീതിയിലുള്ള സൂചകങ്ങൾ അനിവാര്യമാണ്. സൂചകങ്ങളില്ലാതെ അല്ലാഹു കർത്താവും മനുഷ്യൻ കർമ്മവുമായി വരുന്ന സന്ദർഭങ്ങളിലെ

ല്ലാം മരിപ്പിക്കുക എന്നാണ് അർത്ഥം. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വന്ദ്യസ്ഥാപകർ ഹദ്റത്ത് അഹ്മദ്(അ) എതിരാളികളായ സകല മൗലവിമാരെയും വെല്ലുവിളിച്ചു കൊണ്ട്, വിശുദ്ധ ഖുർആനിൽ നിന്നോ ഹദീസിൽ നിന്നോ അംഗീകൃതമായ ഏതെങ്കിലും അറബി ഗ്രന്ഥത്തിൽ നിന്നോ അല്ലാഹു കർത്താവും മനുഷ്യൻ കർമ്മവുമായി വരുമ്പോൾ **തവഫ്ഫ** എന്നതിന് ആത്മാവിനെ പിടിച്ചെടുക്കുക എന്നല്ലാതെ മറ്റെന്തെങ്കിലും അർത്ഥമുണ്ടെങ്കിൽ തെളിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. പക്ഷെ ഇന്നുവരേയും ഒരൊറ്റ മൗലവിക്കും മറുപടി നൽകാൻ സാധ്യമായിട്ടില്ല.

മാത്രമല്ല **മുത്തവഫ്ഫീക്ക** എന്നതിന്റെ അർഥം മുഴുവനായി ഏറ്റെടുക്കുക എന്നാണെങ്കിൽ **റാഫിഉക്ക** എന്ന പദം പ്രത്യേകമായി പറഞ്ഞതിന്റെ ആവശ്യമെന്താണ്. ഈ ആയത്തിലെ റാഫിഉക്ക എന്ന പദം **മുത്തവഫ്ഫീക്ക റാഫിഉക്ക** എന്നീ പദങ്ങൾക്ക് വ്യത്യസ്ത വിവക്ഷയാണ് ഉള്ളതെന്ന് വ്യക്തമാക്കുന്നു. അല്ലാഹു നബി(സ)നോട് പറയുന്നു.

إِمَّا نُرِيَنَّكَ بَعْضَ الَّذِي نَعِدُهُمْ أَوْ نَتَوَفَّيَنَّكَ

നാം നിഷേധികൾക്ക് ശിക്ഷകളെപ്പറ്റി നൽകുന്ന മുന്നറിയിപ്പുകളിൽ ചിലത് നിനക്ക് കാണിച്ചുതരുകയോ മരണം നൽകുകയോ ചെയ്യുന്നതാണ്. (10:47)

വീണ്ടും ഖുർആൻ പറയുന്നു.

رَبَّنَا أَفْرِغْ عَلَيْنَا صَبْرًا وَتَوَفَّنَا مُسْلِمِينَ

ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് നീ ക്ഷമ നൽകുകയും മുസ്‌ലിങ്ങളായി മരിപ്പിക്കുകയും ചെയ്യേണമേ.(7:127)

ചുരുക്കത്തിൽ **തവഫ്ഫ** എന്ന പദത്തിൽ കടിച്ചുതൂങ്ങി ദുർവാശിപിടിക്കുന്നത് തികഞ്ഞ ബുദ്ധിശൂന്യതയാണ്. ഈ പദം മറ്റേതെങ്കിലും വ്യക്തിക്ക് വേണ്ടി ഉപയോഗിക്കുമ്പോൾ

മരണമെന്നും ഹദ്റത്ത് ഈസാ(അ)നെ സംബന്ധിച്ച് പറയുമ്പോൾ ആകാശത്തിലേക്ക് വലിച്ചെടുത്തു എന്നും അർത്ഥം കൊടുക്കുന്നു.

പ്രവാചക ശ്രേഷ്ഠൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയെ സംബന്ധിച്ച് പറയുമ്പോൾ ഈ പദത്തിന് മരണമെന്നും എന്നാൽ ഹദ്റത്ത് ഈസാനബിയെ സംബന്ധിച്ച് ആകുമ്പോൾ ആകാശത്തേക്ക് കരേറ്റി എന്നും അർത്ഥം കൊടുക്കുന്നു. ഇത് എത്രമാത്രം നീതിയും കൂറുമാണ്? നഊദുബില്ലാഹ് മിൻദാലിക്

## ഈസാനബിയുടെ സാക്ഷ്യം

ഇതുവരെയായി ഉദ്ധരിച്ച ആയത്തുകളിൽ നിന്ന് ഈസാനബിയുടെ മരണം വളരെ വ്യക്തമായ രീതിയിൽ തെളിയിക്കപ്പെടുന്നു. ഇതെക്കുറിച്ച് അല്ലാഹുവിന്റെ സാക്ഷ്യവും നേരത്തെ പരാമർശിക്കപ്പെട്ടു കഴിഞ്ഞു. കണ്ണുകളിൽ നിന്ന് വെറുപ്പിന്റെ മൂടുപടം അഴിച്ചു മാറ്റുകയാണെങ്കിൽ ഈസാനബിയുടെ മരണം സംശയാതീതമായി മനസിലാവുന്നതാണ്. പക്ഷെ അത് അംഗീകരിക്കാൻ തയ്യാറല്ലാത്തവർ വാശിപിടിക്കുന്നു.

ഈസാനബി സ്വയം തന്റെ മരണത്തെ സംബന്ധിച്ച് പറയുന്ന സാക്ഷ്യം ഇനി സമർപ്പിക്കാം. അല്ലാഹുവിന്റെ സാക്ഷ്യം കൊണ്ട് സംതൃപ്തി കിട്ടുന്നില്ലെങ്കിൽ മസീഹിന്റെ സ്വയം വെളിപ്പെടുത്തൽ കൊണ്ടെങ്കിലും വഴി മറന്നു പോയ ഇവർക്ക് സമാധാനം ഉണ്ടായാലോ? അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

وَاِذْ قَالَ اللّٰهُ يٰعِيْسَى ابْنَ مَرْيَمَ ءَاَنْتَ قُلْتَ لِلنَّاسِ اتَّخِذُوْنِيْ وَاُمِّيَ اِلٰهَيْنِ
مِنْ دُوْنِ اللّٰهِ ۗ قَالَ سُبْحٰنَكَ مَا يَكُوْنُ لِيْٓ اَنْ اَقُوْلَ مَا لَيْسَ لِيْ ۗ بِحَقٍّ ۗ اِنْ

كُنْتُ قُلْتُهٗ فَقَدْ عَلِمْتَهٗ ؕ تَعْلَمُ مَا فِيْ نَفْسِيْ وَلَاۤ اَعْلَمُ مَا فِيْ نَفْسِكَ ؕ اِنَّكَ

اَنْتَ عَلَّامُ الْغُيُوْبِ ﴿۱۱۷﴾ مَا قُلْتُ لَهُمْ اِلَّا مَاۤ اَمَرْتَنِيْ بِهٖۤ اَنِ اعْبُدُوا اللّٰهَ

رَبِّيْ وَرَبَّكُمْ ۚ وَكُنْتُ عَلَيْهِمْ شَهِيْدًا مَّا دُمْتُ فِيْهِمْ ۚ فَلَمَّا تَوَفَّيْتَنِيْ

كُنْتَ اَنْتَ الرَّقِيْبَ عَلَيْهِمْ ؕ وَاَنْتَ عَلٰى كُلِّ شَيْءٍ شَهِيْدٌ ﴿۱۱۸﴾

അർത്ഥം: അല്ലാഹു പറയുന്ന അവസരം; ഓ മർയമിന്റെ മകൻ ഈസാ, 'എന്നെയും എന്റെ മാതാവിനേയും അല്ലാഹുവിനെക്കൂടാതെ രണ്ട് ദൈവങ്ങളായി സ്വീകരിക്കുക' എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്. അദ്ദേഹം പറയും, 'നീ പരിശുദ്ധനാണ്. എനിക്ക് അവകാശമില്ലാത്ത ഒരു കാര്യം പറയുക എന്നത് എനിക്ക് ചേർന്നതല്ല. ഞാൻ അങ്ങനെ പറഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും നീ അത് അറിഞ്ഞിരിക്കും. എന്നിലുള്ളത് നീ അറിയുന്നു; നിന്നിലുള്ളത് ഞാൻ അറിയുന്നില്ല. തീർച്ചയായും നീ പരോക്ഷ കാര്യം നല്ലപോലെ അറിവുള്ളവനാകുന്നു.

നീ എന്നോട് ആജ്ഞാപിച്ചതെന്തോ അതല്ലാതെ ഞാൻ അവരോട് പറഞ്ഞിട്ടില്ല. അതായത്, എന്റെയും നിങ്ങളുടെയും നാഥനായ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുവിൻ എന്ന്. ഞാൻ അവരിൽ ഉണ്ടായിരുന്നിടത്തോളം ഞാൻ അവരുടെ മേൽ സാക്ഷിയായിരുന്നു. എന്നാൽ നീ എന്നെ മരിപ്പിച്ചപ്പോൾ അവരുടെ മേൽനോട്ടക്കാരൻ നീ തന്നെയായി. നീ എല്ലാ കാര്യങ്ങൾക്കും സാക്ഷിയാകുന്നു. (5:117,118)

ഈ ആയത്ത് ഈസാനബിയുടെ മരണത്തെ സംബന്ധിച്ച തെളിവുകളിൽ സൂര്യപ്രഭ ചൊരിയുന്നു.

**കുൻതു അലൈഹിം ശഹീദമ്മാദുമ്തു ഫീഹിം ഫലമ്മാ തവഫ്ഫയ്ത്തനീ** എന്ന വാചകത്തിൽ രണ്ട് കാലഘട്ടങ്ങളെക്കുറിച്ച് മാത്രമാണ് പരാമർശിക്കുന്നത്. അതു രണ്ടും തുടർച്ചയായാണ് ഉണ്ടായത്. ഒന്നാമത്തെ ഘട്ടം ഈസാ

നബി തന്റെ ശിഷ്യൻമാരുടെ ഇടയിൽ ഉണ്ടായിരുന്ന കാലമാണ്. രണ്ടാമത്തെ ഘട്ടം നേരത്തേതുമായി ബന്ധിതവും കൂടിച്ചേർന്നതുമാണ്. അത് മസീഹിന്റെ മരണകാലമാണ്.

ഈസാനബി ആകാശത്തേക്ക് കയറിപ്പോയിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ മറുപടി **മാദുമ്ത്തു ഫീഹിം ഫലമ്മാ റഫഅത്തനീ ഇലസ്സമാഇ ഹയ്യാ** (ഞാൻ അവരുടെ ഇടയിൽ ഉണ്ടായിരുന്നിടത്തോളം ഞാൻ അവർക്ക് സാക്ഷിയായിരുന്നു. എന്നാൽ നീ എന്നെ ആകാശത്തിലേക്ക് ജീവനോടെ ഉയർത്തിയപ്പോൾ...) എന്നാണ് പറയേണ്ടിയിരുന്നത്.

എന്നാൽ മസീഹിന്റെ മറുപടി അങ്ങനെ അല്ലായിരുന്നു മറിച്ച് അദ്ദേഹം തന്റെ ശിഷ്യൻമാർക്ക് ഇടയിലുണ്ടായിരുന്ന കാലത്തിനു ശേഷമുള്ള രണ്ടാം ഘട്ടത്തെ സംബന്ധിച്ച് പരാമർശിച്ചത് തന്റെ മരണകാലഘട്ടമായിട്ടാണ്. ചുരുക്കത്തിൽ ഈസാനബി ആകാശത്തിലേക്ക് കരേറിയില്ലെന്ന് തെളിയിക്കപ്പെടുന്നു. മാത്രമല്ല മറ്റ് മനുഷ്യൻമാരെപ്പോലെ അദ്ദേഹവും മരിച്ചു പോയിരിക്കുന്നു.

ഈസാനബിയുടെ രണ്ട് ഘട്ടങ്ങളിൽ അനുയായികൾക്കിടയിലുണ്ടായിരുന്ന ആദ്യഘട്ടത്തെ രണ്ടാമത്തെ ഘട്ടവുമായി വേർതിരിക്കുന്നത് മരണമാണെന്ന് മേൽ ആയത്തിൽ നിന്ന് സുവ്യക്തമാകുന്നു. അതാണ് **മാദുമ്ത്തു ഫീഹിം ഫലമ്മാ തവഫ്ഫയ്ത്തനി** എന്നതിൽ ഉള്ളത്. ആദ്യഘട്ടത്തെ രണ്ടാമത്തെ ഘട്ടവുമായി വേർതിരിക്കുന്നത് ആകാശാരോഹണമായിരുന്നുവെങ്കിൽ ഈസാനബിയുടെ മറുപടി തികച്ചും തെറ്റാകുമായിരുന്നു.

ഈ ആയത്തിൽ ഹദ്റത്ത് ഈസാനബി(അ) തന്റെ മരണസമയവും വ്യക്തമാക്കുന്നുണ്ട്. ഞാൻ എന്റെ സമൂഹത്തിന് നൽകിയ ഉപദേശം എന്റെയും നിങ്ങളുടെയും നാഥനായ അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നാണെന്നും ഞാൻ അവർക്കിടയിൽ ഉണ്ടായിരുന്നിടത്തോളം കാലം അക്കാര്യത്തിന് താൻ സാക്ഷിയാണെന്നും അദ്ദേഹം പറയുന്നു. അതിന്റെ വിവക്ഷ താൻ അവർക്കിടയിൽ ഉണ്ടായിരുന്ന

കാലമത്രയും അവർ സൻമാർഗത്തിൽ നിന്ന് വ്യതിചലിച്ചിരുന്നില്ല. എന്നാൽ ഇങ്ങനെ ഹദ്റത്ത് മസീഹ്(അ) തന്റെ അനുയായികളുടെ മാർഗഭ്രംശത്തെ സംബന്ധിച്ച് അജ്ഞത പ്രകടിപ്പിക്കുന്നു. ഇതിൽ നിന്ന് വ്യക്തമാകുന്നത് ക്രിസ്ത്യാനികൾ ഈസാനബിയുടെ മരണത്തിന് ശേഷം വഴിതെറ്റി എന്നാണ്. മാത്രമല്ല വിശുദ്ധ ഖുർആനും നമുക്ക് മനസിലാക്കിത്തരുന്നത് നബി(സ)യുടെ കാലത്തും ക്രിസ്തീയർ സൻമാർഗത്തെ കൈവിടുകയും ദുർമാർഗത്തെ സ്വീകരിക്കുകയും ചെയ്തിരുന്നു എന്നാണ്. വിശുദ്ധ ഖുർആൻ പറയുന്നു.

لَقَدْ كَفَرَ الَّذِينَ قَالُوا إِنَّ اللّٰهَ ثَالِثُ ثَلَاثَةٍ

നിഷേധികൾ പറഞ്ഞു, അല്ലാഹു മൂന്നിലൊരുവനാണ്. (5:74)

ചുരുക്കത്തിൽ ഇതിൽ നിന്ന് വ്യക്തമാകുന്നത് നബി(സ)ന്റെ ആഗമനകാലത്തിന് തൊട്ടു മുൻപെങ്കിലും ഈസാനബി മരിച്ചുവെന്നാണ്. ഈസാനബിയുടെ ഈ മറുപടി വളരെ വ്യക്തമായ രീതിയിൽ സാക്ഷ്യം പറയുന്നത് ക്രിസ്ത്യാനികൾ അദ്ദേഹത്തിന്റെ മരണത്തിനു ശേഷം വ്യതിചലിച്ചു എന്നുമാണ്.

ഇനി ഉയരുന്ന പ്രശ്നം ക്രിസ്ത്യാനികൾ വ്യതി ചലിച്ചിട്ടുണ്ടോ ഇല്ലയോ എന്നതാണ്. വ്യതിചലിച്ചിട്ടില്ലെങ്കിൽ ഈസാനബിയും ജീവനോട ഇരിപ്പുണ്ടാകണം. അഥവാ വ്യതിചലിച്ചിട്ടുണ്ടെങ്കിൽ ഈസാനബി മരിച്ചു പോയിരിക്കുന്നുവെന്ന് അംഗീകരിക്കാതെ നിവൃത്തിയില്ല. മാത്രമല്ല, ഈസാനബി ഇപ്പോഴും ആകാശത്ത് ജീവിച്ചിരിക്കുകയും അവസാന കാലത്ത് ഖിയാമത്തിനു തൊട്ടുമുൻപ് ഇറങ്ങുമെന്നും കരുതിയാൽ, അദ്ദേഹം തന്റെ സമുദായത്തിന്റെ മാർഗഭ്രംശത്തെ സംബന്ധിച്ച് ആ സമയത്തു മാത്രമേ മനസിലാക്കിയിരുന്നുള്ളൂ എന്നും അംഗീകരിക്കേണ്ടതായി

വരും. എന്നിരിക്കെ അദ്ദേഹം എങ്ങനെയാണ് നേരത്തെ തന്നെ അറിവില്ലായ്മ പ്രകടിപ്പിക്കുക? അതുകൊണ്ടു തന്നെ അദ്ദേഹം അറിവുണ്ടായിട്ടും അജ്ഞത നടിക്കുകയാണെന്ന് പറഞ്ഞാൽ അത് തീർച്ചയായും ഈസാനബിക്കു മേൽ ഒരു കരിങ്കള്ളത്തിന്റെ അപവാദം ചുമത്തലായിരിക്കും. എത്ര മോശക്കാരനായ മനുഷ്യനായാലും അവന് അല്ലാഹുവിന്റെ മുന്നിൽ കള്ളം പറയാൻ ധൈര്യമുണ്ടാവില്ല എന്നിരിക്കെ അല്ലാഹുവിന്റെ ഒരു പ്രീതദാസനും റസൂലുമായ ഈസാ നബി എങ്ങിനെയാണ് പച്ചക്കള്ളം പറയുന്നത്?

## ഈ ആയത്തിനുള്ള ഹദീസിലെ വിശദീകരണം

ഒരു ഹദീസ് ഈ ആയത്തിന്റെ അർത്ഥത്തെ പകൽ വെളിച്ചം കണക്കെ വ്യക്തമാക്കിത്തരുന്നുണ്ട്. ഹദീസ് ഇങ്ങനെയാണ്, നബി(സ) പറഞ്ഞു: ഖിയാമത്ത് ദിവസം ഞാൻ ഹൗളുൽ കൗസറിന് സമീപം നിന്ന് അനുയായികൾക്ക് ആ പരിശുദ്ധ നീരുറവയുടെ വെള്ളം വിതരണം ചെയ്യും. അപ്പോൾ ഒരു കൂട്ടം ജനങ്ങൾ എന്റെ മുന്നിലൂടെ വരികയും അവരെ മലക്കുകൾ മറ്റൊരു ഭാഗത്തേക്ക് തള്ളിക്കൊണ്ട് പോവുകയും ചെയ്യും. അവരെ കാണുമ്പോൾ ഞാൻ ഉച്ചത്തിൽ വിളിച്ചു പറയും, ഉസൈഹാബി, ഉസൈഹാബി അവർ എന്റെ അനുചരരാണ്, എന്റെ അനുചരരാണ്. അപ്പോൾ മലക്കുകൾ പറയും.

اِنَّكَ لَا تَدْرِی مَا اَحْدَثُوْا بَعْدَكَ اِنَّهُمْ لَمْ يَزَالُوْا مُرْتَدِيْنَ عَلٰی اَعْقَابِهِمْ

താങ്കൾക്ക് ശേഷം ഇവർ എന്താണ് ചെയ്തതെന്ന് താങ്കൾക്കറിയില്ല. താങ്കൾക്ക് ശേഷം ഇവർ തങ്ങളുടെ കുതികാലുകളിൻമേൽ പിൻതിരിഞ്ഞു കളഞ്ഞു.

നബി(സ) പറയുന്നു, ഇതു കേൾക്കുമ്പോൾ ഞാൻ അല്ലാ

ഹുവിന്റെ പരിശുദ്ധ ദാസൻ ഈസബ്നുമറിയം പറഞ്ഞതു തന്നെ പറയുന്നതാണ്. അതായത്

كُنتُ عَلَيْهِمْ شَهِيْداً مَّا دُمْتُ فِيْهِمْ فَلَمَّا تَوَفَّيْتَنِىْ
كُنتَ أَنتَ الرَّقِيْبَ عَلَيْهِمْ

ഞാൻ അവരുടെ ഇടയിൽ ഉണ്ടായിരുന്നിടത്തോളം കാലം ഞാൻ അവരുടെ മേൽനോട്ടക്കാരനായിരുന്നു. എന്നാൽ നീ എന്നെ മരിപ്പിച്ചതിനുശേഷം നീ തന്നെയായി അവരുടെ മേൽനോട്ടക്കാരൻ. *(ബുഖാരി, കിത്താബുതഫ്സീർ)*

നോക്കുക നബി(സ), ഈസാനബി ഉപയോഗിച്ച അതേ വാക്കുകൾ തന്നെയാണ് തനിക്കുവേണ്ടിയും ഉപയോഗിച്ചത്. നബി(സ) ആകാശത്തേക്ക് കരേറിപ്പോയിട്ടില്ലെന്നും മറിച്ച് മരണമാണ് തിരുമേനിയെ അനുചരരിൽ നിന്ന് വേർപെടുത്തിയതെന്നും വ്യക്തമാണ്. ഇതേ അർത്ഥം തന്നെ ഈസാനബിയെക്കുറിച്ചും എടുക്കേണ്ടതാണ്. ഇവിടെ ചിന്തിക്കേണ്ടത് നബി(സ) തന്റെ അവസ്ഥ ഏതു വിധത്തിലാണ് ഈസാനബിയുടെ അവസ്ഥയുമായി സാദൃശ്യപ്പെടുത്തുന്നത് എന്നാണ്. തിരുനബി(സ) പറഞ്ഞു. ഈസബ്നുമർയം തന്റെ അനുചരൻമാർക്ക് മാർഗഭ്രംശം സംഭവിച്ചതിനെ കുറിച്ച് അജ്ഞത വെളിപ്പെടുത്തിയതു പോലെ താനും പറയുന്നതാണ്.

ഈസാനബി(അ) അവസാനകാലത്ത് വീണ്ടും ഇറങ്ങുമ്പോൾ തീർച്ചയായും തന്റെ സമുദായത്തിന്റെ വഴികേടിനെക്കുറിച്ച് ഖിയാമത്തിന് മുമ്പെ തന്നെ മനസിലാക്കുന്നതാണ്. അതുകൊണ്ട് അക്കാര്യത്തെക്കുറിച്ച് ഖിയാമത്ത് നാളിൽ അജ്ഞത നടിക്കുന്നത് കരിങ്കള്ളമാണ്. അങ്ങനെ പറഞ്ഞാൽ ഈസാനബിയുടെ അനുയായികളിൽ ആർക്കും എഴുന്നേറ്റ് ഇങ്ങനെ പറയാൻ കഴിയും, അല്ലാഹുവേ, നിന്റെ ഈ ദൂതൻ പറയുന്ന കള്ളം ആകാശഭൂമികൾ പൊട്ടിക്കീറാൻ മതിയായതാണ്. ഇദ്ദേഹം അവസാന കാലത്ത് വീണ്ടും

ലോകത്തേക്ക് വരികയും ഞങ്ങൾ അദ്ദേഹത്തെ ദൈവമായി അംഗീകരിക്കുന്നതും ജനങ്ങളെക്കൊണ്ട് അംഗീകരിപ്പിക്കുന്നതും കണ്ടതാണ്. മാത്രമല്ല ഇതിനെതിരിൽ അദ്ദേഹം ഞങ്ങളോട് യുദ്ധവും ചെയ്തിട്ടുണ്ട്. 40 വർഷക്കാലം ഭൂമിയിൽ ഒരു വലിയ ഒച്ചപ്പാട് തന്നെ ഉണ്ടാക്കി. ഇക്കാര്യത്തെ നിഷേധിക്കുന്നവനെ വാളുകൊണ്ട് വകവരുത്തും വരെ അദ്ദേഹമത് ഉറയിലിടാൻ പോലും തയ്യാറായിട്ടില്ല. പക്ഷെ അല്ലാഹുവേ, ഇപ്പോൾ ഇയാളിതാ അജ്ഞത നടിക്കുന്നു.

കഷ്ടമെന്ന് പറയട്ടെ, ഹദ്റത്ത് അഹ്മദ്(അ)ന്റെ എതിരാളികൾ ശത്രുതയിൽ അന്ധൻമാരായിത്തീർന്നിരിക്കുന്നു. അല്ലാഹുവിന്റെ ബഹുമാന്യനായ ഒരു പ്രവാചകനു മേൽ ആരോപണം ഉന്നയിക്കുന്നു. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)നെ സത്യവാനാണെന്ന് അംഗീകരിക്കാൻ ഉള്ള വിഷമം കൊണ്ട്! വിശുദ്ധ ഖുർആൻ എത്ര സുന്ദരമായാണ് പറയുന്നത്.

يٰحَسۡرَةً عَلَى الۡعِبَادِ ۚ مَا يَاۡتِيۡهِمۡ مِّنۡ رَّسُوۡلٍ
اِلَّا كَانُوۡا بِهٖ يَسۡتَهۡزِءُوۡنَ ﴿۳۱﴾

ജനങ്ങൾക്ക് അഹോ കഷ്ടം! അവരുടെ പരിഹാസത്തിന് പാത്രമാകാതെ കണ്ട് ഒരു റസൂലും അവരുടെ അടുക്കൽ വരുന്നില്ല.(36:31)

നാം ചർച്ച ചെയ്ത് വരുന്ന ആയത്തും '**തവഫ്ഫാ**' യുടെ അർത്ഥം വിശദമാക്കുന്നുണ്ട്. നബി(സ)തന്നെക്കുറിച്ച് '**ഫലമ്മാ തവഫ്ഫയ്ത്തനീ**' (നീ എന്നെ മരിപ്പിച്ചപ്പോൾ...) എന്ന വാചകമാണ് ഉപയോഗിച്ചത്. '**തവഫ്ഫാ**' എന്നതിന് മരിപ്പിക്കുക എന്നർത്ഥമില്ലെങ്കിൽ അഥവാ നമ്മുടെ എതിരാളികൾ പറയും പോലെ ഉയർത്തുക എന്നാണ് അർത്ഥമെങ്കിൽ നബി(സ) ഒരിക്കലും തന്നെക്കുറിച്ച് അത്തരം വാക്കുകൾ ഉപയോഗിക്കുകയില്ലായിരുന്നു. കാരണം നബി(സ) ആകാ

ശത്തേക്ക് കയറിപ്പോയിട്ടില്ല. മറിച്ച് മറ്റ് ജനങ്ങളെപ്പോലെ ഈ ഭൂമിയിൽ തന്നെയാണ് മരണപ്പെട്ടത്.

## ഈസാനബിയെ ദൈവമെന്ന് സങ്കൽപിച്ചാലും മരണം അനിവാര്യമാണ്

ഇതുവരെ പറഞ്ഞു വന്നത് ഈസാനബി ഒരു മനുഷ്യൻ എന്ന നിലയ്ക്കായിരുന്നു വിശുദ്ധ ഖുർആൻ ഒരുഭാഗവും വിട്ടുകളയാത്ത സമ്പൂർണ്ണ സമ്മിളിത ഗ്രന്ഥമാണ്. ഇന്ന് ലോകത്തിലെ വലിയൊരു വിഭാഗം ഈസാനബിയെ ദൈവ മാണെന്ന് ഗണിക്കുന്നു. അതുകൊണ്ടു തന്നെ ഈ നില യിലും വിശുദ്ധ ഖുർആൻ അദ്ദേഹത്തിന്റെ മരണം സ്ഥാപി ക്കുന്നുണ്ട്. അങ്ങനെ എല്ലാ നിലക്കും അത് ന്യായപൂർത്തി വരുത്തുകയും ചെയ്യുന്നു. വിശുദ്ധ ഖുർആൻ പറയുന്നു.

وَالَّذِيْنَ يَدْعُوْنَ مِنْ دُوْنِ اللّٰهِ لَا يَخْلُقُوْنَ شَيْـًٔا
وَّهُمْ يُخْلَقُوْنَ ۝٢١ اَمْوَاتٌ غَيْرُ اَحْيَآءٍ ۚ وَمَا يَشْعُرُوْنَ ۙ
اَيَّانَ يُبْعَثُوْنَ ۝٢٢

അർത്ഥം: അല്ലാഹുവിനെക്കൂടാതെ അവൻ വിളിച്ചു പ്രാ ർത്ഥിക്കുന്നവർ ഒന്നിനേയും സൃഷ്ടിക്കുന്നില്ല. മാത്രമല്ല അവർ തന്നെയും സൃഷ്ടിക്കപ്പെട്ടവരാണ്. അവർ മൃതരാ കുന്നു. ജീവനില്ലാത്തവർ. തങ്ങൾ എപ്പോൾ പുനരുത്ഥാനം ചെയ്യപ്പെടുമെന്നും അവർ അറിയുന്നില്ല.(16:21,22)

ഈ ആയത്ത് നബി(സ)ന്റെ കാലത്ത് പൂജിക്കപ്പെട്ടിരുന്ന സകലരും മൃതരാണെന്ന് വ്യക്തമാകുന്നു. ഹദ്റത്ത് ഈസാ നബിയും അവരിൽ ഒരാളായിരുന്നു. ഇത് വിഗ്രഹങ്ങളെ ക്കുറിച്ച് മാത്രമുള്ളതാണെന്നും മനുഷ്യരെക്കുറിച്ചല്ലെന്നും

ആരോപണം ഉന്നയിക്കുന്നവർ തികച്ചും തെറ്റിലാണ്. കാരണം അല്ലാഹു ഈ ആയത്തിൽ **വമാ യശ്ഉറൂന അയ്യാന യുബ്അസൂൻ** (പൂജിക്കപ്പെടുന്നവർ എപ്പോഴാണ് തങ്ങൾ പുനരുത്ഥാനം ചെയ്യപ്പെടുക എന്നു പോലും അറിവില്ലാത്തവരാണ്.) എന്ന് വ്യക്തമായി പറയുന്നു.

കല്ലു കൊണ്ടുള്ള വിഗ്രഹങ്ങൾക്കല്ല പുനരുത്ഥാനമെന്നും മനുഷ്യർക്ക് മരണശേഷമുള്ളതാണ് പുനരുത്ഥാനമെന്നും സുവിദമാണല്ലോ?

കൂടാതെ ഈ ആയത്തിൽ **അല്ലദീന** എന്ന പദം പ്രയോഗിച്ചിട്ടുണ്ട്. അറബി ഭാഷാ നിയമമനുസരിച്ച് നിർജ്ജീവവസ്തുക്കൾക്ക് വേണ്ടി ഇത് പ്രയോഗിക്കാറില്ല. മറിച്ച് ജീവനുള്ളതും ബുദ്ധിയുള്ളതുമായവക്കാണ് ഈ പദം ഉപയോഗിക്കാറുള്ളത്. ആയതിനാൽ നബി(സ)ന്റെ കാലത്ത് ആരാധിക്കപ്പെട്ടിരുന്ന മനുഷ്യരെക്കുറിച്ചാണ് ഈ സൂക്തം എന്ന് വ്യക്തമാകുന്നു. ഹദ്റത്ത് ഈസാനബി(അ) ഈ പട്ടികയിൽ ഉണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്. മാത്രമല്ല നബി(സ)ന്റെ ഏറ്റവും അടുത്ത ഘത്തിലും ആരാധിക്കപ്പെടുന്നതിലും ഹദ്റത്ത് ഈസ(അ) ഉൾപ്പെടുന്നു. ഈ നിലയ്ക്ക് ഈ പട്ടികയിലെ ആദ്യമനുഷ്യൻ ഈസാനബി (അ) തന്നെയാണ്. അതുകൊണ്ടുതന്നെ ഹദ്റത്ത് ഈസാനബി(അ) സവിശേഷമായും അല്ലാഹു പറഞ്ഞ **അംവ്വാത്തുൻ ഗയ്റ അഹിയാഇൻ വമാ യശ്ഉറൂന അയ്യാന യുബ്അസുൻ** (അവർ മൃതരാണ്. അവർക്ക് ജീവനില്ല തങ്ങൾ എപ്പോൾ പുനരുത്ഥാനം ചെയ്യപ്പെടുമെന്ന് പോലും അവ് അറിയുന്നില്ല) എന്ന ഗണത്തിൽ ഉൾപ്പെടുന്നു.

## വഇംമിൻ അഹ്ലിൽ കിത്താബി എന്നതിന്റെ ശരിയായ വിശദീകരണം

മേൽ ഖുർആനിക ആയത്തുകളിൽ നിന്ന് ഹദ്റത്ത് ഈസാനബി(അ) ആകാശത്തിലേക്ക് കരേറിയിട്ടില്ലെന്നും മറിച്ച്

സാധാരണ ജനങ്ങളെപ്പോലെ തന്റെ ജീവിതം ഭൂമിയിൽ തന്നെ കഴിച്ചു കൂട്ടി മരണപ്പെട്ടുവെന്നും വ്യക്തമാകുന്നു.

പക്ഷെ ഇവിടെ നമ്മുടെ എതിരാളികൾ ഈസാനബി ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കുന്നതിന് വേണ്ടി ഉപയോഗിക്കുന്ന ആയത്തിന്റെ ചെറിയൊരു വിശദീകരണം അനിവാര്യമാണ്. അങ്ങനെ വിഷയം കൂടുതൽ വ്യക്തമാകുന്നതുമാണ്.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

وَإِنْ مِنْ أَهْلِ الْكِتَابِ إِلَّا لَيُؤْمِنَنَّ بِهِ قَبْلَ مَوْتِهِ

ഈ ആയത്തിന് അനഹ്മദി പണ്ഡിതൻമാർ പൊതുവിൽ നൽകുന്ന അർത്ഥം ഇങ്ങനെയാണ്, ഗ്രന്ഥാനുസാരികളിൽ ആരും തന്നെ മസീഹിന്റെ മരണത്തിനു മുമ്പേ മസീഹിൽ വിശ്വസിക്കാത്തവരായിട്ടില്ല.(4:160)

ഇതിൽ നിന്ന് അവർ പറയുന്നത് ഈസാനബി ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്നും അവസാനകാലത്ത് ആകാശത്തിൽ നിന്ന് ഇറങ്ങുമെന്നും ഗ്രന്ഥാനുസാരികളെല്ലാം അദ്ദേഹത്തിൽ വിശ്വസിക്കാൻ നിർബന്ധിതരായിത്തീരുമെന്നുമാണ്.*

ഇവിടെ അൽപം ചിന്തിക്കുകയാണെങ്കിൽ ഇതിന്റെ എല്ലാ പൊള്ളത്തരവും തുറക്കപ്പെടുന്നതാണ്. വിശുദ്ധ ഖുർആനിൽ '**ഇംമിൻ അഹ്‌ലിൽ കിത്താബ്**' എന്ന വാചകമാണ് വന്നിട്ടുള്ളത്. അതിന്റെ അർത്ഥം ഒരാളും ഒഴിഞ്ഞു പോകാതെ മുഴുവൻ ഗ്രന്ഥാനുസാരികളും എന്നാണ്. ഈസാനബി ഇറങ്ങുമ്പോൾ എല്ലാ യഹൂദികളും വിശ്വസിക്കുമെന്ന് സങ്കൽപി

*ഇങ്ങനെ അർത്ഥം കൊടുക്കുമ്പോൾ നമ്മുടെ എതിരാളികൾ, അല്ലാഹു ഈ ആയത്തിന് ഏതാനും ആയത്തുകൾക്ക് മുമ്പ് യഹൂദികളെക്കുറിച്ച് **ലാ യുഅ്മിനൂന ഇല്ലാ ഖലീലാ** (അവരിൽ വളരെ കുറച്ചു പേർ മാത്രമേ വിശ്വസിക്കുകയുള്ളൂ) എന്നതിനെക്കുറിച്ച് ചിന്തിക്കുന്നില്ല. ഇത്ര ഖണ്ഡിതമായ ആയത്ത് ഉണ്ടായിരിക്കേ മേൽ ഉദ്ധൃത ആയത്തിന് ഇവർ നൽകുന്ന അർത്ഥം എങ്ങനെ ശരിയാകാനാണ്

ച്ചാൽ തന്നെ '**ഇംമിൻ അഹ്ലിൽ കിത്താബ്**' എന്നതിന്റെ വിവക്ഷ സാധൂകരിക്കപ്പെടുന്നതല്ല. കാരണം ലക്ഷക്കണെക്കിനും കോടിക്കണക്കിനും യഹൂദികൾ ഈ ആയത്തിന്റെയും ഈസാനബിയുടെ ആഗമനത്തിന്റെയും ഇടയിൽ മരിച്ചു പോയിട്ടുണ്ട്. അവരെങ്ങനെയാണ് വിശ്വസിക്കുക? അങ്ങനെയാകുമ്പോൾ അവർ ഇതിൽ നിന്ന് ഒഴിവാക്കപ്പെടുന്നു. പക്ഷെ ഈ ആയത്തിലെ വാക്കുകളിൽ ഒഴികഴിവിനുള്ള യാതൊരു പഴുതുമില്ല. അതുകൊണ്ടു തന്നെ ഈ ആയത്തിന് നൽകപ്പെടുന്ന അർത്ഥം തെറ്റാണെന്ന് മനസ്സിലാകുന്നു. മാത്രമല്ല വിശുദ്ധഖുർആൻ പറയുന്നു.

فَأَغْرَيْنَا بَيْنَهُمُ الْعَدَاوَةَ وَالْبَغْضَاءَ إِلَى يَوْمِ الْقِيَامَةِ

അതായത് നാം യഹൂദികൾക്കും ക്രിസ്ത്യാനികൾക്കുമിടയിൽ ശത്രുതയും ക്രോധവും ഉണ്ടാക്കിയിരിക്കുന്നു. അത് ഖിയാമത്ത് നാൾ വരെയും തുടരുന്നതാണ്.(5:15) ഇതിൽ നിന്ന് വ്യക്തമാകുന്നത് യഹൂദികളോ ക്രിസ്ത്യാനികളോ പരിപൂർണ്ണമായി ഇല്ലാതാകുന്ന ഒരു സമയം വരില്ലെന്നാണ്. മറിച്ച് അവർ ഖിയാമത്ത് വരെ നിലനിൽക്കുന്നതാണ്. മാത്രമല്ല നിരവധി ഖുർആനിക സൂക്തങ്ങൾ നമുക്ക് വ്യക്തമായും മനസ്സിലാക്കിത്തരുന്നത് യഹൂദികൾ ഖിയാമത്ത് വരെ നിലനിൽക്കുമെന്നും പൂർണ്ണമായും നാമാവശേഷമാക്കപ്പെടുകയില്ല എന്നുമാണ്. ചുരുക്കത്തിൽ മേൽ പ്രസ്താവിക്കപ്പെട്ട ആയത്തിന് എല്ലാ യഹൂദികളും ഈസാനബിയിൽ വിശ്വസിക്കും എന്ന് അർത്ഥം കൊടുക്കുന്നത് വിശുദ്ധ ഖുർആന്റെ സുവ്യക്തമായ പാഠങ്ങൾക്ക് വിരുദ്ധമാണ്.

ഈ ആയത്തിന്റെ ശരിയായ അർത്ഥം എന്താണ്? ഈ പ്രശ്നത്തിന് മറുപടി പറയുന്നതിനു മുമ്പേ മറ്റൊരു കാര്യം വ്യക്തമാക്കേണ്ടതുണ്ട്. നമ്മുടെ എതിരാളികൾ നൽകുന്ന അർത്ഥത്തോട് കഴിഞ്ഞ കാല മഹാത്മാക്കൾ ഒരിക്കലും താദാത്മ്യം പുലർത്തിയിട്ടില്ല. മറിച്ച് ഈ ആയത്തിന്റെ

വ്യാഖ്യാനത്തിൽ കഴിഞ്ഞ കാല പണ്ഡിതൻമാർ വളരെ യേറെ അഭിപ്രായവ്യത്യാസങ്ങൾ ഉള്ളവരായിരുന്നു. പലരും പല രീതിയിലാണ് പറഞ്ഞിട്ടുള്ളത്. വിശുദ്ധ ഖുർആന്റെ ഖണ്ഡിതമായ ആയത്തുകൾക്ക് എതിരല്ലാത്തതും ആയത്തിന്റെ പശ്ചാത്തലങ്ങൾ ഉപോൽബലകമായി നിൽക്കുന്നതുമായ അർത്ഥം മാത്രമേ ശരിയായിരിക്കൂ എന്നതാണ് വാസ്തവം.

ഈ ആയത്തിന്റെ പശ്ചാത്തലത്തെ സംബന്ധിച്ച് വീക്ഷിക്കുമ്പോൾ നമുക്ക് മനസിലാകുന്നത് ഇതിന് മുമ്പുള്ള ആയത്തിൽ, തങ്ങൾ ഈസാനബിയെ കുരിശിലേറ്റി കൊന്നിരിക്കുന്നു എന്ന യഹൂദികളുടെ വാദവും അതിനെ നിരാകരിച്ചു കൊണ്ട് മറുപടിയായി, ഈസാനബി കുരിശിൽ മരിച്ചിട്ടില്ലെന്നും യഹൂദികൾക്ക് അബദ്ധം പിണഞ്ഞതാണെന്നും വ്രണങ്ങൾ കാരണത്താൽ പരീക്ഷീണനനായ ഈസാനബി അബോധാവസ്ഥയിൽ ആകുകയും അങ്ങനെ കുരിശിൽ മരണപ്പെട്ടവനെപ്പോലെ തോന്നുകയുമാണ് ചെയ്തതെന്നും അല്ലാഹു പറയുന്നു. അതുകൊണ്ടു തന്നെ ഈസാനബി കുരിശിൽ മരിച്ചുവെന്ന കാര്യത്തിൽ യഹൂദികൾ വഞ്ചിതരായി. ഇക്കാര്യത്തിൽ യഹൂദികൾ വിശദമായ അന്വേഷണം നടത്താതെ ഒരു ഊഹത്തെ പിന്തുടരുകയാണ് ചെയ്തത്. തുടർന്ന് അല്ലാഹു പറയുന്നു: **'ഇംമിൻ അഹ്‌ലിൽ കിത്താബി ഇല്ലാ ലയുഅ്മിനന്ന ബി ഹീ ഖബ്ല മൗത്തിഹീ'** അതായത് എല്ലാ ഗ്രന്ഥാനുസരികളും തങ്ങളുടെ മരണത്തിനു മുമ്പേ ഇക്കാര്യത്തിൽ വിശ്വസിക്കുന്നതാണ് അതായത് ഈസാനബി കുരിശിൽ മരിച്ചു എന്ന്. എന്നാൽ അവരുടെ ഈ വിശ്വാസം അവരുടെ മരണം വരെ മാത്രമെ നിലനിൽക്കുകയുള്ളൂ. മരണത്തിന് ശേഷം യാഥാർത്ഥ്യം അവർക്ക് വെളിപ്പെടും. കാരണം മരണശേഷം മനുഷ്യന് തങ്ങളുടെ തെറ്റുകളെ സംബന്ധിച്ച് അറിവ് നൽകുന്നതാണ്.

നോക്കുക ഈ അർത്ഥം എത്രമാത്രം വ്യക്തവും സാഹ

ചര്യങ്ങൾക്ക് അനുസൃതവുമാണ്. അല്ലാഹു പറയുന്നു, ഈ ലോകത്ത് ഗ്രന്ഥാനുസാരികൾ ഈസാനബി കുരിശിൽ മരിച്ചുവെന്ന വിചാരത്തിൽ തന്നെയായിരിക്കും എന്നാൽ ഈ വിശ്വാസം അവരുടെ മരണം വരെ മാത്രമാണ്. മരണശേഷം തങ്ങൾ തെറ്റിലായിരുന്നുവെന്നും ഈസാനബി യാഥാർത്ഥത്തിൽ കുരിശിൽ മരിച്ചിരുന്നില്ലെന്നും വ്യക്തമാകുന്നതാണ്.

കൂടാതെ നമ്മുടെ എതിരാളികൾ ഈ ആയത്തിന് നൽകുന്ന അർത്ഥ പ്രകാരം യഹൂദികൾക്ക് ഈ ആയത്ത് ഒരു വലിയ അനുഗ്രഹമാണ്. കാരണം അവരെല്ലാം ഒരു ദിവസം വിശ്വാസികളായിത്തീരും. യഥാർത്ഥത്തിൽ ഈ ആയത്തിന് മുന്നിലും പിന്നിലുമുള്ള ആയത്തുകൾ യഹൂദികളുടെ അക്രമങ്ങളെക്കുറിച്ചും നിർഭാഗ്യങ്ങളെക്കുറിച്ചും ഉള്ളതാണ്. എന്നിരിക്കെ അതിനിടയിലുള്ള ഒരു ആയത്തിനെ എങ്ങിനെയാണ് സുവാർത്തയായി കരുതുന്നത്. നമ്മുടെ അർത്ഥത്തിന് ഉപോൽബലകമായി '**മൗത്തിഹീ**' എന്ന പദം ഉണ്ട്. ഇതിന്റെ മറ്റൊരു ഉച്ചാരണം (ഖിർഅത്ത്) '**മൗത്തിഹിം**' എന്നാണ്. *തഫ്സീർ ബയ്ളാവിയിലും കശ്ശാഫിലും* അത് രേഖപ്പെട്ടു കിടക്കുന്നു. ഇത് വ്യക്തമാക്കുന്നത് **മൗത്തിഹീ** എന്നതിലെ സർവ്വനാമം ഈസാനബിയേയല്ല മറിച്ച് ഗ്രന്ഥാനുസാരികളെയാണ് സൂചിപ്പിക്കുന്നത് എന്നാണ് **ബിഹീ** എന്നതിലെ സർവ്വനാമം ഈസാനബി കുരിശിൽ മരിച്ചു എന്ന ഗ്രന്ഥാനുസാരികളുടെ വാദത്തെയാണ് സൂചിപ്പിക്കുന്നത്. കാരണം ഈ ആയത്തിനു മുമ്പ് വിശുദ്ധ ഖുർആൻ ഈ കാര്യത്തെക്കുറിച്ചു തന്നെയാണ് പരാമർശിക്കുന്നത്.

നാം നൽകുന്ന അർത്ഥത്തിന് ഉദ്ധൃത ആയത്തിലെ അവസാനഭഗം ശക്തമായി പിന്തുണയ്ക്കുന്നു. അല്ലാഹു പറയുന്നു, '**വയൗമൽ ഖിയമത്തി യക്കുനു അലൈഹിം ശഹീദാ**'* അതായത് ഗ്രന്ഥാനുസാരികൾ, മസീഹ് യഥാർ

---

* ഈ ആയത്തും ഈസാനബിയുടെ മരണത്തിന് തെളിവാണ്. കാരണം അല്ലാഹു ഈസാനബിയെക്കുറിച്ച് പറയുന്നത് അദ്ദേഹം ഖിയാമത്ത് നാളിൽ ആയിരിക്കും അവർക്കു മേൽ സാക്ഷിയാവുക എന്നാണ്. ഈസാ

ത്ഥത്തിൽ കുരിശിൽ മരിച്ചുവെന്ന വിചാരത്തിൽ തന്നെ കഴിഞ്ഞു കൂടുന്നതാണ്. എന്നാൽ ഖിയാമത്ത് നാളിൽ എല്ലാ മൃതരും ഉയർത്തെഴുന്നേൽപ്പിക്കപ്പെടുമ്പോൾ ഈസാ നബി അവർക്കെതിരെ സാക്ഷി പറയാൻ എഴുന്നേൽക്കും. തന്നെ സംബന്ധിച്ചുള്ള കുരിശുമരണസിദ്ധാന്തം തെറ്റാണെന്ന് വ്യക്തമാക്കും.

ചുരുക്കത്തിൽ ഉദ്ധൃത ആയത്തിന്റെ പശ്ചാത്തലവും **മൗത്തിഹീ** എന്നതിനുള്ള **മൗത്തിഹിം** എന്ന ഖിർഅത്തും വിശുദ്ധഖുർആനിലെ ഖണ്ഡിതമായ ആയത്തുകളും, അനഹ്മദീ പണ്ഡിതൻമാർ നൽകുന്ന അർത്ഥം തെറ്റാണെന്ന് പറയാൻ നമ്മെ നിർബന്ധിക്കുന്നു.

## വിശുദ്ധ ഖുർആൻ വ്യഖ്യാനത്തിന്റെ രീതി

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

هُوَ الَّذِي أَنْزَلَ عَلَيْكَ الْكِتَابَ مِنْهُ آيَاتٌ مُحْكَمَاتٌ
هُنَّ أُمُّ الْكِتَابِ وَأُخَرُ مُتَشَابِهَاتٌ فَأَمَّا الَّذِينَ فِي
قُلُوبِهِمْ زَيْغٌ فَيَتَّبِعُونَ مَا تَشَابَهَ مِنْهُ ابْتِغَاءَ الْفِتْنَةِ

മൗലവി നദീർ അഹ്മദ് സാഹിബ് ദഹ്‌ലവി ഈ ആയത്തിന് ഇങ്ങനെ അർത്ഥം കൊടുക്കുന്നു, പ്രവാചകരേ, താങ്കൾക്ക് മേൽ ഈ ഗ്രന്ഥം ഇറക്കിയവൻ പരിശുദ്ധനാണ്. അതിൽ ചില സൂക്തങ്ങൾ ഉറപ്പുള്ളത് അതായത് വ്യക്തവും സുഗ്രാഹ്യവും ആണ്. അതാണ് യഥാർത്ഥ ഗ്രന്ഥം. മറ്റു ചില അവ്യക്തമായ സൂക്തങ്ങൾ ഉണ്ട്. അതിന്റെ അർത്ഥ

---

നബി ഖിയാമത്തിനു മുമ്പ് ഇറങ്ങുമെങ്കിൽ ഈ ഖുർആനിക വിവക്ഷ ശരിയാകാവതല്ലല്ലോ.

ങ്ങൾക്ക് പല വശങ്ങളുമുണ്ട്. ആരുടെ ഹൃദയത്തിലാണോ വക്രതയുള്ളത് അവർ ഖുർആനിലെ ഈ അവ്യക്തമായ ആയത്തുകൾക്ക് പിന്നാലെ കൂടുന്നു. കുഴപ്പമുണ്ടാക്കുന്നതിനു വേണ്ടി.(3:8)

നോക്കുക, അല്ലാഹു നമുക്ക് വിശുദ്ധ ഖുർആന്റെ വ്യാഖ്യാനത്തിനുള്ള രീതി മനസ്സിലാക്കിത്തന്നിരിക്കുന്നു. അതുമുഖേന എല്ലാ വഴക്കുകളുടെയും വേരറുക്കപ്പെടുന്നു. അല്ലാഹു പറയുന്നു; ചില ആയത്തുകളുടെ അർത്ഥങ്ങൾക്ക് പല വശങ്ങളുമുണ്ട്. ഉദാഹരണമായി ഏതെങ്കിലും സർവ്വനാമം ഉപയോഗിച്ചിട്ടുണ്ടാകും. അത് ഒരു സാധനത്തെക്കുറിക്കാൻ വേണ്ടിയായിരിക്കാം. അല്ലെങ്കിൽ മറ്റനെന്തിനെയെങ്കിലും. ഏതെങ്കിലും രീതിയിലുള്ള സംശയങ്ങൾ ഉണ്ടായാൽ അല്ലാഹു നമുക്ക് നൽകുന്ന നിർദ്ദേശം, അത്തരം ആയത്തുകൾക്ക് നൽകുന്ന അർത്ഥം വിശുദ്ധ ഖുർആന്റെ ഖണ്ഡിതമായ സൂക്തങ്ങൾക്ക് വിരുദ്ധമായിരിക്കരുത് എന്നാണ്.

ഈ ആയത്ത് എത്രമാത്രം ഖണ്ഡിതവും തെളിവുകൾ സമർത്ഥിക്കുന്നതുമാണെന്ന് നോക്കുക.

فَأَغْرَيْنَا بَيْنَهُمُ الْعَدَاوَةَ وَالْبَغْضَاءَ إِلٰى يَوْمِ الْقِيٰمَةِ

അതായത് യഹൂദികൾക്കും ക്രിസ്ത്യാനികൾക്കും ഇടയിൽ ഖിയാമത്ത് വരെ ശത്രുത നിലനിൽക്കുന്നതാണ്. നാം ചർച്ച ചെയ്തു വരുന്ന ആയത്തിന്, ഒരു കാലത്ത് എല്ലാ യഹൂദികളും ഈസാനബിയെ വിശ്വസിക്കുമെന്നും അവരും ക്രിസ്ത്യാനികളും ഒന്നായിത്തീരുമെന്നും അർത്ഥം കൊടുക്കുന്നത് നീതികരിക്കാവതല്ല!

ചില പണ്ഡിതൻമാർ ഈ ആയത്തിനെ സംബന്ധിച്ച് പറയുന്നത്, അവർ നൽകുന്ന അതേ അർത്ഥം തന്നെയാണ് ഹദ്റത്ത് അബൂഹുറയ്റ(റ)ഉം ഈ ആയത്തിന് കൊടുത്തത് എന്നാണ്. ഇതിനുള്ള മറുപടിയിൽ ഹദ്റത്ത് അഹ്മദ്(അ) പറയുന്നു.

**മൗത്തിഹീ** എന്നതിലെ സർവ്വനാമം ഗ്രന്ഥാനുസാരിക ളിലേക്കാണ് തിരിയുന്നത്. ഹദ്റത്ത് ഈസാ(അ)ലേക്ക് അല്ല. അതുകൊണ്ടുതന്നെയാണ് ഈ ആയത്തിന്റെ മറ്റൊരു ഖിർഅത്തിൽ **മൗത്തിഹിം** എന്നുള്ളത്. ഈസാ നബിയെക്കുറിച്ചാണ് ഇതിന്റെ സർവ്വനാമമെങ്കിൽ മറ്റൊരു ഖിർഅത്തിൽ മൗത്തിഹിം എന്ന് എങ്ങനെ വരാനാണ്. തഫ്സീർസനാ ഈ നോക്കുക, അതിൽ എത്ര ശക്തമാ യാണ് നമ്മുടെ ഈ വിശദീകരണത്തിന് സാക്ഷ്യമുള്ള തെന്ന്. അതിൽ എഴുതിയിരിക്കുന്നു; അബൂഹുറയ്റ(റ) ന്റെ വീക്ഷണത്തിൽ ഈ അർത്ഥം തന്നെയാണ് ഉള്ളത്. തുടർന്ന് വ്യാഖ്യാതാവ് എഴുതുന്നു. അബൂഹുറയ്റ(റ) ന്റെ ഖുർആൻ പാണ്ഡിത്യം കുറവായിരുന്നു. അദ്ദേഹ ത്തിന്റെ ദറായത്ത് (ആശയാപഗ്രന്ഥനം, ധൈഷണിക ത,)നെക്കുറിച്ച് ഹദീസു പണ്ഡിതൻമാർക്ക് ആക്ഷേപം ഉണ്ട്. അബൂഹുറയ്റ(റ)ന് കേട്ട കാര്യങ്ങൾ അതേപടി ആവർത്തിക്കാനുള്ള കഴിവ് ഉണ്ടായിരുന്നു. പക്ഷെ ആശ യാപഗ്രഥനത്തിനും കാര്യങ്ങൾ മനസ്സിലാക്കുന്നതിനുമുള്ള കഴിവ് കുറവായിരുന്നു. അബൂഹുറയ്റ(റ) അങ്ങനെ ഒരു അർത്ഥം കൊടുത്തിട്ടുണ്ടെങ്കിൽ അത് അദ്ദേഹത്തിന് പറ്റിയ അബദ്ധമാണെന്നേ ഞാൻ പറയൂ. മറ്റ് പല സന്ദർങ്ങളിലും മുഹദ്ദീസീങ്ങൾ, അബൂഹുറയ്റ(റ) കാര്യം ഗ്രഹിക്കുന്ന തിലും ആശയാപഗ്രഥനത്തിലും ഒരുപാട് അബദ്ധം കാണി ച്ചിട്ടുണ്ടെന്നും പിഴവ് സംഭവിച്ചിട്ടുണ്ടെന്നും തെളിയിച്ചിട്ടു ള്ളതാണ്. ഒരു സ്വഹാബിയുടെ മാത്രം അഭിപ്രായം ന്യാ യപ്രമാണപരമായ ന്യായപൂർത്തിക്ക് മതിയായതല്ലെന്നത് സർവ്വാംഗീകൃതമാണ്. ന്യായപ്രമാണപരമായ ന്യായപൂ ർത്തി, സ്വഹാബാക്കളുടെ ഇജ്മാഅ് അഥവാ ഏകോപി ച്ച അഭിപ്രായം കൊണ്ടാണ് ഉണ്ടാവുന്നത്. എല്ലാ പ്രവാച കൻമാരും മരിച്ചു പോയിരിക്കുന്നു എന്നതിൽ സ്വഹാബാ ക്കളുടെ ഇജ്മാഅ് ഉണ്ട്. **ഖബ്ല മൗത്തിഹീ** എന്ന ആയ ത്തിന്റെ മറ്റൊരു ഖിർഅത്ത് **ഖബ്ല മൗത്തിഹീം** എന്നും

ഉണ്ട്. മുഹദ്ദിസീങ്ങളുടെ നിയമമനുസരിച്ച് അത് ശരിയായ ഹദീസുമാണ്. അതായത് നബി(സ)ൽ നിന്നാണെന്ന് സ്ഥാപിതമായ ഹദീസുകൾ. ആയതിനാൽ ഇക്കാര്യത്തിൽ അബൂഹുറയ്റ(റ)ന്റെ മാത്രം വാക്കുകൾ തിരസ്കൃതാർഹമാണ്. കാരണം അത് നബി(സ)ന്റെ തിരുവചനങ്ങൾക്കു മുന്നിൽ വ്യർത്ഥമാണ്. അതിൽ തൂങ്ങിപ്പിടിക്കുന്നത് കുഫ്റിലേക്ക് വരെ എത്തിക്കുന്നതുമാണ്. അതുമാത്രമല്ല അബൂഹുറയ്റ(റ)ന്റെ വാക്കുകൾ കൊണ്ട് വിശുദ്ധ ഖുർആൻ തെറ്റാണെന്ന് വരുന്നു. കാരണം വിശുദ്ധ ഖുർആൻ കൂടെക്കൂടെ പറയുന്നു, യഹൂദികളും നസറാണികളും ഖിയാമത്ത് വരെ നിലനിൽക്കുന്നതാണെന്ന്. അവർ പൂർണ്ണമായും ഇല്ലായ്മ ചെയ്യപ്പെടുന്നതല്ല. പക്ഷെ അബൂഹുറയ്റ പറയുന്നത് യഹൂദികൾ പൂർണ്ണമായും ഇല്ലാതാക്കപ്പെടും എന്നാണ്. ഇത് വിശുദ്ധ ഖുർആന് തികച്ചും വിരുദ്ധമാണ്. വിശുദ്ധ ഖുർആനിൽ വിശ്വസിക്കുന്ന ഒവ്വൊരു വ്യക്തിയും ഇക്കാര്യത്തിൽ അബൂഹുറയ്റയുടെ വാക്കുകളെ ഉപേക്ഷിക്കപ്പെടേണ്ട സാധനത്തെപ്പോലെ വലിച്ചെറിയേണ്ടതാണ് *(ബറാഹീനെ അഹ്മദിയ്യാ ഭാഗം 5, പേജ് 235, അനുബന്ധം)*

ചുരുക്കത്തിൽ പരാമൃഷ്ട ആയത്തിലെ **മൗത്തിഹീ** എന്നതിന്റെ സർവ്വനാമം ഗ്രന്ഥാനുസാരികളെ കുറിക്കുന്നു. ഈസാനബിയെ കുറിച്ചല്ല എന്നതാണ് യാഥാർത്ഥ്യം. **മൗത്തിഹീ** എന്നതിലെ സർവ്വനാമം ഈസാനബിയിലേക്കല്ല തിരിയുന്നത് എന്ന് വ്യക്തമായിക്കഴിഞ്ഞു. **ബിഹീ** എന്നതിലെ സർവ്വനാമം ഈസാനബിയെക്കുറിച്ചാണെന്ന് സങ്കൽപിച്ചുകൊണ്ട് ആയത്തിന് എങ്ങനെ അർത്ഥം നൽകിയാലും ആ ആയത്തുകൊണ്ട് ഒരിക്കലും തന്നെ ഈസാനബി ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കാനേ സാധ്യമല്ല.

ഏറ്റവും വിചിത്രമായിട്ടുള്ളത്, നമ്മുടെ എതിരാളികൾ പോലും മുത്തശാബിഹാത്താണെന്ന് അംഗീകരിക്കുകയും കഴിഞ്ഞ കാലവ്യാഖ്യാതാക്കൾ അർത്ഥത്തെക്കുറിച്ച് വിഭിന്നാഭിപ്രായങ്ങൾ പറയുകയും ചെയ്തിട്ടുള്ള ആയത്തിനെ

പ്രശ്നാധിഷ്ഠിതമായ ഒരു വിഷയത്തിന് അടിത്തറയായി സ്വീകരിക്കുന്നു എന്നതാണ്. അതേസമയം ഖണ്ഡിത സൂക്ത ങ്ങളെ തികച്ചും അവഗണിക്കുകയും ചെയ്യുന്നു. എന്നാൽ ഇങ്ങനെ ചെയ്യുന്നവരെ സംബന്ധിച്ച് അല്ലാഹു പറയുന്നത് എന്താണെന്നു കൂടി കേൾക്കുക. അല്ലാഹു പറയുന്നു.

الَّذِينَ فِي قُلُوبِهِمْ زَيْغٌ فَيَتَّبِعُونَ مَا تَشَابَهَ مِنْهُ ابْتِغَاءَ الْفِتْنَةِ

ഹൃദയങ്ങളിൽ വക്രതയുള്ളവർ സദൃശവചനങ്ങളുടെ പി ന്നാലെ കൂടുന്നു. കുഴപ്പമുണ്ടാക്കുന്നതിനു വേണ്ടി.(3:8)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വചനത്തിലെ അവ്യക്തതയും ഞങ്ങൾ മാറ്റുകയുണ്ടായി. ഈ ആയത്തും ഖണ്ഡിത വചനങ്ങളിലാണ് കാണപ്പെടുക. കണ്ണുള്ളവർ കണ്ടു കൊള്ളട്ടെ.

## ഈസാനബിയുടെ മരണം
## ഹദീസുകളിലെ തെളിവുകൾ

വിശുദ്ധ ഖുർആൻ, ഈസാനബി ജീവിച്ചിരിക്കുന്നു വെന്ന വാദത്തെ വളരെ ദൂരത്തു നിന്നു തന്നെ തള്ളിപ്പുറത്താക്കു ന്നതായി വായനക്കാർ കണ്ടിരിക്കും. **മൻ അസ്ദഖു മിന ല്ലാഹി ഖീലൻ** (അല്ലാഹുവിനേക്കാൾ വാക്കിൽ, കൂടുതൽ സത്യവാനായി മറ്റാരുണ്ട് 4: 124) എന്ന ആയത്തിന്റെ അടി സ്ഥാനത്തിൽ ഇവ്വിഷയകമായി ഹദീസിന്റെ സാക്ഷ്യങ്ങൾ തിരയേണ്ടതില്ല. എങ്കിലും വായനക്കാരുടെ സംതൃപ് തി ക്കായി ഹദീസിൽ നിന്നും ഈസാനബിയുടെ മരണത്തെ ക്കുറിച്ച് ചില തെളിവുകൾ സമർപ്പിക്കാൻ ആഗ്രഹിക്കുന്നു. അങ്ങനെ ഇതു സംബന്ധിച്ചുള്ള സംശയങ്ങൾ ദുരീകരിക്ക പ്പെടുമാറാകണം. നബി(സ) പറയുന്നു:

مَا مِنْ نَفْسٍ مَنْفُوْسَةٍ الْيَوْمَ يَأْتِيْ عَلَيْهَا مِائَةُسَنَةٍ وَهِيَ يَوْمَئِذٍ حَيّةٌ

ഇന്ന് ജീവിച്ചിരിപ്പുള്ള ഒരാളും നൂറു വർഷത്തിനു ശേഷം ജീവിച്ചിരിപ്പുണ്ടാവില്ല.(മുസ്ലിം)

ഈ ഹദീസ് വളരെ വ്യക്തമായി ഈസാനബിയുടെ മരണ ഗീതം ആലപിക്കുന്നു. ഈസാനബി ഇപ്പോൾ ജീവിച്ചിരിപ്പു ണ്ടെങ്കിൽ തീർച്ചയായും നബി(സ)ന്റെ കാലത്തും ജീവനു ള്ള ആളായിരിക്കണമല്ലോ? അഥവാ അദ്ദേഹം അപ്പോൾ ജീവിച്ചിരിപ്പുള്ള ആളായിരുന്നുവെങ്കിൽ നൂറ് വർഷത്തിന കം തീർച്ചയായും മരണപ്പെട്ടിട്ടുണ്ടാകും. ഇത് മാത്രമല്ല, മറ്റൊരു ഹദീസിൽ നബി(സ) പറയുന്നു.

إِنَّ عِيْسَى ابْنَ مَرْيَمَ عَاشَ عَشْرِيْنَ وَمِائَةَ سَنَةٍ

ഈസബ്നുമർയം 120 വയസുവരെ ജീവിച്ചിരുന്നു. *(ത്വിബ്റാനി, മുസ്തദറക്കുഹാക്കിം)*

ഈ ഹദീസാകട്ടെ യാതൊരു സംശയത്തിനുള്ള പഴു തും അവശേഷിപ്പിക്കുന്നില്ല. ഈസാനബിയുടെ പ്രായം നിജപ്പെടുത്തിക്കൊണ്ട് അദ്ദേഹത്തിന്റെ മരണം പ്രഖ്യാപി ക്കുന്നു. ഈ വിഷയത്തെ മുമ്പോട്ട് കൊണ്ടു പോകേണ്ട ആവശ്യംതന്നെ വരുന്നില്ല. എങ്കിലും പരമാവധി ഇതേ ക്കുറിച്ച് സംതൃപ്തരാക്കാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. കേൾക്കുക. നബി(സ) പറയുന്നു:

لَوْ كَانَ مُوْسىٰ وَعِيْسىٰ حَيَّيْنِ لَمَا وَسِعَهُمَا اِلَّا اتِّبَاعِى

മൂസയും ഈസയും ജീവിച്ചിരിപ്പുണ്ടെങ്കിൽ അവർക്ക് എന്നെപ്പറ്റാതെ നിവൃത്തിയുണ്ടാകുമായിരുന്നില്ല. *(തഫ്സീർ ഇബ്നു കസീർ, ബാഗം 2, പേജ് 246)*

ഈ ഹദീസ് എല്ലാ പ്രശ്നങ്ങളും തീർ ക്കുന്നു. ഈസാ നബിയുടെ മരണ കാര്യത്തിൽ ഒരായിരം സൂര്യൻമാർ ഒന്നിച്ചുദിച്ച പ്രതീതി ഉണ്ടാക്കുന്നു. ഈ വിഷയത്തിൽ വിദൂരമായിപ്പോലും ഇരുട്ടിനെ ബാക്കിയാക്കുന്നില്ല.

മിഅ്റാജിന്റെ ഹദീസിൽ നബി(സ) പറയുന്നു, ഞാൻ രണ്ടാം ആകാശത്തു പോയപ്പോൾ അവിടെ യഹ്യാ(അ) നേയും ഈസാ(അ)നേയും കണ്ടു.*(ബുഖാരി, മുസ്ലിം)*

ഹദ്റത്ത് യഹ്യാ(അ) മരിച്ചു പോയിരിക്കുന്നുവെന്നും അദ്ദേഹത്തിന്റെ ആത്മാവ് അസ്ഥിപഞ്ചരത്തെ വിട്ടു പോയിരിക്കുന്നുവെന്നും എല്ലാവരും അംഗീകരിക്കുന്നതാണ്. അതുകൊണ്ടു തന്നെ ഈസാനബിയും മരിച്ചുവെന്ന് തെളിയുന്നു. മരിച്ചവർക്കിടയിൽ കഴിയുന്ന ആളും മരിച്ച ആൾ തന്നെയായിരിക്കും. മരിച്ചവർക്കിടയിൽ ജീവിച്ചിരിപ്പുള്ള ആളെ വെയ്ക്കാവതല്ലല്ലോ! നോക്കുക എത്രമാത്രം വിശദമായിട്ടാണ് വിശുദ്ധ ഖുർആനും തിരുഹദീസുകളും ഈസാ നബി മരണപ്പെട്ടുവെന്ന് തെളിയിക്കുന്നത്. വിശുദ്ധ ഖുർആൻ വ്യക്തമായ വാക്കുകളിൽ പറയുന്നു. ഈസാനബി ആകാശത്തിലേക്ക് കരേറപ്പെട്ടിട്ടില്ല. മറ്റ് സൽകർമ്മകാരികൾക്ക് മരണത്തിന് ശേഷം സംഭവിക്കുന്ന **റഫഅ്** തന്നെയാണ് അദ്ദേഹത്തിനും സംഭവിച്ചത്. മാത്രമല്ല മസീഹ് സ്വന്തം നാവു കൊണ്ടു തന്നെ പറയുന്നത്, നിങ്ങളെന്തിനാണ് എന്നെ ജീവനുള്ളവരിൽ ഗണിക്കുന്നത്, ഞാനാകട്ടെ എന്റെ സമുദായം വഴിതെറ്റുന്നതിനു മുമ്പേ മരണപ്പെട്ടിരിക്കുന്നു. മാത്രമല്ല അല്ലാഹു തന്റെ സനാതന നിയമം പറഞ്ഞത്, നബി(സ)ന് മുമ്പു വന്ന എല്ലാ പ്രവാചകൻമാരും മരണപ്പെട്ടിരിക്കുന്നു എന്നാണ്. നബി(സ) മസീഹിന്റെ പ്രായം 120 വയസ്സായിരുന്നുവെന്നും വ്യക്തമാക്കുന്നു. കൂടാതെ ഈസാ(അ)ഉം മൂസ(അ)ഉം ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ തന്നെ പിൻപറ്റാൻ നിർബന്ധിതരാകുമെന്നും നബി (സ) വ്യക്തമായ ഭാഷയിൽ പറയുന്നു. ഇതിലും വലിയ തെളിവുകൾ മറ്റെന്താണ് വേണ്ടത്. ഇത്രയും വ്യക്തമായ

തെളിവുകൾ ഉണ്ടായിട്ടും ആരെങ്കിലും തന്റെ വാശി ഉപേക്ഷിക്കുന്നില്ലെങ്കിൽ അതയാൾക്ക് ഭൂഷണം. ഞങ്ങൾ എല്ലാ നിലയ്ക്കും ന്യായപൂർത്തി വരുത്തിയിരിക്കുന്നു. വാശിപിടക്കുന്നവരുടെ കാര്യം അല്ലാഹുവുമായിട്ടാണ്.

## അധ്യായം 3

# മരിച്ചവർ തിരിച്ചു വരുന്നില്ല

ഈസാനബിയുടെ മരണത്തെക്കുറിച്ച് വിശുദ്ധ ഖുർആനിലും തിരുഹദീസുകളിലും വ്യക്തമായ പരാമർശം കാണുമ്പോൾ, അല്ലാഹു ഈസാനബിയെ വീണ്ടും ജീവൻ കൊടുത്ത് ഈ ലോകത്തേക്ക് കൊണ്ടു വരും എന്ന് ചില യാളുകൾ പറയാറുണ്ട്. മരിച്ചവർ വീണ്ടും ജീവനോടെ ഈ ലോകത്തേക്ക് വരുക എന്നത് ഇസ്‌ലാമിക അധ്യാപനങ്ങളുടെയും ദൈവിക ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ തികച്ചും തെറ്റാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ മനുഷ്യസമൂഹത്തെ സംബോധന ചെയ്തുകൊണ്ട് പറയുന്നു:

ثُمَّ اِنَّكُمْ بَعْدَ ذٰلِكَ لَمَيِّتُوْنَ ﴿١٦﴾

ثُمَّ اِنَّكُمْ يَوْمَ الْقِيٰمَةِ تُبْعَثُوْنَ ﴿١٧﴾

അതിന് ശേഷം നിങ്ങൾ മരണമടയുന്നവരാണ്. പിന്നീട് ഖിയാമത്ത് നാളിലാണ് ഉയർത്തെഴുന്നേൽക്കപ്പെടുക. (23:16,17)

ഈ ആയത്തിൽ അല്ലാഹു വളരെ വ്യക്തമായും പറയുന്നത്, മരണശേഷം ജീവിതം നൽകപ്പെടുക ഖിയാമത്ത് നാളിലാണെന്നും അതിനു മുമ്പ് അല്ലെന്നുമാണ്. വീണ്ടും പറയുന്നു:

وَمِنْ وَرَائِهِمْ بَرْزَخٌ إِلَى يَوْمِ يُبْعَثُونَ

അവർ പുനരുത്ഥാനം ചെയ്യപ്പെടുന്നത് വരെ അവരുടെ പിന്നിൽ ഒരു മറയുണ്ട്. (23:101)

ഈ ആയത്ത് വളരെ വ്യക്തമായ നിലയിൽ തന്നെ മരി

ച്ചവർ ഖിയാമത്ത് നാളിലാണ് ജീവിപ്പിക്കപ്പെടുക എന്ന് പറയുന്നു. ഖിയാമത്തിനു മുമ്പ് ഈ ലോകത്തിനിടയിൽ അല്ലാഹു ഒരു മറ ഉണ്ടാക്കിയിരിക്കുന്നു. അത് ഖിയാമത്ത് നാളിൽ മാത്രമെ എടുത്തു മാറ്റപ്പെടുകയുള്ളൂ. അല്ലാഹു വീണ്ടും പറയുന്നു:

وَحَرٰمٌ عَلٰى قَرْيَةٍ اَهْلَكْنٰهَآ اَنَّهُمْ لَا يَرْجِعُوْنَ ﴿٩٦﴾

നാം നശിപ്പിച്ചു കഴിഞ്ഞ ഒരു നാടിനെ സംബന്ധിച്ചുള്ള നമ്മുടെ ഖണ്ഡിതമായ തീരുമാനം തീർച്ചയായും അവർ ഈ ലോകത്തേക്ക് തിരിച്ചു വരികയില്ല എന്നതാണ്.(21:96)

മാത്രമല്ല നബി(സ)ന്റെ ഒരു ഹദീസ് ഈ വിഷയം കുറേക്കൂടി വിശദീകരിക്കുന്നുണ്ട്. നബി(സ) പറയുന്നു, ഉഹദ് യുദ്ധത്തിൽ ജാബർ(റ)ന്റെ പിതാവ് ശഹീദായി. അല്ലാഹു അദ്ദേഹത്തോട് നീ എന്തു ചോദിച്ചാലും തരാമെന്ന് വാഗ്ദാനം നൽകുകയും ചെയ്തു. അദ്ദേഹം പറഞ്ഞു; അല്ലാഹുവേ, ഇസ്‌ലാമിന്റെ മാർഗ്ഗത്തിൽ പോരാടുന്നതിന് എന്നെ വീണ്ടും ജീവിപ്പിക്കേണമേ, അങ്ങനെ വീണ്ടും ഞാൻ നിന്റെ മാർഗത്തിൽ ജീവൻ ബലിയർപ്പിക്കുന്നതാണ്. അപ്പോൾ അല്ലാഹു പറഞ്ഞു:

سَبَقَ الْقَوْلُ مِنِّیْ اَنَّهُمْ لَا یَرْجِعُوْنَ

അത് സാധ്യമല്ല, കാരണം മരിച്ചവരെ വീണ്ടും ജീവിപ്പിച്ച് ലോകത്തേക്ക് അയക്കുകയില്ല എന്നത് എന്റെ ഖണ്ഡിതമായ തീരുമാനമാണ്.*

ഈ ഹദീസുണ്ടായിരിക്കെ മറ്റൊരു തെളിവിന്റെയും ആവ

*ഇവിടെ ചിന്തിക്കേണ്ട ഒരു സംഗതി, അല്ലാഹുവാണ് ചോദിക്കാൻ പറഞ്ഞത്. ചോദിക്കുന്ന ആൾ ശഹീദും ഉന്നതസ്ഥാനീയനായ സ്വഹാബിയുമാണ്. പക്ഷെ അദ്ദേഹത്തിന്റെ ആവശ്യം അല്ലാഹുവിന്റെ വ്യക്തമായ തീരുമാനത്തിനും നടപടിക്രമങ്ങൾക്കും വിരുദ്ധമായിരുന്നു. അതുകൊണ്ട് തന്നെ ആ ആവശ്യം അംഗീകരിക്കപ്പെട്ടില്ല.

ശ്യമില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷെ വിചിത്രമെന്ന് പറയട്ടെ, നമ്മുടെ മൗലവിമാർ ഈസാനബിയെ മരിച്ചുവെന്ന് അംഗീകരിക്കുകയും വീണ്ടും ഈലോകത്തേക്ക് വരുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നവർ മാത്രമല്ല, മറിച്ച് ഈസാനബി യാഥാർത്ഥമൃതരെ ഈ ലോകത്ത് ജീവിപ്പിച്ചുവെന്ന് കരുതുകയും ചെയ്യുന്നവരാണ്. യഥാർത്ഥത്തിൽ ഈസാനബി ജീവിപ്പിച്ച പോലെയാണെങ്കിൽ എല്ലാ നബിമാരും മൃതരെ ജീവിപ്പിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ മൃതരെ ജീവിപ്പിച്ചത് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയാണ്. ഇവിടെയുള്ള സങ്കീർണ്ണപ്രശ്നം ജനങ്ങൾ അവരുടെ ചെറിയ അറിവ് വെച്ച് എല്ലാ വാക്കുകളുടെയും പ്രത്യക്ഷത്തിലുള്ള അർത്ഥത്തിൽ പിടി മുറുക്കുന്നു. പലപ്പോഴും പദങ്ങൾ ആലങ്കാരികമായും ഉപയോഗിക്കപ്പെടാറുണ്ട് എന്നതാണ് വാസ്തവം. ഉദാഹരണമായി വിശുദ്ധ ഖുർആൻ പറയുന്നു:

وَمَنْ كَانَ فِيْ هٰذِهٖٓ اَعْمٰى فَهُوَ فِي الْاٰخِرَةِ اَعْمٰى

വല്ലവനും ഈ ലോകത്ത് അന്ധനായിരുന്നാൽ അവൻ പരലോകത്തും അന്ധനായിരിക്കും.(17:73)

ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്ന അന്ധൻ ആത്മീയ അന്ധനാണെന്നും ഭൗതികമായ കണ്ണുകൾക്ക് കാഴ്ചയില്ലാത്തവനല്ലെന്നും എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. പിന്നെന്തുകൊണ്ട് ഈസാനബിയുടെ കാര്യത്തിൽ മൃതരെ സംബന്ധിച്ച് പറയുമ്പോൾ ആത്മീയമായി മരണപ്പെട്ടവരെന്ന് അർത്ഥം കൊടുക്കുന്നില്ല എന്നതാണ് മനസിലാകാത്തത്. നബി(സ)നെ സംബന്ധിച്ച് അല്ലാഹു പറയുന്നു.

يٰٓاَيُّهَا الَّذِيْنَ اٰمَنُوا اسْتَجِيْبُوْا لِلّٰهِ
وَلِلرَّسُوْلِ اِذَا دَعَاكُمْ لِمَا يُحْيِيْكُمْ ۚ

വിശ്വസിച്ചവരേ, നിങ്ങൾക്ക് ജീവൻ നൽകാൻ വേണ്ടി അല്ലാഹുവും അവന്റെ റസൂലും നിങ്ങളെ വിളിക്കുമ്പോൾ നിങ്ങളതിന് ഉത്തരം നൽകുക. (8:25)

നബി(സ)നെ സംബന്ധിച്ച് എത്ര വ്യക്തമായ രീതിയിലാണ് ജീവിപ്പിക്കുക എന്ന പദം വന്നിട്ടുള്ളതെന്ന് നോക്കുക. ഇവിടെ നമ്മുടെ ശത്രുക്കളും ആത്മീയ ജീവിതം തന്നെയാണ് ദർശിക്കുന്നത്. എന്നാൽ ഹദ്റത്ത് ഈസാനബി(അ)നെക്കുറിച്ച് ഇതേപോലുള്ള പദങ്ങൾ പ്രയോഗിക്കുമ്പോൾ അവിടെ യഥാർത്ഥ മൃതരെ ജീവിപ്പിക്കുക എന്ന് അർത്ഥം കൊടുക്കുന്നു. കഷ്ടമെന്നേ പറയേണ്ടൂ, നമ്മുടെ മൗലവിമാർ ഈസാനബിയുടെ അന്തസ്സിനെ ശിർക്കിന്റെ പരിധിയിലേക്ക് വരെ ഉയർത്തിയിരിക്കുന്നു. അതിനുമുന്നിൽ നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ അന്തസ്സിനെ ഗൗനിച്ചതേയില്ല.

മരിച്ചു പോയവർ ഈ ലോകത്തേക്ക് തിരിച്ചു വരികയില്ലെന്ന് വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ കാണപ്പെടുമ്പോൾ നമ്മുടെ എതിരാളികൾ പറയാറുള്ളത് മരിച്ചവർ തിരിച്ചു വരികയില്ല എന്നത് അല്ലാഹുവിന്റെ പൊതുനടപടി ക്രമം തന്നെയാണെങ്കിലും അല്ലാഹുവിന് അദ്ദേഹത്തെ ജീവിപ്പിച്ച് ഈ ലോകത്തേക്ക് കൊണ്ടു വരാൻ കഴിവില്ലേ എന്നാണ്. ഇത് എന്തുമാതിരി തെളിവാണ്?

അല്ലാഹുവിന് കഴിവില്ല എന്ന് ആരാണ് പറഞ്ഞത്? ഏതെങ്കിലും കാര്യത്തിന് അല്ലാഹുവിനുള്ള കഴിവ് ആ സംഗതി അങ്ങനെ തന്നെ സംഭവിച്ചു എന്നുള്ളതിന് തെളിവല്ലല്ലോ. ഒന്ന് ആലോചിച്ചു നോക്കൂ. അല്ലാഹുവിന് നബി(സ)നെ ജീവിപ്പിച്ച് കൊണ്ടു വരാൻ കഴിവില്ലേ? ഈ കഴിവ് നബി(സ) വീണ്ടും വരുമെന്നതിന് തെളിവാണോ? ഈ നിമിഷത്തിൽ തന്നെ അല്ലാഹുവിന് ഖിയാമത്തുണ്ടാക്കാൻ കഴിവില്ലേ? അത് ഇപ്പോൾ തന്നെ ഖിയാമത്ത് ഉണ്ടായി എന്നുള്ളതിന് തെളിവാണോ? ഇത്തരം തെളിവുകൾ കേൾക്കുമ്പോൾ ഈ കാലഘട്ടത്തിലെ മൗലവിമാരുടെ ബുദ്ധി ശക്തിയെ ഓർത്ത്

വ്യസനമാണ് തോന്നുന്നത്. ഇവരുടെ അവസ്ഥ എത്രമാത്രം പരിതാപകരമാണ്: സഹോദരങ്ങളേ, അല്ലാഹുവിന് ഏതെങ്കിലും കാര്യത്തിലുള്ള കഴിവ് അക്കാര്യം അങ്ങനെ തന്നെ സംഭവിക്കുന്നു എന്നതിനുള്ള തെളിവല്ല. അതുണ്ടായെന്ന് സ്ഥാപിക്കപ്പെടുക അതുണ്ടായെന്നതിന് തെളിവ് സമർപ്പിക്കുമ്പോഴാണ്. അതായത് അല്ലാഹു ഇന്ന കാര്യത്തിൽ തന്റെ നടപടിചട്ടം ഒഴിവാക്കി പ്രത്യേകമായ ഒഴികഴിവോടുകൂടി തന്റെ ഖുദ്റത്ത് നടപ്പിൽ വരുത്തി എന്ന തെളിയിക്കപ്പെടണം. ഞങ്ങൾ പറഞ്ഞു വരുന്നത് അല്ലാഹുവിന് മരിച്ചവരെ ജീവിപ്പിച്ച് ഈ ലോകത്തേക്ക് കൊണ്ടു വരാൻ കഴിവുണ്ടെങ്കിൽ തന്നെയും അങ്ങനെ ചെയ്യുന്നില്ല എന്നതാണ് അല്ലാഹുവിന്റെ സുന്നത്ത് അഥവാ നടപടിക്രമം. അല്ലാഹുവിന്റെ കഴിവിനെ മുൻനിർത്തിക്കൊണ്ടാണ് തീരുമാനമെടുക്കുന്നതെങ്കിൽ, അല്ലാഹുവിന് ഈ ഉമ്മത്തിൽ നിന്നൊരാളെ മസീഹായി അയക്കാൻ കഴിവില്ലേ? അല്ലാഹുവിന്റെ ഖുദ്റത്തിന്റെ തോജോ വിലാസം പഴയ മസീഹിനെ വീണ്ടും കൊണ്ടു വരുന്നതിലല്ല മറിച്ച് ഈ ഉമ്മത്തിൽ നിന്നൊരാളെ വാഗ്ദത്ത മസീഹായി ജനിപ്പിക്കുന്നതിലാണ്. മാത്രമല്ല, നഷ്ടപ്പെട്ടാൽ പിന്നീട് കിട്ടാനോ ഉണ്ടാക്കാനോ പ്രയാസമുണ്ട് അല്ലെങ്കിൽ സാധ്യമല്ല എന്നു വരുമ്പോഴാണ് ഒരു വസ്തുവിനെ ഒരു പാട് സംരക്ഷിച്ച് നിലനിർത്തുന്നത്. എന്നാൽ കഴിവുള്ള ഒരാൾ തന്റെ പതിവുശീലത്തിന് വിപരീതമായി ഒരു സാധനവും അതീവ ശ്രദ്ധയോടെ സംരക്ഷിക്കാറില്ല. കാരണം അയാൾക്കറിയാം ആവശ്യം വന്നാൽ ഇതുപോലുള്ള മറ്റനേകം വസ്തുക്കൾ ഉണ്ടാക്കമെന്ന്.

ചുരുക്കത്തിൽ ദൈവിക ശക്തിപ്രഭാവം വെളിപ്പെടുന്നത് ഈ ഉമ്മത്തിൽ നിന്ന് പുതിയൊരു മസീഹിനെ അയക്കുമ്പോഴാണ്. ആദ്യം വന്ന മസീഹിനെ 2000 വർഷം സൂക്ഷിച്ച് വച്ച് തിരിച്ചയക്കുന്നതിലല്ല. മരിച്ചവരെ വീണ്ടും ഈ ലോകത്തേക്ക് അയക്കണമമെന്നുണ്ടായിരുന്നുവെങ്കിൽ തീർച്ചയായും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനി

യെ അല്ലാഹു അയക്കുമായിരുന്നു. എന്ത്? ഈസാനബി, നമ്മുടെ നബി(സ)നെക്കാളും വലിയൊരു പരിവർത്തനം ഉണ്ടാക്കുമെന്നോ, കഷ്ടം!

كَبُرَتْ كَلِمَةً تَخْرُجُ مِنْ اَفْوَاهِهِمْ ۚ اِنْ يَّقُوْلُوْنَ اِلَّا كَذِبًا ۝٦

അവരുടെ വായകളിൽ നിന്ന പുറപ്പെടുന്ന വാക്ക് അതി ഗുരുതരമാണ്, കള്ളമല്ലാതെ അവർ പറയുന്നില്ല. (8:6)

## അധ്യായം 4
# വാഗ്ദത്ത മസീഹ് ഈ ഉമ്മത്തിൽ നിന്ന്

ഇത്രയും പറഞ്ഞതിൽ നിന്നും വിശുദ്ധ ഖുർആനും തിരുഹദീസുകളും ഈസാനബി സ്ഥൂലശരീരത്തോടെ ആകാശത്തേക്ക് പോയിട്ടില്ലെന്നും മറിച്ച് മരിച്ചു പോയിരിക്കുന്നുവന്നും മരിച്ചവർ വീണ്ടും ഈ ലോകത്തേക്ക് തിരിച്ചു വരുകയില്ലെന്നുമാണ് വ്യക്തമാക്കിയത്. അതിന്റെ സ്വഭാവിക പരിണിതി വരാനുള്ള മസീഹ് ഈ ഉമ്മത്തതിൽ നിന്ന് വരണമെന്നതാണ്. ബുദ്ധിപരമായ ഈ ഒരു വാദത്തിൽ മാത്രം നിൽക്കാതെ വായനക്കാരുടെ തൃപ്തിക്കുവേണ്ടി വിശുദ്ധ ഖുർആനിലെയും തിരുഹദീസിലെയും പ്രമാണിക തെളിവുകൾക്കൂടി ഉദ്ധരിക്കാം. അതിലെല്ലാം, വരാനുള്ള മസീഹ് ഈ ഉമ്മത്തിൽ നിന്നു തന്നെയാണെന്ന് വളരെ വിശദമായി പരാമർശിക്കപ്പെട്ടിട്ടുണ്ട്.

## നബി(സ)ന്റെ എല്ലാ ഖലീഫമാരും തിരുനബിയുടെ ഉമ്മത്തിൽ നിന്ന്

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ
فِي الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ

മുസ്ലിംകളേ, നിങ്ങളിൽ നിന്ന് ഈമാന്റെ ഉന്നത നില പ്രാപിക്കുന്നവരോടും അത്യുൽകൃഷ്ടമായ സൽകർമ്മങ്ങൾ ചെയ്യുന്നവരോടും, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതു പോലെ അവരെയും തീർച്ചയായും ഭൂമിയിൽ

ഖലീഫമാരാക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു.(24:56)

ഈ ആയത്തിൽ അല്ലാഹു വാഗ്ദാനം ചെയ്യുന്നത് മൂസവി ഉമ്മത്തിൽ ബനീ ഇസ്റായീലിൽ നിന്ന് മൂസാനബിയുടെ ഖലീഫമാരെ ഉണ്ടാക്കിയതു പോലെ മുസ്‌ലിംകളിൽ നിന്ന് നബിതിരുമേനി(സ)ന്റെ ഖലീഫമാരെ ഉണ്ടാക്കുമെന്നാണ്. തൗറാത്തിനെ സേവിക്കാനും ഇസ്രായീൽ മക്കളെ സത്യമാർഗ്ഗത്തിൽ നിലനിർത്തുന്നതിനും വേണ്ടി അല്ലാഹു, ഹദ്റത്ത് മൂസാ(അ)നു ശേഷം ബനീ ഇസ്രായീലിൽ നിന്ന് ഒരുപാട് ഖലീഫമാരെ നിയോഗിച്ചിട്ടുണ്ടായിരുന്നു എന്നത് എല്ലാവർക്കും അറിവുള്ളതാണ്. മൂസാവീ ഖലീഫമാരുടെ ഈ പരമ്പര ഹദ്റത്ത് ഈസാനബി(അ)ന്റെ വ്യക്തിത്വത്തിൽ അതിന്റെ പരിപൂർണ്ണതകളും സമ്പൂർണ്ണതകളും പ്രാപിക്കുകയുണ്ടായി. അതിനു ശേഷം മുസ്‌ലിംകൾക്കും ഇതേ തരത്തിലുള്ള ഖലീഫമാരുടെ പരമ്പരയെക്കുറിച്ച് വാഗ്ദാനം നൽകപ്പെട്ടു. മൂസവീ ഉമ്മത്തിലെ അവസാന ഖലീഫ ബനീ ഇസ്രായീലിന് മസീഹ് ആയതുപോലെ അവസാന കാലത്ത് മുസ്‌ലിംകളിൽ ഒരു മസീഹ് അയക്കപ്പെടുമെന്നതും അദ്ദേഹം ഇസ്‌ലാമീ ഖലീഫമാരുടെ വൃത്തത്തെ പൂർത്തീകരിക്കുകയും പരിപൂർണ്ണതയിൽ എത്തിക്കുകയും ചെയ്യുമെന്നതും ദൈവിക തീരുമാനമായിരുന്നു. മേൽ ആയത്ത് നമുക്ക് പറഞ്ഞു തരുന്നത് മൂസവീ ഉമ്മത്തിനും മുഹമ്മദീ ഉമ്മത്തിനും വ്യക്തമായ സാദൃശ്യങ്ങൾ ഉണ്ട് എന്നാണ്. അതാണ് '**കമാ**' എന്ന പദം കൊണ്ട് വെളിവാക്കുന്നത്. മൂസവി ഉമ്മത്തിലെ മസീഹ് മൂസവീ ഉമ്മത്തിന്റെ അവസാനത്തിൽ വന്ന മസീഹ് തന്നെ ആവുകയും മറ്റൊരു വ്യക്തിത്വം അല്ലാതാവുകയും ചെയ്താൽ സാദൃശ്യം അസ്ഥാനത്താകുന്നു. കാരണം സാദൃശ്യത്തിന് മറ്റൊരാൾ അനിവാര്യമാണ്. അതായത് സദൃശീകരിക്കപ്പെടുന്നവനും സാദൃശ്യമാക്കപ്പെടുന്നവനും രണ്ട് വ്യത്യസ്ത വ്യക്തിത്വങ്ങൾ ആയിരിക്കണം. ഇതിൽ നിന്ന് തെളിയുന്നത് മുഹമ്മദീ

മസീഹ് മൂസവീ മസീഹിൽ നിന്ന് വ്യത്യസ്തനായ മറ്റൊരു വ്യക്തിയാണെന്നാണ്. ഇവിടെ ഒരു കാര്യം ഓർക്കേണ്ടത്, രണ്ട് ഉമ്മത്തിനും തമ്മിൽ പൊതുവായ സാദൃശ്യങ്ങൾ വേണമെന്നാണ്. അതോടൊപ്പം രണ്ടിന്റെയും ആദ്യത്തിലും അവസാനത്തിലും സവിശേഷവും പ്രകടവുമായ സാദൃശ്യം അനിവാര്യവുമാണ്. കാരണം ആദ്യവും അവസാനവുമാണ് ഏത് കാര്യത്തേയും നിജപ്പെടുത്തുകയും പരിധി നിർണ്ണയിക്കുകയും ചെയ്യുന്നത്. വിശുദ്ധ ഖുർആന്റെ മാർഗദർശനത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് ഉമ്മത്തിന്റെയും ആദ്യം അഥവാ മൂസാ നബിയ്ക്കും നബി(സ)നും ഇടയിൽ ഉള്ള സാദൃശ്യത്തെ അംഗീകരിക്കുന്നു എങ്കിൽ അതിന്റെ അവസാനത്തിലുള്ള സാദൃശ്യത്തേയും അംഗീകരിക്കേണ്ടി വരും. സാദൃശ്യമുണ്ടെങ്കിൽ അത് മറ്റൊരു വ്യക്തിയാണെന്നും തീർച്ചയായും സമ്മതിക്കേണ്ടി വരും.

മാത്രമല്ല, അല്ലാഹു ഈ ആയത്തിൽ '**മിൻകും**' (നിങ്ങളിൽ നിന്ന്) എന്ന പദം ഉപയോഗിച്ചു കൊണ്ട് എല്ലാ പ്രശ്നങ്ങളുടെയും അടിവേരു തന്നെ മുറിച്ചു കളഞ്ഞിരിക്കുന്നു. മുഹമ്മദീ ഉമ്മത്തിലെ എല്ലാ ഖലീഫമാരും മുസ്ലിങ്ങളിൽ നിന്ന് തന്നെയായിരിക്കുമെന്ന് വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. ഇത് കണ്ണടയേക്കേണ്ട സന്ദർഭമല്ല. ഇവിടെ അനുവാചകർ നല്ലപോലെ ചിന്തിക്കണം, തൗറാത്തിനെ സേവിക്കാൻ മൂസാനബിയ്ക്ക് ശേഷം ഖലീഫമാർ നിയോഗിക്കപ്പെട്ടതു പോലെ വിശുദ്ധ ഖുർആന്റെയും ഇസ്ലാമിന്റെയും സേവനത്തിനു വേണ്ടി നബി(സ)ന് ശേഷം ഖലീഫമാരെ അയക്കുമെന്നും അവർ മുസ്ലിംകളിൽ നിന്നുള്ളവർ തന്നെയായിരിക്കമെന്നും മുസ്ലിംകളോടുള്ള അല്ലാഹുവിന്റെ അചഞ്ചലമായ വാഗ്ദാനമാണ്. മുസ്ലിംകളിലെ അവസാനത്തെയും സമുന്നത സ്ഥാനീയനുമായ ഖലീഫയെ ബനീ ഇസ്രായീലിൽ നിന്നു തന്നെ സങ്കല്പിക്കുന്നത് തങ്ങളുടെ ദുർവാശിയുടെ പൂർത്തീകരണത്തിന് വേണ്ടിയാണ്. **മിൻകും** എന്ന വാക്കുകൊണ്ട് അല്ലാഹു ചെയ്തിട്ടുള്ള വാഗ്ദാന

ത്തെ ഉപയോഗശൂന്യമായി വലിച്ചെറിയുകയും മൂസവീ ഉമ്മത്തിനെ മുഹമ്മദീ ഉമ്മത്തിനു മേൽ മേൽനോട്ടക്കാരായി പ്രതീക്ഷിക്കുകയും ചെയ്യുന്നത് എത്രമാത്രം അക്രമമല്ല? ഹൃദയത്തിൽ അൽപമെങ്കിലും വിശ്വാസവും അഭിമാനവും ഉള്ളവർ ഉത്കൃഷ്ട സമുദായത്തെ മൂസവീ ഉമ്മത്തിനു മുന്നിലെ യാചകരാക്കാൻ ഒരുങ്ങുകയില്ല. അല്ലാഹു വ്യക്തമായ വാക്കുകളിൽ പറയുന്നു, മുസ്‌ലിംകളേ, ഞാൻ നിങ്ങൾക്കിടയിൽ നിങ്ങളിൽ നിന്നു തന്നെയുള്ള ആളെ ഇസ്ലാമിക സേവനത്തനും വേണ്ടി അയക്കുന്നതാണ്. പക്ഷെ മൗലവിമാരുടെ ഹൃദയത്തിൽ യേശുവിനോടുള്ള സ്നേഹം ശിർക്കിനോളം എത്തിയിരിക്കുന്നു. അല്ലാഹുവിന്റെ വ്യക്തമായ വാഗ്ദാനത്തിന് വിരുദ്ധമായി, തങ്ങളുടെ പരിഷ്കരണത്തിനുവേണ്ടി ബനീ ഇസ്രായീലിന്റെ കാൽ കീഴിൽ വൃഥാ വീഴുകയാണ്. അല്ലാഹു അവരെ ഉയർത്താനും അവരുടെ അന്തസ്സ് നിലനിർത്താനും അവർക്ക് മേൽ അനുഗ്രഹം ചൊരിയാനും ആഗ്രഹിക്കുന്നു. പക്ഷെ അവർ സ്വയം നിന്ദിതരാകാനാണ് അഭിലഷിക്കുന്നത്. അല്ലാഹു പറയുന്നു; ഞാൻ നിങ്ങൾക്ക് മേൽ അനുഗ്രഹം ചൊരിയുന്നതും നിങ്ങളിൽ നിന്നു തന്നെ ഖലീഫമാരെ നിയോഗിക്കുന്നതുമാണ്. പക്ഷെ മുസ്‌ലിംകളാവട്ടെ ചെറിയ തോതിലുള്ള ഖലീഫമാർ ഈ ഉമ്മത്തിൽ നിന്ന് ആകാമെന്ന് അംഗീകരിക്കുന്നു. പക്ഷെ അവസാനത്തേതും അതിമഹോന്നതനുമായ ഖലീഫയുടെ പ്രശ്നം വരുമ്പോൾ അവർ ബനീ ഇസ്രായിലിലേക്ക് ശ്രദ്ധ തിരിക്കുന്നു. അല്ലാഹു തന്നെ ഇവർക്കു മേൽ കരുണ ചൊരിയുമാറാകട്ടെ. ഇവർ എവിടെയാണ് ചെന്നു വീണിരിക്കുന്നത്? വിശുദ്ധ ഖുർആൻ ഉൽകൃഷ്ട സമുദായമെന്നാണ് മുസ്‌ലിംകളെ വിശേഷിപ്പിച്ചത്. നബി(സ)ന്റെ തിരുവചനങ്ങളുടെ അടിസ്ഥാനത്തിൽ മുസ്‌ലിംകളിലെ കുഴപ്പക്കാരായ ആളുകൾ യഹൂദികൾ ആകുമെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു. എന്നാൽ  പുരോഗതിയുടെ പ്രശ്നം വരുമ്പോൾ അവിടെ മുഹമ്മദീ മസീഹ്, ബനീ ഇസ്രായീലിൽ

നിന്ന് വരണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. എന്ത്, മുസ്ലിംകൾ ഫസാദുണ്ടാക്കുന്നവർ മാത്രമായിത്തീരുകയും പരിഷ്കർത്താവ് പുറത്തു നിന്നേ ആകാവൂ എന്നുമാണോ?

## ഈസാനബി വീണ്ടും വരുന്നതല്ല

**ഫലമ്മാ തവഫ്ഫയ്തനി** എന്ന ആയത്ത് ഈ വിഷയത്തിലും തെളിവായി ഉദ്ധരിക്കാൻ കഴിയും. '**ഫലമ്മാ തവഫ് ഫയ്തനി**'യുടെ അർത്ഥം നീ എന്നെ പൂർണ്ണമായും ഏറ്റെടുത്തപ്പോൾ എന്നും, അത് ആകാശത്തേക്കുള്ള കരേറ്റമാണെന്നും തന്നെ സങ്കൽപിക്കുക- മസീഹ് ആകാശത്തു നിന്ന് ഇറങ്ങുകയിലെന്ന് വ്യക്തമാക്കിയിട്ടുണ്ട്- പക്ഷേ ഈസാനബി(അ) ഖിയാമത്ത് നാളിൽ തന്റെ ഉമ്മത്ത് വഴികേടിലായതിനെപ്പറ്റി അജ്ഞത പ്രകടിപ്പിക്കുന്നു. ഖിയാമത്തിന് മുൻപ് അദ്ദേഹം തന്റെ ഉമ്മത്ത് വഴികേടിലായതിനെ കുറിച്ച് മനസിലാക്കുന്നില്ല. അതായത് അവർ അദ്ദേഹത്തെ ആരാധ്യനാക്കിയതിനെക്കുറിച്ച്. അദ്ദേഹം തന്നെ വീണ്ടും വന്നാൽ തന്റെ സമുദായത്തിന്റെ വഴികേടിനെപ്പറ്റി മനസിലാക്കുന്നതാണ്. പ്രത്യേകിച്ചും വാഗ്ദത്ത മസീഹിന്റെ ഏറ്റവും വലിയ പ്രവർത്തി കുരിശ് ഉടക്കുകയാണല്ലോ? എന്നിരിക്കേ തനിക്ക് അറിവില്ലെന്ന് പറയാൻ എങ്ങിനെ കഴിയും.

ചുരുക്കത്തിൽ ഈസാനബി ആകാശത്തേക്ക് കയറിയെന്ന് സങ്കൽപിച്ചാൽ തന്നെയും വരാനുള്ള മസീഹ് മറ്റൊരാളാകാനേ തരമുള്ളൂ. ഈസാനബി ആകാശത്ത് എവിടയെങ്കിലും മരിച്ച് മറയടക്കപ്പെടും കാരണം ആകാശവാസം കൊണ്ട് അദ്ദേഹം മരണത്തിൽ നിന്ന് രക്ഷപ്പെടില്ലല്ലോ. ഖുർആൻ പറയുന്നു:

كُلُّ نَفْسٍ ذَآئِقَةُ الْمَوْتِ ۗ

എല്ലാ ഓരോ ആത്മാവും മരണം രുചിക്കുക തന്നെ ചെയ്യും. (29:58)

اَيْنَ مَا تَكُوْنُوْا يُدْرِكْكُّمُ الْمَوْتُ وَلَوْ كُنْتُمْ فِىْ بُرُوْجٍ مُّشَيَّدَةٍ ؕ

നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പിടികൂടുക തന്നെ ചെയ്യും, നിങ്ങൾ സുശക്തമായി പണിതുയർത്തപ്പെട്ട കോട്ടകൾക്കുള്ളിലായാലും ശരി. (4:79)

## വാഗ്ദത്ത മസീഹ്
## ഈ ഉമ്മത്തിൽ നിന്ന്

വിശുദ്ധ ഖുർആൻ മാത്രമല്ല, തിരുഹദീസുകളും വ്യക്തമായും പറയുന്നത് വാഗദത്ത മസീഹ് ഈ ഉമ്മത്തിൽ നിന്നു തന്നെ വരുമെന്നാണ്. നബിതിരുമേനി(സ) പറയുന്നു:

كَيْفَ اَنْتُمْ اِذَا نَزَلَ ابْنُ مَرْيَمَ فَيْكُمْ وَاِمَامُكُمْ مِنْكُم

അല്ലയോ മുസ്‌ലിംകളേ, മസീഹിബ്നു മർയം നിങ്ങളിൽ നിങ്ങൾക്ക് ഇമാമായി നിങ്ങളിൽ നിന്ന്* ഇറങ്ങുമ്പോൾ നിങ്ങൾ എത്ര നല്ല അവസ്ഥയിൽ ആയിരിക്കും. *(ബുഖാരി)*

---

*ചില ആളുകൾ ഈ ഹദീസിന് അർഥം കൊടുക്കുമ്പോൾ ഇമാമുക്കും മിൻകും എന്നത് മസീഹിനെ സംബന്ധിച്ചല്ല, മറിച്ച് മസീഹിന്റെ കാലത്ത് ആഗതരായി മുസ്‌ലിംകൾക്ക് ഇമാമത്ത് വഹിക്കുന്ന മഹ്ദിയെ സംബന്ധിച്ചാണെന്ന് പറയാറുണ്ട്. പക്ഷെ രസകരമെന്ന് പറയട്ടെ, ഞങ്ങൾ ഈ ഹദീസ് എടുത്തത് ബുഖാരിയിൽ നിന്നാണ്. അതിൽ ഒരിടത്തും മഹ്ദിയുടെ ആഗമനത്തെ കുറിച്ചുള്ള അദ്ധ്യായം പോലുമില്ല. അതിനുള്ള കാരണം മഹ്ദിയെ സംബന്ധിച്ചുള്ള ഹദീസുകളി

ഈ ഹദീസ് വ്യക്തവും വിശദീകരണം ആവശ്യമില്ലാത്തവിധത്തിലുള്ള വാക്കുകൾ കൊണ്ട് മസീഹ് മൗഊദ് (വാഗ്ദത്ത മസീഹ്) മുസ്‌ലീങ്ങളിൽ നിന്നു തന്നെയുള്ള ഒരാളായിരിക്കുമെന്നും മുസ്‌ലിങ്ങളുടെ ഇമാമായിരിക്കുമെന്നും പറയുന്നു. അത് **ഇമാമുക്കും മിൻകും** എന്ന വാക്കുകളിലൂടെ അഖണ്ഡിതമായി പ്രകടമാകുന്നു. വരാനുള്ള മസീഹിനെ **ഇബ്നുമർയം** എന്ന് പറഞ്ഞിട്ടുള്ളത് ശരി തന്നെ. പക്ഷെ മിൻകും എന്ന പദം ഉച്ചത്തിൽ വിളിച്ചു പറയുന്നത് ഈസബ്നുമർയം ആദ്യകാലത്ത് വന്ന ആൾ അല്ല എന്നാണ്. മാത്രമല്ല മുസ്‌ലിംകളേ, അത് നിങ്ങളിൽ നിന്ന് തന്നെയുള്ള ഒരു വ്യക്തിയായിരിക്കും എന്നും പറയുന്നു. വാഗ്ദത്ത മസീഹ് മുൻകഴിഞ്ഞു കടന്ന മസീഹ് നാസിരി തന്നെയാണെങ്കിൽ **മിൻകും** എന്നതിന് എന്തർത്ഥമാണുള്ളത്. സാവധാനത്തിൽ ചിന്തിക്കുക **മിൻകും** എന്ന പദം ഈസാ നബിയെ സംബന്ധിച്ചിടത്തോളം എല്ലാ പ്രതീ

---

ലെ വൈരുദ്ധ്യവും പ്രശ്നങ്ങളുമാണ്. അതുകൊണ്ട് ഇത് സംബന്ധിച്ച ഏതെങ്കിലും ഹദീസ് ശരിയാണെന്ന് പൂർണമായ ഉറപ്പോടെ പറയപ്പെടാൻ സാദ്ധ്യമല്ല. ഇവിടെ **ഇമാമുക്കും മിൻകും** എന്നത് മഹ്ദിയെ കുറിച്ചാണെങ്കിൽ ഹദീസുപടുക്കളിലെ ഏറ്റവും വലിയ ഇമാമായ ഇമാം ബുഖാരി(റഹ്) മഹ്ദിയെ സംബന്ധിച്ച് ഒരു അദ്ധ്യായം ചേർത്ത് ഈ ഹദീസിനെ മഹ്ദിയുടെആഗമനം എന്ന ഗണത്തിൽ വിവരിക്കുമായിരുന്നു. എന്നാൽ അദ്ദേഹം ഈ ഹദീസ് മസീഹിനെ സംബന്ധിച്ചു മാത്രമാണ് എടുത്തിട്ടുള്ളത്. മഹ്ദിയെ കുറിച്ചുള്ള പരാമർശം പോലും നടത്തിയിട്ടില്ല. ഇതിൽ നിന്ന് വ്യക്തമാകുന്നത് ഇമാം ബുഖാരി(റഹ്) ഒരിക്കലും **ഇമാമുക്കും മിൻകും** എന്നതിലെ വാക്കുകൾ മഹ്ദിയെ സംബന്ധിച്ചാണെന്ന് ധരിച്ചിട്ടില്ല. അങ്ങനെ അല്ലായിരുന്നുവെങ്കിൽ അദ്ദേഹം ഈ ഹദീസ് മഹ്ദിയുടെ ആഗമനത്തെ സംബന്ധിച്ച് സമർപ്പിക്കുമായിരുന്നു. ഇതു തന്നെയാണ് ഇമാം മുസ്‌ലിം(റഹ്)ന്റേയും അവസ്ഥ. മാത്രമല്ല ഇമാം മുസ്‌ലിം(റഹ്) **ഇമാമുക്കും** (നിങ്ങളുടെ ഇമാം) എന്ന സ്ഥലത്ത് **അമ്മകും** (നിങ്ങൾക്ക് ഇമാമത്ത് വഹിച്ചുകൊണ്ട്) എന്ന നിവേദനം ചേർത്തുകൊണ്ട് ഇക്കാര്യം ശാശ്വതമായി പരിഹരിച്ചിരിക്കുന്നു.

ക്ഷകളേയും അസ്ഥാനത്താക്കുകയല്ലേ ചെയ്യുന്നത്? മസീഹ്ബ്നുമർയം എന്ന് പ്രയോഗിക്കാനുള്ള യുക്തിയെക്കുറിച്ച് ഞാൻ പിന്നീട് വിവരിക്കാം. ഇവിടെ 'മിൻകും' എന്ന പദം ഇസ്രായീൽ മസീഹിന്റെ ആഗമന വിശ്വാസത്തെ വേരോടെ പിഴുതെറിയുകയല്ലേ ചെയ്യുന്നത്? സാധാരണഗതിയിൽ ജനങ്ങൾ അനുഗ്രഹങ്ങളെ സ്വായത്തമാക്കാൻ ആഗ്രഹിക്കുന്നവരും അവകാശമില്ലാത്തതിനു കൂടി വാദമുന്നയിക്കുന്നവരും ആണ്. ഇവിടെ അല്ലാഹു അനുഗ്രഹിച്ചരുളുന്ന '**നിഅ്മത്തി**' നെ സ്വീകരിക്കാൻ ഇഷ്ടപ്പെടാത്തതു കാണുമ്പോൾ എനിക്ക് അത്ഭുതമാണ് തോന്നുന്നത്. നമ്മുടെ യജനമാനരും പ്രവാചക പ്രഭുവും **ഖാത്തമുന്നബിയ്യീനുമായ** ഹദ്റത്ത് മുഹമ്മദ് നബി(സ) സുവാർത്ത നൽകുന്നു. മുസ്ലിം കളേ, നിങ്ങൾക്ക് ഇമാമായി നിങ്ങളിൽ നിന്ന് നിങ്ങളിൽ മസീഹ് വരുന്നതാണ്. പക്ഷെ മുസ്ലിംകൾ പറയുന്നു. ഈ അനുഗ്രഹം ഈ ഉമ്മത്തിന് എങ്ങനെ കിട്ടാനാണ്? ഈ ഉമ്മത്തിന്റെ തലവിധിയിൽ ഇസ്രായേൽ മസീഹിന്റെ ആഗമനമാണ് എഴുതിയിട്ടുള്ളത്!

എനിക്ക് അനുവാചകരോട് പറയാനുള്ളത്, അവർ ഈ ഹദീസിന്റെ വാക്കുകൾ ശ്രദ്ധിക്കണമെന്നാണ്. അതിങ്ങനെയാണ്.

كَيْفَ اَنْتُمْ اِذَا نَزَلَ ابْنُ مَرْيَمَ فَيْكُمْ وَاِمَامُكُمْ مِنْكُم

അല്ലയോ മുസ്ലിംകളേ, മസീഹ്ബ്നുമർയം നിങ്ങൾക്ക് ഇമാമായി നിങ്ങളിൽ നിന്ന് നിങ്ങളിൽ ഇറങ്ങുമ്പോൾ നിങ്ങളുടെ അവസ്ഥ ഹാ എത്ര നന്നായിരിക്കും.

അൽപമൊന്ന് ചിന്തിക്കുക. നബി(സ) തന്റെ ഉമ്മത്തിൽ നിന്ന് ശ്രേഷ്ഠനായ ഒരാൾ വരുമെന്നും അയാൾ, തന്റെ ഉമ്മത്തിന്റെ സൗഭാഗ്യങ്ങളുടെ പതാക വാഹകൻ ആയിരിക്കുമെന്നും കരുതിക്കൊണ്ട് എത്രമാത്രം സന്തോഷിക്കുന്നു! ഇസ്രായേൽ മസീഹ് വരുന്നതു കൊണ്ട് ഈ അനുഗ്രഹീത ഉമ്മത്തിന് എന്തു സന്തോഷമാണ് കിട്ടുക എന്ന് നീതിപൂ

ർവ്വം ചിന്തിച്ച് നോക്കൂ. ഈ ഉമ്മത്തിന്റെ പരിഷ്കരണ ത്തിനു വേണ്ടി പുറത്തു നിന്ന് ഒരാളുടെ ആവശ്യം വരു ന്നുവെങ്കിൽ ആ ദിവസം ഈ ഉമ്മത്തിനെ സംബന്ധിച്ചിട ത്തോളം എത്രമാത്രം വിലാപദിനം ആയിരിക്കും. മാത്രമല്ല അതുകൊണ്ടുള്ള വിവക്ഷ നമ്മുടെ യജമാനരും പ്രവാചക കുലോത്തമനുമായ നബി(സ)ന്റെ **ഖുവ്വത്തെ ഖുദ്സിയ** (പരിശുദ്ധീകരിക്കാനുള്ള കഴിവ്) ഈ ഉമ്മത്തിൽ നിന്ന് ഒരു പരിഷ്കർത്താവിനെപ്പോലും സൃഷ്ടിക്കാൻ പോന്നതല്ല എന്നല്ലേ? തന്റെ ഉമ്മത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഉമ്മത്തിലുള്ള ഒരാളും അത് പരിഹരിക്കാൻ കഴിവില്ലാത്തവ രാണെന്നും മറിച്ച് ഇസ്രായീൽ മസീഹിനെ ഇറക്കാൻ അല്ലാ ഹു നിർബന്ധിതനാവും എന്നു പറയുന്നതിൽ നബി(സ)ന് എന്തു സന്തോഷം ഉണ്ടാകാനാണ്?

'***ലാഹൗലവലാ ഖുവ്വത്ത ഇല്ലാബില്ലാഹിൽ അളിം***'

## രണ്ടു മസീഹിന്റെയും വ്യത്യസ്ത ചിത്രങ്ങൾ

വാഗ്ദത്ത മസീഹിനെ സംബന്ധിച്ച് ഇമാമുക്കും മിൻക്കും എന്ന പ്രയോഗം കൊണ്ട് നബി(സ) എല്ലാ പ്രശ്നങ്ങൾക്കും തീർപ്പു കൽപിച്ചിരിക്കുന്നു. സംശയത്തിനുള്ള യാതൊരു പഴുതും വിട്ടിട്ടുമില്ല. നബി(സ)ന്റെ വാത്സല്യം നോക്കുക. വരാനുള്ള മസീഹ് തന്റെ ഉമ്മത്തിൽ നിന്നാണെന്ന് വ്യക്ത മായ വാക്കുകളിൽ പറയുക മാത്രമല്ല അവിടുന്ന് ചെയ്തത്. മറിച്ച് അതിനെ കുറേക്കൂടി വിശദീകരിച്ചു കൊണ്ട് ഇസ്രാ യേൽ മസീഹിനെ സംബന്ധിച്ച് അദ്ദേഹം വീണ്ടും വരാ മെന്ന ചിന്ത പോലും ഇല്ലാതാക്കി. നബി(സ) പറയുന്നു:

الشَّعْرِ كَاَنَّهٗ مِنْ رِّجَالِ الزُّطِّ وَ اَمَّا إِبْرَاهِيْمُ فَانْظُرُوْا إِلٰى صَاحِبِكُمْ

ഞാൻ സ്വപ്നത്തിൽ ഈസയേയും മൂസയേയും ഇബ്റാഹിമിനെയും കണ്ടു. ഈസയുടെ നിറം ചെമന്നതായിരുന്നു. അദ്ദേഹത്തിന്റെ മുടി ചുരുണ്ടതും നെഞ്ച് വീതിയുള്ളതും ആയിരുന്നു. മൂസ കോതമ്പു കലർന്ന നിറമുള്ള ആളും തടിച്ച ശരീര പ്രകൃതവും ആയിരുന്നു. 'സത്ത്' ഗോത്രത്തിലുള്ള ആളെപ്പോലെതോന്നിച്ചിരുന്നു. ഇബ്റാഹീമിനെ കാണണമെങ്കിൽ എന്നെ നോക്കിക്കൊള്ളുക. *(ബുഖാരി)*

ഈ ഹദീസിൽ നബി(സ) ഹദ്റത്ത് ഈസബ്നുമർയം (അ)ന്റെ രൂപം വിവരിച്ചിരിക്കുന്നു. ഈസാനബിയുടെ നിറം ചെമപ്പും മുടി ചുരുണ്ടതും ആയിരുന്നു. ഇത് മുമ്പ് വന്ന ഈസയാണ് വിവിക്ഷിതമെന്ന് ഹദീസിലുണ്ട്. മാത്രമല്ല അദ്ദേഹത്തെ മുൻകാല പ്രവാചകൻമാരായ ഹദ്റത്ത് മൂസ (അ)നോടും ഹദ്റത്ത് ഇബ്രാഹിം(അ)നോടും ചേർത്താണ് വിവരിച്ചിരിക്കുന്നത്. ഹദ്റത്ത് ഈസാനബിയുടെ ഈ രൂപ വിശേഷം നല്ലവണ്ണം ഓർക്കേണ്ടതാണ്. മറ്റൊരു ഹദീസിൽ നബി(സ) ഇങ്ങനെ പറയുന്നു.

بَيْنَمَا اَنَا نَائِمٌ اَطُوْفُ بَالْكَعْبَةِ فَإِذَا رَجُلٌ سَبْطُ الشَّعْرِ
فَقُلْتُ مَنْ هٰذَا قَالُوْا هٰذَا الْمَسِيْحُ ابْنَ مَرْيَم

ഞാൻ സ്വപ്നത്തിൽ കഅബ തവാഫ് ചെയ്യുകയായിരുന്നു. പെട്ടന്ന് ഞാൻ ഒരാളെ കണ്ടു. അദ്ദേഹത്തിന് കോതമ്പ് നിറവും നേരെ നിവർന്ന മുടിയും ആണ് ഉള്ളത്. ഞാൻ ചോദിച്ചു ഇതാരാണ്? അപ്പോൾ പറയപ്പെട്ടു ഇത് മസീഹ്ബ്നുമർയമാണ്.

ഈ ഹദീസിൽ നബി(സ) വരാനുള്ള മസീഹിന്റെ രൂപം വിവരിക്കുന്നു. അദ്ദേഹത്തിന് കോതമ്പ് നിറമാണെന്നും നീണ്ടതും നിവർന്നതുമായ മുടിയാണെന്നും പറഞ്ഞിരിക്കുന്നു. ഇവിടെ പറയപ്പെട്ടത്, വരാനുള്ള മസീഹാണ് എന്നതിനുള്ള തെളിവ് ഈ ഹദീസിൽ തന്നെയുണ്ട്. ഹദീസിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ നബി(സ) പറയുന്നത് താൻ ആ

സമയത്ത് ദജ്ജാലിനെയും കണ്ടുവെന്നാണ്. ഇതിൽ നിന്ന് വ്യക്തമാകുന്നത് ഈ മസീഹ്, ദജ്ജാലിനെ എതിരിടാൻ വേണ്ടി വെളിപ്പെടുന്നു എന്നാണ്.

വിഷയം ഇവിടെ സുവ്യക്തമാകുന്നു. ബനീ ഇസ്രായീലിൽ വന്ന ഹദ്റത്ത് ഈസാനബിയെ സംബന്ധിച്ച് നബി (സ)പറയുന്നു. അദ്ദേഹത്തിന്റെ നിറം ചെമപ്പും മുടി ചുരുണ്ടതും ആയിരുന്നു. എന്നാൽ ദജ്ജാലിന്റെ കാലത്ത് വെളിപ്പെടാനുള്ള മസീഹിനെക്കുറിച്ച് നബി(സ) പറഞ്ഞത് അദ്ദേഹത്തിന് കോതമ്പു വർണവും മുടി നേരെ നിവർന്നതും ആണെന്നുമാണ്. രണ്ട് രൂപങ്ങളിലുമുള്ള വ്യത്യാസങ്ങൾ വളരെ പ്രകടമാണ്. അതിന് ഏതെങ്കിലും വിശദീകരണം ആവശ്യമില്ല. ചെമന്ന നിറവും കോതമ്പു കലർന്ന നിറവും ചുരുണ്ട മുടിയും നേരെ നിവർന്ന മുടിയും, എത്രമാത്രം വ്യത്യസ്തമായ കാര്യങ്ങൾ! നബി(സ) വ്യക്തമായും പറയുന്നത്, മുസ്ലിംകളേ, ഇബ്നുമർയം എന്ന പദം കൊണ്ട് ഇസ്രായേൽ മസീഹ് നിങ്ങളിൽ ഇറങ്ങുമെന്ന് കരുതേണ്ട. അദ്ദേഹത്തിന്റെ നിറം ചെമന്നതും മുടി ചുരുണ്ടതും ആയിരുന്നു. എന്നാൽ വരാനുള്ള മസീഹിന്റെ നിറം കോതമ്പു കലർന്നതും മുടിനേരെ നീണ്ടതുമാണ്. ഇതിലും കൂടുതൽ വിശദീകരണം ഇനി എന്താണ് വേണ്ടത്. രണ്ട് മസീഹിന്റെയും ചിത്രങ്ങൾ അനുവാചകർക്ക് മുന്നിലുണ്ട്. നബി(സ)ആണ് അത് വരച്ചു തന്നിരിക്കുന്നത്. ഇതിൽ രണ്ടിലും ഒരേ വ്യക്തിയുടെ ചിത്രമാണോ തെളിയുന്നത്.അല്ലാഹു കണ്ണു നൽകിയവർ ആരും തന്നെ അതൊന്നാണെന്ന് പറയുകയില്ല. ഹദ്റത്ത് അഹ്മദ്(അ) പറയുന്നു.

موعودم و بحُلیہ ماثور آمدم      حیف است گر بدیدہ نہ بینند منظرم

رنگم چوں گندم است و بمو فرق بیّن است      زانساں کہ آمد است در اخبار سرورم

ایں مقدمم نہ جائے شکوک است والتباس      سید جُدا کند ز مسیحائے احمرم

ഞാൻ തന്നെയാണ് മസീഹ് മൗഊദ്. ഹദീസുകളിൽ പറയപ്പെട്ട രൂപത്തോടു കൂടിയാണ് ഞാൻ വന്നിട്ടുള്ളത്. കണ്ണുണ്ടായിട്ടും എന്നെ കാണാത്തവർക്കു മേൽ നിർഭാഗ്യം. എന്റെ നിറം കോതമ്പു കലർന്നതാണ്. എന്റെ യജമാനർ (സ)ന്റെ വാക്കുകളിൽ പറഞ്ഞ പോലെ എന്റെ മുടി മറ്റേ ആളിൽ നിന്നും വ്യത്യസ്തവുമാണ്. എന്റെ സ്ഥാനത്തെക്കുറിച്ച് എന്തെങ്കിലും സംശയത്തിന് വകയില്ല. കാരണം മനുഷ്യകുലോത്തമൻ(സ) എന്നെ ചെമന്ന നിറമുള്ള മസീഹ് നാ സിരിയിൽ നിന്നും വ്യതിരിക്തമായി മനസിലാക്കിത്തന്നിരിക്കുന്നു.

## ഇന്നഹു ല ഇൽമു ല്ലിസ്സാഅത്തി

ഈ വിഷയം അവസാനിപ്പിക്കുന്നതിനു മുമ്പേ

وَإِنَّهُ لَعِلْمٌ لِلسَّاعَةِ فَلَا تَمْتَرُنَّ بِهَا (43:62)

എന്ന ആയത്തിനെക്കുറിച്ച് ചെറിയൊരു കുറിപ്പ് നൽകുന്നത് നിഷ്പ്രയോജനമാവില്ല എന്നു കരുതുന്നു. എല്ലാ ഭാഗത്തുനിന്നും പ്രതീക്ഷ അസ്തമിക്കുമ്പോൾ നമ്മുടെ എതിരാളികളായ മൗലവിമാർ, ഇസ്രായേൽ മസീഹ് ഖിയാമത്തിന് അടുത്ത് ഇറങ്ങുമെന്നതിന് ഈ ആയത്ത് ഉദ്ധരിക്കാറുണ്ട്. മുങ്ങുന്നവന് കച്ചിത്തുരുമ്പ് ഉപകാരപ്പെട്ടേക്കാം. പക്ഷേ ഈ വിഷയത്തിൽ ഈ ഉദ്ധൃത ആയത്ത് അത്രപോലും സഹായകമല്ലെന്ന് അനുവാചകർക്ക് ബോധ്യപ്പെടുന്നതാണ്. ആദ്യത്തെ പ്രശ്നം ഈ ആയത്തിന്റെ വിവക്ഷയിൽ എല്ലാ മുഫസ്സിരിംകളും ഏകാഭിപ്രായക്കാരാണോ എന്നതാണ്? എല്ലാവരും ഈ ആയത്തു കൊണ്ട് ഉദ്ദേശിക്കുന്നത് അവസാന കാലത്ത് മസീഹ് ഇറങ്ങുമെന്ന് തന്നെയാണോ? എന്നാൽ കേട്ടു കൊള്ളുക, ഒരുപാട് മുഫസ്സിരിംകൾ '**ഇന്നഹൂ**' എന്നതിനെ വിശുദ്ധ ഖുർആൻ എന്നാണ് വിവ

ക്ഷിക്കുന്നത്. ഈസാ നബിയെ അല്ല. അതായത് ആയത്തിന്റെ അർത്ഥം വിശുദ്ധ ഖുർആനിൽ ഖിയാമത്തിന്റെ തെളിവുകൾ ഉണ്ടെന്നാണ്. കാരണം ഈ ആയത്ത് വന്നിട്ടുള്ള സൂറ സുഖ്റുഫിൽ വിശുദ്ധ ഖുർആനെ കുറിച്ച് കൂടെക്കൂടെ പരാമർശിക്കുന്നു. ഒരുപാട് തവണ '**ഇന്നഹൂ**' എന്നതിലെ സർവനാമം ഖുർആനെ കുറിച്ചാണ് ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് തന്നെ മേൽ ആയത്തിലെ 'ഇന്നഹു' എന്നതിലെ സർവ്വനാമവും ഖുർആനെ കുറിച്ചാണെന്ന് നല്ലൊരു പക്ഷം മുഫസ്സിരീംകളും പറയുന്നു.

'**ഇന്നഹൂ**' എന്നതിലെ സർവ്വനാമം ഈസാനബിയെ കുറിച്ചാണെന്ന് പറയുന്ന മുഫസ്സിരിംകളും രണ്ട് തരക്കാരാണ്. ചിലർ പറയുന്നത് ഈസാനബി ഖിയാമത്തിന്റെ അടയാളമാണ്. ഖിയാമത്തിനോടനുബന്ധിച്ച് ഇറങ്ങുന്നതാണ്. എന്നാൽ മറ്റൊരു കൂട്ടർ പറയുന്നു; ഈസാനബി ഖിയാമത്തിനുള്ള ഒരു തെളിവാണ്. കഴിഞ്ഞ കാല മുഫസ്സിരീംകൾ മാത്രമല്ല, ഇക്കാലത്തെ ചില അനഹ്മദി പണ്ഡിതൻമാർ പോലും ഇതിന് കൊടുക്കുന്ന അർത്ഥം, ഈസാനബി, ഖിയാമത്തിന്റെ ഒരു തെളിവാണ് എന്നാണ്.

മൗലവി നദീർ അഹ്മദ് സാഹിബ് ദഹ്‌ലവിയുടെ തർജ്ജമ തന്നെ എടുക്കുക. അദ്ദേഹം ഈ ആയത്തിന് മുൻപറഞ്ഞ അതേ അർത്ഥമാണ് കൊടുക്കുന്നത്. അതായത് ഈസാനബിയും ഖിയാമത്തിന്റെ ഒരു തെളിവാണ്. മാത്രമല്ല, മൗലവി സാഹിബ് താഴെ ഒരു കുറിപ്പും ചേർക്കുന്നു. അതിങ്ങനെയാണ്:

ഈസാ(അ)നെ പിതാവില്ലാതെ ജനിപ്പിച്ച അല്ലാഹു, ഖിയാമത്തിൽ മൃതരെ ജീവിപ്പിക്കാനും കഴിവുള്ളവനാണ്. അഥവാ, ഇതിന്റെ അർത്ഥം ഹദ്റത്ത് ഈസാ (അ)ന്റെ വീണ്ടും ലോകത്തേക്കുള്ള വരവ് ഖിയാമത്ത് അടുത്തതിനുള്ള തെളിവാണ്. ഹദീസുകളിൽ പറയപ്പെട്ട പോലെ.

നോക്കുക, ഇവിടെ മൗലവി നദീർ അഹ്മദ് സാഹിബ് ദഹ്‌ലവി, ആയത്തിന്റെ യഥാർത്ഥ അർത്ഥം എഴുതുന്നു.

മസീഹിന്റെ അത്ഭുതകരമായ ജനനം ഖിയാമത്തിന്റെ ഒരു തെളിവാണ്. രണ്ടാമത്തെ അർത്ഥവും കൊടുക്കുന്നു ണ്ടെങ്കിലും അദ്ദേഹം ഇസ്രായേൽ മസീഹ് ഖിയാമത്തിനു ള്ള ഒരു തെളിവാണ് എന്ന അർത്ഥത്തിന് തന്നെയാണ് മുൻഗണന കൊടുക്കുന്നത്. ഇതിൽ നിന്ന് മനസിലാവുന്നത് അദ്ദേഹത്തിന്റെ പക്കൽ, ഏറ്റവും സ്വീകൃതയോഗ്യം ഈ അർത്ഥം തന്നെയാണ് എന്നാണല്ലോ.

മറ്റ് ചില മുഫസ്സീരിംകൾ **ഇന്നഹു** എന്നതിലെ സർവ്വനാമം മുഹമ്മദ് റസൂലുല്ലാഹ്(സ)നെ കുറിച്ചാണെന്ന് പറയുന്നു.

വായനക്കാർ അൽപമൊന്ന് ചിന്തിക്കുക, ഈയൊരു അവ സ്ഥയിൽ ഈ ആയത്തിനെ ഇങ്ങിനെ ഒരു വലിയ പ്രശ്ന ത്തിന്റെ മുലക്കല്ലായി ഗണിക്കാൻ സാധ്യമാണോ? അധികം മുഫസ്സരിംകളും ഈസാനബിയെക്കുറിച്ച് പരാമർശിക്കുക പോലും ചെയ്യാതെ, അതിലെ സർവ്വനാമം വിശുദ്ധ ഖുർആ നാണെന്ന് പറയുമ്പോൾ അത്തരം ആയത്ത് മസീഹിന്റെ രണ്ടാം വരവിനുള്ള മാനദണ്ഡമാക്കുന്നതിനെ നിങ്ങളുടെ ഹൃദയം സ്വീകരിക്കന്നുണ്ടോ? മാത്രമല്ല മറ്റൊരു വിഭാഗ ത്തിന്റെ വീക്ഷണത്തിലും മസീഹിനെക്കുറിച്ചുള്ള ചർച്ച പോ ലും അതിന്റെ സർവ്വനാമം നബി(സ)നെക്കുറിച്ചാണെന്ന് പറയുകയും ചെയ്യുന്നു. ചെറിയൊരു വിഭാഗം മാത്രമാണ് ഈസാനബിയാണെന്ന് കരുതുന്നത്. ഈ ചിന്താഗതി ഉള്ള മുഫസ്സരീംകളാവട്ടെ ഏകാഭിപ്രായക്കാരല്ല താനും. ഇവരിലെ ചിലർ പറയുന്നു, ഹദ്റത്ത് ഈസാ(അ) തന്റെ അത്ഭുതകരവും അസാധാരണവുമായ ജനനം കൊണ്ട് ഖിയാമത്തിനുള്ള ഒരു തെളിവാണെന്ന്. എന്നാൽ മറ്റ് ചിലർ പറയുന്നു, ഈസാനബി ഖിയാമത്തിന് അടുത്ത് ഇറങ്ങു ന്നതാണ് അതുകൊണ്ട് ഖിയാമത്തിനുള്ള അടയാളമാണ്!

ഒരിക്കൽ ദൽഹിയിൽ മൗലവി മുഹമ്മദ് ബശീർസാഹിബ് ഭോപാലവി ഹദ്റത്ത് അഹ്മദ്(അ) ന് മുന്നിൽ ഈസാനബി യുടെ ഇറക്കത്തെക്കുറിച്ച് ഈ ആയത്ത് സമർപ്പിക്കുകയു ണ്ടായി. അതിന് അദ്ദേഹം നൽകിയ മറുപടി ഇങ്ങനെയാണ്.

നാലാമത്തെ തെളിവായി, താങ്കൾ സമർപ്പിച്ചത് ഇതാണ്. അല്ലാഹു പറയുന്നു: '**വഇന്നഹു ല ഇൽമു ല്ലിസ്സാഅത്തി ഫലാ തംതറന്നബിഹാ**' ഇവിടെയും താങ്കൾ സമ്മതിക്കുന്നത്, ഈ ആയത്ത് താങ്കളുടെ ഉദ്ദേശ്യത്തിനുള്ള അഖണ്ഡിത തെളിവല്ല എന്നാണ്. ഞാൻ അല്ലാഹുവിനെ മുൻ നിർത്തി താങ്കളെ ഓർമപ്പെടുത്തട്ടെ. ഹദ്റത്ത് മസീഹ് വീണ്ടും ഇറങ്ങുമെന്ന കാര്യത്തിൽ ഈ ആയത്തിന് സംശയത്തിന്റെ പോലും ബന്ധമില്ല.

ഹദ്റത്ത് ഈസാനബി(അ)ന്റെ കാലത്ത് യഹൂദികളിൽ ഒരു വിഭാഗം 'സദൂഖി' എന്ന പേരിൽ ഉണ്ടായിരുന്നു. അവർ ഖിയാമത്തിന്റെ നിഷേധികളാണ്. മുൻകാല ഗ്രന്ഥങ്ങളിൽ പ്രവചനമെന്നോണം എഴുതിയിട്ടുള്ളത്, അവർക്ക് മനസിലാക്കിക്കൊടുക്കാൻ ഈസാനബിയുടെ ജനനം പിതൃരഹിതമായിരിക്കുമെന്നാണ്. ഇത് അവർക്കുള്ള ഒരു അടയാളമായി പറഞ്ഞിരിക്കുന്നു. അല്ലാഹു മറ്റൊരു ആയത്തിൽ പറയുന്നു. '**വലി നജ്അലഹു ആയത്തൻ ലിന്നാസി**' ഇവിടെ **അന്നാസ്** എന്നതു കൊണ്ടുള്ള വിവക്ഷ അക്കാലത്ത് വളരെയധികം ഉണ്ടായിരുന്ന സുദുഖി വിഭാഗമാണ്.

തൗറാത്തിൽ ഖിയാമത്തിനെ കുറിച്ചുള്ള പരാമർശം പ്രത്യക്ഷത്തിൽ കാണപ്പെടുന്നില്ല. അതുകൊണ്ട് തന്നെ ഈ വിഭാഗം മരിച്ചവർ പുനരുദ്ധാനം ചെയ്യപ്പെടുമെന്നതിന്റെ നിഷേധികളായിരുന്നു. ഇപ്പോഴും ബൈബിളിന്റെ ചില ഗ്രന്ഥങ്ങളിൽ ഈസാ മസീഹ് തന്റെ ജൻമം കൊണ്ട് അവർക്ക് '**ഇൽമുല്ലിസാഅ**' ആയി വന്നുവെന്നുണ്ട്. നോക്കുക, ഈ ആയത്തിന് മസീഹിന്റെ ഇറക്കവുമായി എന്ത് ബന്ധമാണുള്ളത്? മാത്രമല്ല, മുഫസ്സിരീംകൾ എത്രമാത്രം വ്യത്യസ്തമായാണ് ഇതിന് അർത്ഥം കൊടുത്തിരിക്കുന്നതെന്നും താങ്കൾക്ക് അറിയാം. ഒരു വിഭാഗം **ഇന്നഹൂ** എന്നതിലെ സർവ്വനാമം വിശുദ്ധ ഖുർആൻ ആണെന്ന് പറയുന്നു. കാരണം വിശുദ്ധ ഖുർആൻ മുഖേന ആത്മീയമായി മൃതരായവർ ജീവിക്കുന്നു.

ഇവിടെ നിരർത്ഥകമായി ഈസാനബിയുടെ ഇറക്കമാണെന്ന് പറയുന്നു. നബി(സ)ന്റെ കാലത്തുള്ളവർക്കാകട്ടെ അത് ഖിയാമത്തിന്റെ അടയാളവും. എന്നിരിക്കെ ഈ സമർത്ഥനം ഖിയാമത്ത് വരേക്കും പരിഹാസ്യമായിരിക്കും. മസീഹിന്റെ അവസാനകാലത്തെ ഇറക്കം ഖിയാമത്തിന്റെ അടയാളമായി അവർ പറയുന്നു. ഇത്ര വലിയ അടയാളമുണ്ടായിട്ടും എന്തേ ഖിയാമത്തിനെ നിഷേധിച്ചു? അവർ പറയുന്ന ഒഴികഴിവ് ഇതായിരിക്കും, തെളിവ് അപ്പോൾ ഉണ്ടായിരുന്നില്ലല്ലോ? നിങ്ങൾ ഖിയാമത്തിൽ വിശ്വസിക്കുക.

സംശയിക്കേണ്ട, നാം ഖിയാമത്ത് വരും എന്നതിനുള്ള തെളിവാണ് വിവരിച്ചത്. എന്ന് പറയുന്നത് എത്രമാത്രം നിരർത്ഥകമായിരിക്കും. *(അൽഹഖ് ദഹ്‌ലി പേജ്:38,39)*

വായനക്കാർ ഒന്ന് ചിന്തിച്ചു നോക്കണം. മറ്റേതോ കാലത്ത് ഉണ്ടാകാനുള്ള സംഗതി അപ്പോൾ ഇല്ലാത്തവർക്ക് തെളിവായി പറയുന്നത് എത്രമാത്രം പരിഹാസ്യമാണ്? മസീഹ് പിന്നീട് ഒരു കാലത്താണ് ഇറങ്ങാനുള്ളത്. അതിനെ നബി(സ)ന്റെ കാലത്തെ നിഷേധികൾക്ക് മുന്നിൽ തെളിവായി സമർപ്പിക്കുന്നു! നമ്മുടെ എതിരാളികളായ മൗലവിമാരുടെ വാക്കുകൾ അംഗീകരിച്ചാൽ വിശുദ്ധ ഖുർആൻ തെളിവുകൾ സമർപ്പിക്കുന്ന കാര്യത്തിൽ അർത്ഥ ശൂന്യമായ ഗ്രന്ഥമായി കാണപ്പെടും. ചിന്തിച്ചു നോക്കൂ, നബി (സ)ന്റെ കാലത്തുള്ള നിഷേധികളെ സംബോധന ചെയ്തു കൊണ്ട് പറയുന്നു, മസീഹ് ഖിയാമത്തിന് അടുത്ത് വീണ്ടും വരുന്നത് ഖിയാമത്തിനു ള്ള തെളിവാണ്. ആയതിനാൽ നിങ്ങൾ ഖിയാമത്തിനെക്കുറിച്ച് സംശയിക്കേണ്ട! ഇതിലും വലിയ ദുർബല തെളിവ് മറ്റെന്താണുള്ളത്?

തങ്ങളുടെ ജീവിതത്തിൽ സംഭവിച്ചതോ സംഭവിക്കാനുള്ളതോ ആയ കാര്യം വരാനുള്ള കാലത്ത് സംഭവിക്കാനുള്ള സംഗതിക്ക് ജനങ്ങൾക്ക് മുന്നിൽ തെളിവായി ഉപകരിക്കുന്നതാണ്. പക്ഷേ ഇവിടെ പറയുന്ന തെളിവ് വിചിത്രമാണ്. അതായത്, നിങ്ങൾ മരിച്ചതിനു ശേഷം അവസാന

കാലത്ത് മസീഹ് ഇറങ്ങുന്നതാണ്. അതുകൊണ്ട് നിങ്ങൾ ഖിയാമത്തിനെ കുറിച്ച് സംശയത്തിൽ അകപ്പെടേണ്ട.അല്ലാഹു ഇങ്ങനെ നിരർഥകവും ബുദ്ധിശൂന്യവുമായ തെളിവാണ് നൽകിയതെന്ന് പറയുന്നത് അപരാധമാണ്. പക്ഷേ പതിനാലാം നൂറ്റാണ്ടിലെ മൗലവിമാർക്ക് ആരാണ് മനസ്സിലാക്കി കൊടുക്കുക?

## അധ്യായം –5

# ചില തെറ്റിദ്ധാരണകളും അവയുടെ യാഥാർത്ഥ്യവും

ഇത്രയും എഴുതിയതിനുശേഷം ഞാൻ അനുവാചകരോട് അപേക്ഷിക്കുകയാണ്. ദയവുചെയ്ത് ചിന്തിക്കുക!

ഈസാനബി ആകാശത്തേക്ക് സ്ഥൂലശരീരത്തോടെ കരേറ്റപ്പെട്ടിട്ടില്ലെന്നും ദൈവീക സാമീപ്യം കിട്ടിയ മറ്റ് ആളുകൾക്ക് ലഭിച്ച **റഫഅ്** ആണ് അദ്ദേഹത്തിന് കിട്ടിയതെന്നും വിശുദ്ധ ഖുർആന്റെയും സ്വഹീഹ് ഹദീസുകളുടെയും വെളിച്ചത്തിൽ സമർത്ഥിക്കുകയുണ്ടായി. മാത്രമല്ല, ഈസാ നബി മരിച്ചു പോയെന്നും മരിച്ച് പോയവർ തിരിച്ചു വരുക എന്നത് ദൈവിക നിയതി ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നും വിശുദ്ധ ഖുർആനും തിരു ഹദീസുകൾ ഉറക്കെ വിളിച്ചു പറയുന്നതും വെള്ളി വെളിച്ചം കണക്കെ സ്ഥാപിക്കുകയുണ്ടായി. നബി (സ)ന്റെ എല്ലാ ഖലീഫമാരും ഈ അനുഗൃഹീത ഉമ്മത്തിൽ നിന്നാണ് വരികയെന്നും പ്രത്യേകിച്ചും വാഗ്ദത്ത മസീഹിനെ കുറിച്ച് '**ഇമാമുക്കും മിൻകും**' എന്ന വാക്കുകളുണ്ടെന്നും ദൈവിക വചനങ്ങളുടെയും തിരുനബി വചനങ്ങളുടെയും അടിസ്ഥാനത്തിൽ വ്യക്തമായും കാണിച്ചു തന്നു. അവസാനം കൂടുതൽ സംതൃപ്തിക്കു വേണ്ടി, ഖാത്തമുന്നബിയ്യീൻ(സ) വരച്ചു കാണിച്ച രണ്ട് മസീഹിന്റെയും വ്യത്യസ്ത ചിത്രങ്ങളും നിങ്ങൾക്ക് മുന്നിൽ വെക്കുകയുണ്ടായി.

ഇത്രയും മഹത്തായ തെളിവുകൾ കണ്ടിട്ടും ഇസ്രായേൽ മസീഹ് ആകാശത്ത് ജീവിച്ചിരുപ്പുണ്ടെന്നും ഏതെങ്കിലും കാലത്ത് ഇറങ്ങി വരുമെന്നാണ് അനുവാചകർ ഇനിയും വിശ്വസിക്കുന്നതെന്ന് വിചാരിക്കുകയാണെങ്കിൽ അത് അക്രമമായിരിക്കും. വിശുദ്ധ ഖുർആനും തിരുഹദീസുകളും

സ്വഹാബിക്കളുടെ വചനങ്ങളും വ്യക്തമായും ഈസാനബി മരിച്ചു പോയെന്ന് പറഞ്ഞിരിക്കെ പിന്നെന്തു കൊണ്ടാണ് നൂറ്റാണ്ടുകളായി ഉമ്മത്ത്, ഈസാനബി ജീവിച്ചിരിപ്പുണ്ടെന്ന് വിശ്വസിച്ചു എന്ന ചോദ്യം സ്വഭാവികമാണ്.

## ഈസാനബി ജീവിച്ചിരിക്കുന്നുവെന്ന കാര്യത്തിൽ മുഹമ്മദിയ്യാ ഉമ്മത്തിൽ ഒരിക്കലും ഏകാഭിപ്രായം ഉണ്ടായിട്ടില്ല

മുഴുവൻ ഉമ്മത്തിനും ഈ വിശ്വാസം ഉണ്ടായിരുന്നു എന്നത് തികച്ചും തെറ്റാണ്. കഴിഞ്ഞകാല മഹാത്മാക്കളിൽ ഒരുപാട് ആളുകൾ ഈസാനബി(അ) മരിച്ചു പോയെന്ന് പ്രഖ്യാപിച്ചവരാണ്. നബി(സ)ന്റെ വഫാത്തിനു ശേഷം സ്വഹാബാക്കളുടെ ഏകോപിച്ച ആദ്യത്തെ അഭിപ്രായം തിരുമേനിക്ക് മുൻപ് വന്ന എല്ലാ നബിമാരും മരണപ്പെട്ടിരിക്കുന്നു എന്നാണെന്ന് നേരത്തെ പ്രസ്താവിച്ചത് ഓർമ്മ ഉണ്ടായിരിക്കുമല്ലോ? മാത്രമല്ല ഹദ്റത്ത് ഇബ്നു അബ്ബാസ്(റ), **മുത്തവഫ്ഫീക്ക** എന്നതിന് **മുമീത്തുക്ക** എന്ന അർത്ഥം കൊടുത്ത് കൊണ്ട് തന്റെ വിശ്വാസം പ്രകടിപ്പിച്ചിരിക്കുന്നു. ഇമാം ബുഖാരി (റഹ്) തന്റെ ഹദീസു ഗ്രന്ഥത്തിൽ ഇതെടുത്ത് ചേർത്തു കൊണ്ട് തന്റെ മുദ്രയും ചാർത്തിയിരിക്കുന്നു.

*മജ്മഉൽ ബിഹാറിൽ* എഴുതിയിരിക്കുന്നു.

وَالْاَكْثَرُ اَنَّ عِيْسٰى عَلَيْهِ السَّلَامُ لَمْ يَمُتْ وَقَالَ مَالِكٌ مَاتَ

അധികം ആളുകളുടെയും ധാരണ, ഈസാ(അ) മരിച്ചി

* ഇത് വലിയ ഇമാമുമാരുടെ ചില ഉദാഹരണങ്ങളാണ് എഴുതിയത്. അവരുടെ ശിഷ്യൻമാർ വേറെയുണ്ട്. അവരുടെ അഭിപ്രായം ഇതിനു കീഴിൽ തന്നെ ഗണിക്കപ്പെടുന്നതാണ്.

ട്ടില്ല എന്നാണ്. എന്നാൽ ഇമാം മാലിക്(റഹ്) പറയുന്നു. അദ്ദേഹം മരിച്ചു പോയിരിക്കുന്നു.

ഇമാം ഇബ്നു ഹസം (റഹ്) നെക്കുറിച്ച് പറയുന്നു.

وَتَمَسَّكَ ابْنُ حَزَمَ بِظَاهِرِ الْآيَةِ وَقَالَ بِمَوْتِهِ

ഇബ്നു ഹസം ഈ ആയത്തിന്റെ പിൻബലത്തിൽ ഈസാനബിയുടെ മരണം വിവരിച്ചിരിക്കുന്നു

ഹദ്റത്ത് മുഹയുദ്ദീനുബ്നു അറബി(റഹ്) പറയുന്നു: മസീഹിന്റെ രണ്ടാം വരവ്, സദൃശ്യ രൂപത്തിൽ ആയിരിക്കും. അതായത് മസീഹ് സ്വയം വരുന്നതല്ല. മറിച്ച് അദ്ദേഹത്തിന്റെ പ്രതിപുരുഷൻ വരുന്നതാണ്. അത് അദ്ദേഹത്തിന്റെ അതേ രൂപത്തിൽ പ്രത്യക്ഷപ്പെടും*

ഈ ഉദാഹരണങ്ങളിൽ നിന്ന് വ്യക്തമാകുന്നത് 'ഉമ്മത്തെ മുഹമ്മദിയ്യാ' ഈ അടിസ്ഥാന രഹിതമായ വിഷയത്തിൽ ഏകാഭിപ്രായക്കാരായിരുന്നു എന്ന് പറയുന്നത് തെറ്റാണ് എന്നാണ്. ഇതിന് വിരുദ്ധമായി തെളിയിക്കപ്പെടുന്നത്, ഉമ്മത്തിന് ഏതെങ്കിലും കാര്യത്തിൽ ഇജ്മാഅ് ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഈസാനബിയുടെ മരണത്തെ കുറിച്ചാണ്. നബി(സ)യുടെ വഫാത്തിനെ തുടർന്ന് സ്വഹാബാക്കൾക്കിടയിലുണ്ടായ ഇജ്മാഅ് അതാണ്.

സ്വഹാബാക്കളുടെ കാലശേഷം മുഹമ്മദിയ്യാ ഉമ്മത്ത്, വളരെ വിപുലമായ തോതിൽ ദൂരെ ദൂരെ രാജ്യങ്ങളിലേക്ക് വ്യാപിക്കുകയും ചിന്നിച്ചിതറുകയും ചെയ്തു. സ്വഹാബാക്കളുടെ കാലശേഷം ഇജ്മാഅ് ഉണ്ടായെന്ന് വാദിക്കാൻ എളുപ്പമാണെങ്കിലും അത് സ്ഥാപിക്കാൻ സാധ്യമല്ല. അതുകൊണ്ട് ഇമാം അഹ്മദ്ബിനു ഹമ്പൽ (റഹ്) പറഞ്ഞത്, ഇജ്മാഇനെ കുറിച്ച് വാദിക്കുന്നവൻ നുണയനാണെന്ന്. നൂറ്റാണ്ടുകളായി ഈസാനബി ജീവിച്ചിരിപ്പുണ്ടെന്ന കാര്യം ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചിരിക്കുന്നു. എനിക്ക് പറയാനുള്ളത് തെറ്റായ വിശ്വാസം, തുടർന്നുപോരുന്നത്, അസംഭാവ്യമല്ല എന്നാണ്.

നോക്കുക ഇന്ന് മുസ്‌ലിംകളിൽ ഏറ്റവും ചുരുങ്ങിയത് എഴുപത്തി രണ്ട് വിഭാഗങ്ങളെങ്കിലും ഉണ്ട്. അവരെല്ലാം ശരിയായ വിശ്വാസക്കാരാകാൻ സാധ്യമല്ല. ശരിയാണെങ്കിൽ അഭിപ്രായഭിന്നത എങ്ങിനെ ഉണ്ടാവാനാണ്. ഈ അഭിപ്രായ ഭിന്നതകൾ വ്യക്തമാക്കുന്നത്, മുസ്‌ലിംകൾക്കുള്ളിൽ ചില തെറ്റായ വിശ്വാസങ്ങൾ കടന്നു കൂടി എന്നാണ്. എവിടെ നിന്നാണ് തെറ്റായ വിശ്വാസങ്ങൾ വന്നത്? വിശുദ്ധ ഖുർആനും തിരുഹദീസുകളും ഏതായാലും ശരിയായ വിശ്വാസങ്ങളാണ് വിവരിക്കുന്നത്. അതുണ്ടായിട്ടും തെറ്റായ വിശ്വാസങ്ങൾ എങ്ങിനെ കടന്നു കൂടി? അതിന് നിങ്ങൾക്കുള്ള മറുപടി തന്നെയാണ് ഞങ്ങൾക്കും ഉള്ളത്.

ആക്ഷേപത്തിന് ആക്ഷേപം കൊണ്ടുള്ള മറുപടി നൽകി മൗനം ദീക്ഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മറിച്ച് ഏതെങ്കിലും വിധത്തിൽ നിങ്ങളെ സംതൃപ്തരാക്കുക എന്നതാണ് എന്റെ ഉദ്ദേശ്യം. കേൾക്കുക:

## ഈസാനബി ജീവിച്ചിരിപ്പുണ്ട് എന്ന വിശ്വാസം മുസ്‌ലിംകൾക്കിടയിൽ എങ്ങിനെ വന്നു?

നിങ്ങൾക്കറിയാം, ഇസ്‌ലാമിന്റെ വിജയങ്ങളുടെ കാലത്ത് ക്രിസ്ത്യാനികൾ കൂട്ടം കൂട്ടമായി ഇസ്‌ലാമിൽ പ്രവേശിച്ചു. മനുഷ്യൻതന്റെ പഴയ ചിന്താഗതികളെ മെല്ലെ മെല്ലെ ഒഴിവാക്കുന്നു എന്നത് പ്രകൃതി സഹജമാണ്. നമ്മുടെ നാട്ടിൽ ഒരു ചെല്ലുണ്ട്.

റാം കാ നാം നികൽതെ നികൽതെ ഹീ നിക്ക് ലേഗാ
അല്ലാഹ് കാ നാമ് ദാഖിൽ ഹോതേ ഹോതേ ഹീ ഹോഗാ
(രാമന്റെ പേര് പുറത്തേക്ക് വന്നു കൊണ്ടേ പോകും
അല്ലാഹുവിന്റെ പേര് കയറിക്കൊണ്ടേയിരിക്കും)

ഒരു കാര്യം ചിന്തനീയമാണ്, ലക്ഷക്കണക്കിന് ആളുകൾ ഇസ്‌ലാമിൽ പ്രവേശിച്ചത് ഇസ്‌ലാമിന്റെ സത്യം സാക്ഷ്യം കണ്ടുകൊണ്ടായിരിക്കാം. എങ്കിലും ചിന്താഗതികൾക്ക് ഒറ്റ

യടിക്ക് വിപ്ലവം ഉണ്ടാക്കാൻ സാധ്യമല്ലായിരുന്നു. അതു കാരണം വിശദീകരിച്ചുള്ള കാര്യങ്ങളിൽ ചില ക്രിസ്തീയ ചിന്താഗതികളും കൂടെ പോന്നിരുന്നു. അതെല്ലാം ഒറ്റ ദിവസം കൊണ്ട് മനസിൽ നിന്ന് മാറ്റാൻ കഴിയുമായിരുന്നില്ല. അവരുടെ ഹൃദയങ്ങളിൽ ഈസാനബിയോടുള്ള അനാവശ്യമായ സ്നേഹം, ശിർക്കിന്റെ സ്ഥാനത്തിൽ നിന്ന് താഴേക്ക് വന്നെങ്കിലും പൂർണ്ണമായും ഒഴിവായിരുന്നില്ല. വിശുദ്ധ ഖുർആനിലും ഹദീസുകളിൽ എവിടെയെല്ലാം മസീഹിനെ കുറിച്ചുള്ള പരാമർശമുണ്ടോ അവിടെയെല്ലാം അവർ അടിക്കുറിപ്പുകൾ ചേർത്തു. മുസ്ലിംകളും സാവധാനത്തിൽ നിശബ്ദമായി അവരുടെ വിശ്വാസങ്ങളിൽ പ്രഭാവിതരായി* സ്വഹാബിക്കളുടെ വലിയൊരു വിഭാഗം ജീവിച്ചിരിപ്പുള്ളപ്പോൾ അത് ഒരിക്കലും സാധ്യമല്ലായിരുന്നു. സ്വഹാബാക്കളുടെ കാലശേഷം തലമുറകളായി മുസ്ലിംകളായിരുന്നവരും, ഈ നവ മുസ്ലിംകളുടെ സ്വാധീനത്തിന് കീഴിൽ വന്നു. അങ്ങിനെ പല തെറ്റായ വിശ്വാസങ്ങളും മുസ്ലിംകൾക്കിടയിൽ പരന്നു.

വിശുദ്ധ ഖുർആനിൽ ഇസ്രായേൽ മസീഹിനെക്കുറിച്ച് അദ്ദേഹം മരിച്ചവരെ ജീവിപ്പിച്ചു എന്നുണ്ട്. അതിന്റെ വ്യക്തമായ അർത്ഥം ആത്മീയമായി മരിച്ചവരാണ്. അദ്ദേഹം അവർക്ക് ജീവവായു ഊതിക്കൊടുത്തു. എല്ലാ പ്രവാചകൻമാരും ചെയ്തതു പോലെ. നബി(സ)യെക്കുറിച്ചുള്ള പദങ്ങൾ ഇങ്ങനെയാണ്, അല്ലയോ ജനങ്ങളേ, അല്ലാഹുവും അവന്റെ റസൂലും നിങ്ങളെ ജീവിപ്പിക്കാൻ വിളിച്ചാൽ അതിന് ഉത്തരം നൽകുക. ഇങ്ങിനെ ഉണ്ടായിട്ടും മസീഹിനെ കുറിച്ച് ജീവിപ്പിക്കുക എന്ന വാക്ക് വന്നപ്പോൾ അതുകൊണ്ട്, യഥാർഥ മൃതരെ ജീവിപ്പിച്ചു എന്ന് കരുതി. അതുപോലെ തന്നെ മസീഹിനെ സംബന്ധിച്ച് (ഖൽഖ്)

*ഇക്കാരണം കൊണ്ടുതന്നെയാണ് കഴിഞ്ഞകാല മുഫസ്സിരിംകൾ വിശുദ്ധ ഖുർആൻ വ്യാഖ്യാനത്തിൽ നിരർഥകമായി ഇസ്രായേലി കഥകൾ കയറ്റിയത്.

സൃഷ്ടിപ്പ് എന്ന പദം വന്നപ്പോൾ നഊദുബില്ലാഹ് മസീഹിനെ യഥാർത്ഥ സൃഷ്ടാവായി ഗണിച്ചു. യഥാർത്ഥത്തിൽ ഇത്തരം പദങ്ങൾ ആലങ്കാരികമായാണ് പ്രയോഗിക്കുന്നത്. ഇതു തന്നെയാണ് ഈ വിഷയത്തിലും സംഭവിച്ചത്.

ക്രിസ്തുമതത്തിൽ നേരത്തെ തന്നെ മസീഹിന്റെ പുനരാഗമനത്തെ കുറിച്ചുള്ള വാർത്തയുണ്ട്. അതിനെ എല്ലാ ക്രിസ്ത്യാനികളും യേശു തന്നെ ഇറങ്ങുമെന്ന് ധരിച്ചിരിക്കുന്നു. ഇവർ കൂട്ടത്തോടെ ഇസ്‌ലാമിനുള്ളിലേക്ക് വന്നപ്പോൾ അവർ ഇവിടെയും മസീഹിന്റെ ആഗമനത്തെ കുറിച്ച് കേട്ടു. ഉടനെത്തന്നെ അവർ മനസിലാക്കിയത്, ക്രിസ്തുമതത്തിൽ മസീഹ് വീണ്ടും വരുമെന്നുള്ള പ്രവചനം തന്നെയാണ് ഇതെന്നാണ്. മാത്രമല്ല. അറബിശൈലിയിൽ നുസൂൽ എന്ന പദവും കിട്ടി. പിന്നെന്തുണ്ടായി? ഇസ്രായീലി മസീഹ് തന്നെ അവസാന കാലത്ത് വീണ്ടും വരുന്നതാണെന്ന ചിന്താഗതി രൂഢമൂലമായി.

മസീഹിനോടുള്ള സ്നേഹം, ഈ വിശ്വാസം ഖുർആന്റെ അടിസ്ഥാനത്തിൽ തന്നെയാണോ എന്ന് നോക്കാൻ പോലും അനുവദിച്ചില്ല.

പിന്നീടു വന്നവർക്ക് അതിനെതിരെ നാവനക്കാൻ എങ്ങിനെ ധൈര്യം വരാനാണ്? അവരും കണ്ണടച്ച് അതേക്കുറിച്ച് ഉണർത്തിക്കൊണ്ടിരിക്കുന്നു.

ചില ധീരൻമാർക്ക് മാത്രമേ, ഈ അന്ധവിശ്വാസത്തിനെതിരിൽ വിശുദ്ധ ഖുർആനിലും സ്വഹീഹ് ഹദീസുകളിലും ആഴത്തിൽ കണ്ണോടിക്കാൻ ധൈര്യം ഉണ്ടായതുള്ളൂ. അപ്പോൾ അവർ സംഗതി മറ്റൊന്നാണെന്ന് കണ്ടു. പൊതുജന ശത്രുതയുടെ താപോഷ്ണം കാരണം അവരും പറഞ്ഞത്, ഈസാനബി മരിച്ചിട്ടില്ല എന്നാണ്. അതേ സമയം തങ്ങളുടെ ഗവേഷണങ്ങൾ ഹൃദയത്തിൽ തന്നെ അടക്കിവെച്ച് അവർ ഇഹലോകവാസം വെടിഞ്ഞു.

പൂർവ പിതാക്കളുടെ വിശ്വാസം ത്യജിക്കാൻ ജനങ്ങൾക്ക് വളരെ വിഷമമുള്ള കാര്യമാണ്.

വിശുദ്ധ ഖുർആൻ തുറന്ന് നോക്കുക തുടക്കം മുതലേ പൊതുജനങ്ങൾ പറഞ്ഞത് ഇങ്ങിനെയാണ്.

بَلْ نَتَّبِعُ مَا أَلْفَيْنَا عَلَيْهِ آبَاءَنَا

ഞങ്ങൾ ഞങ്ങളുടെ പൂർവികരെ കണ്ട അതേ കാര്യത്തിൽ തന്നെ ഞങ്ങളും നില കൊള്ളുന്നതാണ്. (2:171)

അല്ലാഹു ചോദിക്കുന്നു.

أَوَلَوْ كَانَ آبَاؤُهُمْ لَا يَعْقِلُونَ شَيْئًا وَلَا يَهْتَدُونَ

എന്ത് അവർ അവിവേകത്തിലും വഴികേടിലും ആണെങ്കിലോ? (2:171)

ഇതുതന്നെയാണ് ഞങ്ങളുടെയും മറുപടി. പക്ഷെ അല്ലാഹു പറഞ്ഞത് കേൾക്കാത്തവർ, ഞങ്ങൾക്കെന്ത് വില നൽകാൻ!

## ഈസബ്നുമർയം എന്ന പേരിലെ യുക്തി

നബി(സ) വരാനുള്ള ആൾക്ക് മസീഹ്ബ്നുമർയം എന്ന് പറയാനുണ്ടായ കാരണം എഴുതിയില്ലെങ്കിൽ ഈ വിഷയം പൂർണമാകുമെന്ന് തോന്നുന്നില്ല. പിന്നീട് വരാനുള്ള ദൈവനിയോഗിതന്റെ പേര്, ഏതു നബി പറയുമ്പോഴും അത് പൊതുവായ ഏതെങ്കിലും അന്തസാരത്തിലേക്കുള്ള സൂചനയായിരിക്കും. അതുകൊണ്ട് തന്നെ അതിനെ പ്രത്യക്ഷത്തിൽ എടുക്കുന്നത് ശരിയല്ല എന്ന് ഓർക്കേണ്ടതാണ്. പൊതുവിൽ അവരുടെ ഉദ്ദേശ്യം വരാനുള്ള ആളും, അദ്ദേഹത്തിന്റെ പ്രവർത്തിയും തമ്മിലുള്ള ആഴത്തിലുള്ള ബന്ധമാണ് പ്രകടിപ്പിക്കുക എന്നതാണ്.

ഉദാഹരണമായി, ബനീ ഇസ്രായേലിനോടു ചെയ്ത വാഗ്ദാനം മസീഹിനു മുമ്പ് ഇൽയാസ് അഥവാ ഏലിയാനബി വീണ്ടും ഇറങ്ങുമെന്നാണ്(മലാക്കി 14:5) അദ്ദേ

ഹത്തെ കുറിച്ചുള്ള യഹൂദികളുടെ വിശ്വാസം, അദ്ദേഹം ആകാശത്തേക്ക് കരേറ്റപ്പെട്ടിരിക്കുന്നു എന്നാണ്. (രാജാക്കൻമാർ2:11) ഈയൊരു അവസ്ഥയിൽ യാഥാസ്ഥികരായ യഹൂദികൾ ആദ്യം വന്ന ഏലിയാ തന്നെ വീണ്ടും ഇറങ്ങുമെന്നും, അതിനുശേഷമാണ് മൂസവീ സമുദായത്തിലെ മസീഹ് വരുകയെന്നും ധരിച്ചു.

ഹദ്റത്ത് ഈസാനബി(അ) വന്ന്, താൻ മസീഹാണെന്ന് വാദിച്ചപ്പോൾ യഹൂദികൾ അത് പാടെ നിഷേധിക്കുകയും ഞങ്ങളുടെ ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നത് മസീഹിന് മുൻപ് ഏലിയാവ് ആകാശത്തു നിന്ന് ഇറങ്ങുന്നതാണെന്നും ഏലിയാ ഇതുവരെ ഇറങ്ങാത്തതിനാൽ ഈസ(അ)ന്റെ വാദം സത്യമല്ലെന്നും പറഞ്ഞു. അതിനുള്ള ഈസാ(അ) ന്റെ മറുപടി ദൈവിക നടപടി ചട്ടങ്ങൾക്കനുസൃതമായിരുന്നു. അതായത്, ഏലിയാവിനെ കുറിച്ചുള്ള പ്രവചനം കൊണ്ട് ഉദ്ദേശിക്കുന്നത് അദ്ദേഹം സ്വയം വരുമെന്നല്ല. മറിച്ച് അത് ഏലിയാവിന്റെ സാദൃശ്യത്തിൽ വരുന്ന ആളെക്കുറിച്ചുള്ള ആലങ്കാരിക പ്രയോഗമാണ്. അദ്ദേഹം വന്നിരിക്കുന്നു. അദ്ദേഹമാണ് യഹ്യാ(അ). കണ്ണുള്ളവർ കണ്ടുകൊള്ളട്ടെ.(മത്തായി 11: 13,14)

പക്ഷേ യാഥാസ്ഥിതികരായ യഹൂദികൾ ഏലിയാ വരുമെന്നാണ് എഴുതിയിട്ടുള്ളതെന്നും അതിനാൽ യഹ്യായുടെ വരവ് അദ്ദേഹത്തിന്റെ വരവല്ലെന്നും ശഠിച്ചു. അങ്ങിനെ അവർ മോക്ഷം കിട്ടാത്തവരായി മാറി.

ഈ ഉദാഹരണത്തിൽ നിന്ന് സൂര്യവെളിച്ചം പോലെ വ്യക്തമാകുന്നത്, പ്രവചനങ്ങളിൽ വരാനുള്ള പരിഷ്കർത്താക്കളെ കുറിച്ച് പറയുന്ന പേരുകളെ എല്ലായിപ്പോഴും അങ്ങിനെ തന്നെ എടുക്കുന്നത് കഠിനമായ നാശത്തിന്റെ വഴിയാണെന്നാണ്. ഇതിൽ നിന്ന് ഓരോ വിശ്വാസിയും വിട്ടു നിൽക്കേണ്ടതാണ്. നോക്കുക, ഏലിയാവിന്റെയും യഹ്യയുടെയും ആഗമനം എങ്ങിനെ ശരിയാകാനാണ്! പക്ഷേ ഈസാനബി(അ) യഹ്യായെ ഏലിയാ ആണെന്ന് പ്ര

ഖ്യാപിക്കുന്നു. കാരണം അദ്ദേഹം ഏലിയാവിന്റെ സദൃശ്യത്തിലും സ്വഭാവഗുണങ്ങളിലും വന്നതായിരുന്നു.

അതുപോലെ വിശുദ്ധ ഖുർആനിൽ ഹദ്റത്ത് ഈസാ (അ), ഒരു റസൂലിന്റെ ആഗമനത്തെക്കുറിച്ച് ഇങ്ങനെ സുവാർത്ത നൽകുന്നു. അദ്ദേഹത്തിന്റെ പേര് അഹ്മദ് എന്നായിരിക്കും. നമ്മുടെ എല്ലാ എതിരാളികളും അംഗീകരിക്കുന്നത്, ഈ പ്രവചനം നബി(സ) ൽ പൂർത്തിയായെന്നാണ്. പക്ഷെ നബി(സ)ന്റെ പേര് അഹ്മദ് എന്നാണോ? നുബുവ്വത്ത് വാദത്തിനു ശേഷം നബി(സ) താൻ അഹ്മദ് ആണെന്നും പറഞ്ഞിട്ടുള്ളത് ശരി തന്നെ. എന്നാൽ വാദത്തിനു ശേഷം ഈ പേരും തന്റെതാണെന്ന് പറയുന്നത് ശത്രുക്കളിൽ എങ്ങിനെ ന്യായപൂർത്തിയാവാനാണ്? ശത്രുക്കൾക്ക് ന്യായപൂർത്തിയാവണമെങ്കിൽ തിരുമേനിയുടെ പൂർവികർ നബി(സ)ന് ആ പേര് വെച്ചിരിക്കണം. വാദത്തിന് മുൻപേ ആ പേരിൽ വിളിക്കപ്പെട്ടിരിക്കണം. പക്ഷേ സ്വഹീഹായ ഒരു ഹദീസിൽ നിന്നും അത് സ്ഥാപിതമല്ല. വാനലോകത്ത് യഹ്യാ നബിക്ക് ഏലിയാ എന്നു പേരുണ്ടായിരുന്നതു പോലെ തിരുനബിക്ക് അഹ്മദ് എന്നു പേരുണ്ടായിരുന്നുവെന്ന മറുപടി മാത്രമേ കരണിയമായിട്ടുള്ളു.

ഈ രണ്ട് ഉദാഹരണങ്ങളിൽ നിന്ന് വ്യക്തമാകുന്നത് പ്രവചനങ്ങളിൽ പറയപ്പെടുന്ന പേരുകൾ പ്രത്യക്ഷത്തിൽ തന്നെ ആയിക്കൊള്ളണമെന്നില്ല. മറിച്ച് ചിലപ്പോൾ ആന്തരികമായ കാര്യങ്ങളിലേക്കുള്ള സൂചനകൾ ആവാം.* അതി

---

* നബി(സ) മസീഹിബ്നുമർയം എന്ന് പറഞ്ഞിരിക്കേ അതിനെ അതേപടി എടുക്കാതിരിക്കണമെങ്കിൽ ഇതിനുള്ള പൊതുവിലുള്ള മറുപടി ഇതാണ്. വിശുദ്ധ ഖുർആൻ വ്യക്തമായും ഈസാനബി മരിച്ചുവെന്ന് പറയുന്നു. മാത്രമല്ല, മരിച്ചവർ ജീവനോടെ ലോകത്തേക്ക് വരുക എന്നതും ഇസ്‌ലാമിക അധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. ഇതിലും വലിയ സൂചന അവിശ്വസനീയമാണ്. എന്നാൽ സൂചന ഞങ്ങളോട് ചോദിക്കുന്നത് എന്തിനാണ് എന്നതാണ് പ്രശ്നം. സൂചകങ്ങൾ തിരയേണ്ടത് അനഹ്മദികളുടെ കടമയാണ്. കാരണം അല്ലാ

നെതിരിൽ വല്ല സൂചകങ്ങളും വേണമെന്നാണ് ഇവിടെ ചില ആളുകൾ ആക്ഷേപം ഉന്നയിക്കാറുള്ളത്.

ഇനിയത്തെ പ്രശ്നം, വരാനുള്ള പരിഷ്കർത്താവിനെ കുറിച്ച് മസീഹ്ബ്നുമർയം എന്നും മറ്റുമുള്ള പേരുകൾ പ

---

ഹുവിന് യഥാർത്ഥ വസ്തുക്കളുമായിട്ടാണ് ബന്ധം. പുറമെയുള്ള പേരുകളോടല്ല. നാം തിരിച്ചറിയുന്നതിന് പുറമെയുള്ള പേരുകളെ മാനിക്കാറുണ്ട്. പക്ഷേ അല്ലാഹു വസ്തുക്കളുടെ യാഥാർത്ഥ്യമാണ് നോക്കുന്നത്. അവന്റെ പക്കൽ യഥാർത്ഥ പേര് ഗുണവിശേഷണം തന്നെയാണ്. ഉദാഹരണമായി, ഗുലാം റസൂൽ എന്ന് പേരുള്ള ഒരു മുസ്‌ലിം ക്രിസ്താനിയായിലും നമ്മൾ, പൊതുവിൽ അറിയപ്പെടും പോലെ ആ പേരിൽ തന്നെ ആയാളെ വിളിക്കും. പക്ഷേ ദൈവദൃഷ്ടിയിൽ അയാൾ ഗുലാം റസൂൽ (റസൂലിന്റെ ദാസൻ) അല്ല അദുവ്വെറസൂൽ (റസൂലിന്റെ എതിരാളി)ആണ്. അതുകൊണ്ട് അല്ലാഹു അയാളെ അദുവ്വെറസൂൽ എന്ന് തന്നെ പറയും. അല്ലാഹു വരാനുള്ള ആൾക്ക് ഇബ്നുമർയം എന്ന പേര് ഉപയോഗിച്ചത് ബാഹ്യമായി പേരിന് പ്രത്യേകത ഉള്ളതുകൊണ്ടല്ല. മറിച്ച് കഴിഞ്ഞ കാല ഇബ്നുമർയം തന്റെ അവസ്ഥ കൊണ്ടും ഗുണം കൊണ്ടും ആ പേരിന് ഒരു സവിശേഷത നൽകിയിരുന്നു. അതായത് സൗന്ദര്യപ്രഭാവം. സുൽഹ് (രജ്ജിപ്പ്) കൊണ്ട് പ്രവർത്തിക്കുന്നവനും ഒരു സമുദായത്തിന്റെ അവസാന ഖലീഫയും അതുകൊണ്ട് ഈ യാഥാർത്ഥ്യത്തെ വെളിപ്പെടുത്താൻ ഈ നാമം ഉപയോഗിച്ചു. അല്ലാതെ ഇബ്നുമർയം എന്ന പൊതുവിലുള്ള പേരിന് ദൈവദൃഷ്ടിയിൽ സവിശേഷത ഒന്നും ഇല്ല. അതുകൊണ്ട് ദൈവിക വചനത്തിലെ ഇബ്നുമർയം മുൻകടന്ന ഇബ്നുമർയമിന്റെ രൂപത്തിൽ വരുന്ന ആളാകാനേ തരമുള്ളൂ. ഇത് വ്യക്തമായിരിക്കേ ഞങ്ങളോട് സൂചന ചോദിക്കുന്നത് എന്തടിസ്ഥാനത്തിലാണ്? ഞങ്ങളുടെ വാദം ദൈവിക ചട്ടങ്ങൾക്കനുസൃതമാണ്. അതായത് അവൻ ഈ പേര്, തന്റെ ചട്ടമനുസരിച്ച്, അതിന്റെ യഥാർത്ഥ വിവക്ഷയിൽ ഉപയോഗിച്ചിരിക്കുന്നു. ഈ പേരിനെ അതിന്റെ യാഥാർത്ഥ്യത്തിൽ നിന്ന് മാറ്റി പൊതുവായതും ബാഹ്യമായതുമായ പേരായി മാത്രം ഗണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നിന്ന് മാറ്റി ആലങ്കാരികമായി കരുതുകയും ചെയ്യുന്നു. അവർ തങ്ങളുടെ അർത്ഥങ്ങൾക്ക് പിൻബലമായി തെളിവും ഹാജരാകേണ്ടതാണ്.

റഞ്ഞതിൽ ഒളിഞ്ഞിരിക്കുന്ന യുക്തി എന്താണ്? എന്നുള്ള താണ്. ഇതിനുള്ള മറുപടിയിൽ പല കാര്യങ്ങൾ സമർപ്പി ക്കാൻ കഴിയും. പക്ഷെ വിസ്താര ഭയം നിമിത്തം ഏതാനും ചില കാര്യങ്ങൾ മാത്രം എഴുതാം.

ഒന്ന് ഏലിയാ നബിയുടെ രൂപത്തിൽ യഹ്യാനബി വന്നതു പോലെ, ഹദ്റത്ത് ഈസാ(അ)ന്റെ രൂപത്തിൽ ആണ് മസീഹ് വരാനുള്ളത്. ഹദ്റത്ത് ഈസാ(അ) രഞ്ജി പ്പിന്റെയും സമാധാനത്തിന്റെയം രാജകുമാരനായിരുന്നു. അദ്ദേഹം ആയുസ് മുഴുവനും ജമാലിയായ രൂപത്തിൽ അതായത് രഞ്ജിപ്പും സഹിഷ്ണുതയും കൊണ്ട് തന്റെ പ്ര ബോധനം നിർവഹിച്ചു. ശത്രുക്കൾ കാഠിന്യം പ്രവർത്തിച്ച പ്പോ ഴും അദ്ദേഹം സ്വബ്ർ ചെയ്തു. എതിരിട്ടില്ല. ഇതുപോ ലെയാണ് മുഹമ്മദിയ്യാ ഉമ്മത്തിലെ മസീഹും വരാനുള്ള ത്. അതേക്കുറിച്ച് നബി(സ) തന്നെ പറഞ്ഞത്. യളഉൽ ഹർബു *(ബുഖാരി കിത്താബുൽ അമ്പിയാഅ്)* അതായത്, വാഗ്ദത്ത മസീഹ് വെളിപ്പെടുമ്പോൾ അദ്ദേഹം വാളുകൊ ണ്ടുള്ള യുദ്ധം മാറ്റി വെക്കുന്നതാണ്. കാരണം അത് വാളു കൊണ്ടുള്ള യുദ്ധത്തിന്റെ കാലമായിരിക്കില്ല.

രണ്ട്: ഇസ്രായേൽ മസീഹ് മൂസവീ സമുദായത്തിന്റെ അവസാന ഖലീഫ ആയതുപോലെ, വരാനുള്ള മസീഹ് നബി(സ)ന്റെ അവസാന ഖലീഫ ആയിരിക്കും. ഖാത്തമുൽ ഖുലഫാഅ്(ഖുലഫാക്കളിൽ ശ്രേഷ്ഠൻ) എന്നും അറിയ പ്പെടും. ഇവിടെ പറഞ്ഞ അവസാന ഖലീഫ എന്നതുകൊ ണ്ടുള്ള വിവക്ഷ സ്വതതന്ത്ര ഖലീഫ എന്നാണ്. അല്ലാതെ എല്ലാ ഖലീഫമാരും എന്നല്ല. അതായത് മസീഹ് മൗഊദ്, നബി(സ)ന്റെ സ്വതന്ത്ര ഖലീഫ ആയിരിക്കും. മസീഹ് മൗഊദിന് ശേഷമുള്ള ഖലീഫമാർ യഥാർത്ഥ മസീഹ് മൗഊദിന്റെ ഖലീഫമാരായിരിക്കും. അദ്ദേഹം മുഖേനയാ യിരിക്കും നബി(സ)ന്റെ ഖലീഫമാർ എന്ന് പറയപ്പെടുക. കാരണം മുഹമ്മദീ സമുദായം ഖിയാമത്ത് വരെ തുടരുന്ന താണ്.

മൂന്നാമത്തെയും പ്രധാനപ്പെട്ടതുമായ കാരണം ഇതാണ്, വിശുദ്ധ ഖുർആനിൽ നിന്നും സ്വഹീഹ് ഹദീസുകളിൽ നിന്നും മനസിലാവുന്നത് അവസാന നാളുകളിൽ ക്രിസ്തുമതം ശക്തിപ്രാപിക്കുമെന്നും, കുരിശു മതത്തിന് വിജയങ്ങളുടെ കാലമായിരിക്കുമെന്നുമാണ്. അതുകൊണ്ട് തന്നെ വരാനുള്ള പരിഷ്കർത്താവിന്റെ ഏറ്റവും വലിയ കർമ്മം '**യക്സിറുസ്സ്വലീബ**' ആയിരിക്കുമെന്ന് പറയുന്നു. അതായത് മസീഹ് മൗഊദ് കുരിശു മതത്തിന്റെ ശക്തിയെ പൊട്ടിക്കുന്നതാണ്. ഇതിൽ മറ്റൊരു യുക്തി കൂടിയുണ്ട്. അതായത് ഏതെങ്കിലും നബിയുടെ ഉമ്മത്തിൽ കുഴപ്പങ്ങൾ ഉണ്ടാകുമ്പോൾ ആത്മീയമായി ആ കുഴപ്പങ്ങളെ ഇല്ലായ്മ ചെയ്യേണ്ടതും ആ നബിയുടെ കർത്തവ്യമാണ്. ഏതെങ്കിലും രാജ്യത്ത് കുഴപ്പമുണ്ടാകുമ്പോൾ അത് അമർച്ച ചെയ്യേണ്ടത് പുറത്തുള്ള ഏതെങ്കിലും ഭരണകൂടമല്ല. മറിച്ച് അവിടെയുള്ള ഭരണകൂടം തന്നെയാണ്.

അവസാനകാലത്ത് ആഗോളതലത്തിൽ കുഴപ്പമുണ്ടാവുകയും എല്ലാ സമുദായങ്ങളിലും പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്യുമെന്നതാണ് വിധിക്കപ്പെട്ടിരിക്കുന്നത്. അക്കാലത്ത് എല്ലാ സമുദായ സ്ഥാപകരുടെയും പ്രതിരൂപം വെളിപ്പെട്ടുകൊണ്ട് പരിഷ്കരണം നടത്തേണ്ടതും അനിവാര്യമായിരുന്നു.

എന്നാൽ മറുഭാഗത്ത്, ഇസ്‌ലാമിന്റെയും ഖാത്തമുന്നബിയ്യീന്റേയും ആഗമനം എല്ലാ ആത്മീയ പീയൂഷങ്ങളെയും സ്വയം ആവാഹിച്ചിരുന്നു. അതുകൊണ്ട് തന്നെ ഇസ്‌ലാമിന് പുറത്തുള്ള സമുദായത്തിൽ നിന്ന് പരിഷ്കർത്താവ് വരാവതുമല്ല. എല്ലാ പ്രവാചകൻമാരുടെയും പ്രതിപുരുഷൻ ഇസ്‌ലാമിൽ തന്നെ ആഗതരാവേണ്ടത് അനിവാര്യമായിരുന്നു. ആ വരാനുള്ള പരിഷ്കർത്താവിന്റെ ജോലി സമുദായങ്ങളുടെ പരിഷ്കരണമാണ്.

ഇങ്ങിനെ ആ വാഗ്ദത്ത പരിഷ്കർത്താവിന്റെ പ്രവർത്തികൾക്ക് രണ്ട് ഭാഗങ്ങളുണ്ട്. ഒന്ന്, മുഹമ്മദിയ്യാ ഉമ്മത്തിന്റെ

പരിഷ്കരണം.രണ്ട്, മറ്റ് എല്ലാ സമുദായങ്ങളുടേയും പരിഷ്കരണം.. *

മറ്റ് സമുദായങ്ങളുടെ പരിഷ്കരണത്തിൽ ഏറ്റവും പ്രധാനം, ഹദ്റത്ത് ഈസാ(അ)ന്റെ സമുദായത്തിന്റെ പരിഷ്കരണമാണ്. ഹദീസിലെ '**യക്സിറുസ്സ്വലീബ**'(അദ്ദേഹം കുരിശ് ഉടക്കും) എന്നതിൽ നിന്ന് അത് വ്യക്തമാണ്. അതുകൊണ്ട് തന്നെ വരാനുള്ള ആൾക്ക് പ്രത്യേകമായും ഈസബ്നുമർയം എന്ന പേര് നൽകപ്പെട്ടിരിക്കുന്നു.

മറ്റ് സമുദായങ്ങളുടെ പുരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ

وَإِذَا الرُّسُلُ أُقِّتَتْ

അവസാനകാലത്ത് എല്ലാ നബിമാരുടെയും പ്രതിരൂപം സ്വരൂകൂട്ടപ്പെടുന്നതാണ്. (77:12) എന്ന് പറഞ്ഞിരിക്കുന്നു.

ഇതോടൊപ്പം മുഹമ്മദിയ്യാ ഉമ്മത്തിന്റെ പരിഷ്കരണ

---

* മഹ്ദിയും മസീഹും ഒരേ വ്യക്തിയുടെ രണ്ട് പേരുകളാണെന്ന് ഞങ്ങൾ എഴുതിയിട്ടുണ്ട്. അത് രണ്ടും രണ്ട് വ്യത്യസ്ത വ്യക്തികളാണെന്നാണ് കേട്ടതും അറിഞ്ഞതും എന്നും എങ്ങിനെയാണ് അത് ഒരാളാവുന്നതെന്നും എന്നും അനുവാചകർ ചിന്തിച്ചിരിക്കാം. അവസാനകാലത്ത് വാഗ്ദത്തോദ്ധാരകന്റെ രണ്ട് വ്യത്യസ്ത നിലകൾ കാരണമാണ് രണ്ട് വ്യത്യസ്ത നാമങ്ങൾ നൽകിയത്. അതിന്റെ അർത്ഥം ഒരേ സമയത്ത് രണ്ട് വ്യത്യസ്ത ആളുകൾ വരുമെന്നല്ല എന്നാൽ സാധാരണ മുസ്ലിംകൾ ഒരേ സമയത്ത് രണ്ട് പരിഷ്കർത്താക്കളെ കുറിച്ചുള്ള പ്രവചനമാണെന്ന് തെറ്റിദ്ധരിച്ചിരിക്കുന്നു. മുസ്ലിംകൾ മഹ്ദിയേയും മസീഹിനെയും വ്യത്യസ്തരാണെന്ന് മനസിലാക്കരുതെന്ന് കരുതി നബി(സ) വളരെ സൂക്ഷ്മതയോടെ പറഞ്ഞു തന്നു. **ലൽ മഹ്ദിയ്യു ഇല്ലാ ഈസാ** അതായത്: ഈസയുടെ കാലത്ത് ഈസയല്ലാതെ മറ്റൊരു വാഗ്ദത്ത മഹ്ദി ഉണ്ടായിരിക്കുന്നതല്ല. പക്ഷെ കഷ്ടമെന്ന് പറയട്ടെ, നമ്മുടെ മുസ്ലിം സഹോദരങ്ങൾ ഇതെല്ലാമായിട്ടും ഇടറി വീഴുന്നതിൽ നിന്ന് രക്ഷപ്പെട്ടില്ല.)

ത്തിനും ഏറെ സവിശേഷത ഉണ്ട്. ഈ അടിസ്ഥാനത്തിൽ മഹ്ദി എന്ന പേര് വെച്ചിരിക്കുന്നു. തിരുനബിവചനങ്ങളിൽ **അൽ ഖുലഫാഉർ റാശിദീനൽ മഹ്ദിയ്യീൻ** (എന്റെ ഖലീഫമാർ നേർമാർഗ്ഗത്തിൽ ചരിക്കുന്ന മഹ്ദി ആയിരിക്കും) എന്ന് പറഞ്ഞിരിക്കുന്നു.

വാഗ്ദത്ത ഇമാം മുസ്‌ലിംകളുടെ പരിഷ്കരണത്തിൽ നബി(സ)ന്റെ ഏറ്റവും വലിയ ഖലീഫ ആയിരിക്കുമെന്നതും സുവിദമാണ്.

'ഈസബ്നുമർയം' എന്ന പേരിൽ ഇനിയും പല യുക്തികളുമുണ്ട്. ശുദ്ധ ഹൃദയങ്ങളുടെ സംതൃപ്തിക്ക് ഇത്രയും മതിയാകുന്നതാണ്.

# ഉപസംഹാരം

അല്ലാഹുവിനോട് ദുആ ചെയ്തു കൊണ്ട് ഞാൻ ഈ വിഷയം അവസാനിപ്പിക്കുകയാണ്. അവൻ തന്റെ അനുഗ്ര ഹത്താൽ അനുവാചകരുടെ ഹൃദയങ്ങളെ വിശാലമാക്കട്ടെ, തങ്ങളുടെ തെറ്റ് സമ്മതിക്കുന്നതിൽ വാശി കാണിക്കാതെ, സത്യം വെളിപ്പെട്ടത് സ്വീകരിക്കാൻ അനുഗ്രഹിക്കുമാ റാകട്ടെ. ഈ വിഷയത്തിൽ കണ്ണോടിക്കുമ്പോൾ ഞാൻ അത്ഭുതപ്പെട്ടു പോകുന്നു; ഇതെങ്ങിനെയാണ് മുസ്ലിം കളുടെ ഹൃദയത്തിൽ രൂഢമൂലമായത്? ഇസ്ലാമിന്റെ വ്യക്തമായ അധ്യാപനങ്ങൾക്ക് വിരുദ്ധവും നമ്മുടെ യജ മാനരും സയ്യിദുൽ അവ്വലീനും ആഖരീനുമായ നബി(സ) നെ ഇകഴ്ത്താൻ കാരണവുമായ ഇത്തരം കാര്യങ്ങളിൽ നിന്ന് ഇസ്ലാമിന്റെ മടിത്തട്ട് സംശുദ്ധമാക്കുന്നതിനുള്ള സമയം സമാഗതമായിരിക്കുന്നു. ഈ തെറ്റായതും കുഴപ്പം പിടിച്ചതുമായ വിശ്വാസം ഇസ്ലാമിന് എത്രമാത്രം നഷ്ട മുണ്ടാക്കി എന്ന് കാണാൻ അല്ലാഹു മുസ്ലിംകളുടെ കണ്ണ് തുറക്കുമാറാകട്ടെ. ഇന്ത്യയിൽ മാത്രം, കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ലക്ഷക്കണക്കിന് കലിമ ചൊല്ലുന്നവർ ക്രി സ്ത്യാനികളായിരിക്കുന്നു. ഞാൻ മനസിലാക്കുന്നത് ഇതിന്റെയെല്ലാം പാപഭാരം മൗലവിമാരുടെ കഴുത്തുക ൾക്ക് മീതെയാണെന്നാണ്. ക്രിസ്ത്യൻ മിഷണറിമാർ നി ഷ്കളങ്കഭാവത്തിൽ മുസ്ലിംകളുടെ അടുത്തെത്തി. വളരെ സമാധാനത്തിൽ പറയുന്നു. നോക്കൂ, നിങ്ങളുടെ നബി മരിച്ച് മദീനയിലെ മണ്ണിൽ ഖബറടക്കം ചെയ്യപ്പെട്ടിരിക്കു ന്നു. എന്നാൽ ഞങ്ങളുടെ മസീഹ് രണ്ടായിരം വർഷമായി ഇന്നും ജീവിച്ചിരിക്കുന്നുവെന്ന് മാത്രമല്ല ആകാശത്ത് ദൈവത്തിന്റെ അടുക്കൽ ഇരിക്കുകയും ചെയ്യുന്നു. നിങ്ങൾ തന്നെ പറയുക ആരാണ് ശ്രേഷ്ഠൻ? ആരാണ് ജീവിച്ചിരി ക്കുന്നത്? ആരാണ് മൃതൻ? മുസ്ലിംകളെ സംബന്ധിച്ചി

ടത്തോളം ഈസാനബിയുടെ മരണം എന്ന് പറയുന്നത് തന്നെ കുഫ്റാണല്ലോ? അവർ അടക്കം പറയുന്നു, ഇക്കാര്യത്തിൽ മസീഹ് തന്നെ ശ്രേഷ്ഠൻ!

തുടർന്ന് പാതിരി പറയുന്നു, നോക്കൂ, അവസാനകാലത്ത് മുഹമ്മദിയ്യാ സമുദായത്തിൽ പ്രശ്നങ്ങളും കുഴപ്പങ്ങളും ഉണ്ടാകുമ്പോൾ അവരുടെ പരിഷ്കരണത്തിന് ദൈവം നമ്മുടെ മസീഹിനെ ആകാശത്തു നിന്ന് പറഞ്ഞയക്കും. മനസിലാകുന്നത്, ആ കുഴപ്പത്തിനുള്ള പരിഷ്കരണം (നഊദു ബില്ലാഹ്) ഇസ്ലാമിലെ നബിയുടെ ആത്മീയ ശക്തിക്കും അതീതമാണെന്നാണ്. അല്ലെങ്കിൽ അവസാനകാലത്ത് വല്ലവരേയും ജീവനോടെ നിലനിർത്തി മുഹമ്മദീ ഉമ്മത്തിനെ പരിഷ്കരിക്കണമായിരുന്നുവെങ്കിൽ മുഹമ്മദ് സാഹിബിനെ തന്നെ ജീവിപ്പിച്ചു നിലനിർത്താമായിരുന്നല്ലോ? പക്ഷേ ഈ പ്രധാന സംഗതിക്ക് മുഹമ്മദ് നബിയെയല്ല നമ്മുടെ മസീഹിനെയാണ് ജീവിപ്പിച്ചു നിർത്തിയിരിക്കുന്നത്!

ഇത്രയും മസീഹിന്റെ ശ്രേഷ്ഠത സ്ഥാപിച്ച ശേഷം അടുത്ത ചുവട് വെയ്ക്കുന്നു. പാതിരി വളരെ ശാന്തനായി പറയുന്നു, ശത്രുക്കൾ മുഹമ്മദ് നബിയോട് ആകാശത്തേക്ക് കയറി അത്ഭുതം കാണിക്കാൻ പറഞ്ഞപ്പോൾ അദ്ദേഹം അത് നിഷേധിച്ചു. മാത്രമല്ല, ഞാൻ മനുഷ്യനാണെന്നും മനുഷ്യന് ആകാശത്തേക്ക് കയറാൻ സാധ്യമല്ലെന്നും പറഞ്ഞു. പക്ഷേ നോക്കൂ, നിങ്ങളും അംഗീകരിക്കുന്നില്ലേ മസീഹ് ആകാശത്ത് ജീവനോടെ ഇരിക്കുന്നുവെന്ന്?

ഈ വക കാര്യങ്ങൾക്കുള്ള മറുപടി ആരുടെ പക്കലുണ്ട്? മൗലവിമാരുടെ അടുത്ത് പോയാൽ അവരുടെ ഈമാന്റെ ദുർബലത നേരത്തെ തന്നെ ഇക്കാര്യങ്ങൾ കൊണ്ട് ഭൂകമ്പത്തിനിരയായിട്ടുള്ളതാണ്. അവർ മറ്റ് പല കാര്യങ്ങളും പറഞ്ഞ് ഒഴിവാക്കുന്നു. ഈ സാധാരണക്കാർ മൗലവിമാരിൽ നിന്ന് ശരിയായ മറുപടി ലഭിക്കാതെ വരുമ്പോൾ കൂട്ടം കൂട്ടമായി ക്രിസ്ത്യൻ പള്ളികളിലേക്ക് മുഖം തിരിക്കുന്നു.

കഷ്ടമെന്നേ പറയേണ്ടൂ ഒരു കാലത്ത് **യദ്ഘുലൂന**

**ഫീ ദീനില്ലാഹി അഫ്വാജാ** (ജനങ്ങൾ കൂട്ടം കൂട്ടമായി അല്ലാഹുവിന്റെ ദീനിൽ പ്രവേശിച്ചിക്കുന്നതാണ്) എന്നതിന്റെ നിറഞ്ഞ ദൃഷ്ടാന്തമായിരുന്ന മതം **യഖ്റുജ്ജൂന മിൻ ദിനില്ലാഹി അഫ്വജാ** (ജനങ്ങൾ കൂട്ടമായി അല്ലാഹുവിന്റെ ദീനിൽ നിന്ന് പോകുന്നു) എന്നതിന്റെ കളിയരങ്ങായിത്തീർന്നിരിക്കുന്നു* മുസ്ലിംകളെന്ന് പറയപ്പെടുന്ന ആരുടെയെങ്കിലും ഹൃദയത്തിൽ ഈ വക കാര്യങ്ങൾ കാരണം വേദനയുണ്ടോ? സങ്കടകരമെന്നേ പറയേണ്ടൂ, വളരെ കുറച്ച് പേർ മാത്രമേ ഈ കാര്യങ്ങളിൽ ഉദ്ദേശശുദ്ധിയോടെ ചിന്തിക്കുന്നുള്ളൂ അല്ലെങ്കിൽ കാര്യങ്ങളെല്ലാം വളരെ വ്യക്തമാണല്ലോ! ആരെയാണോ വീണ്ടും പ്രതീക്ഷിക്കുന്നത്, അദ്ദേഹം സ്വയം തന്നെ തന്റെ രണ്ടാം വരവിന്റെ യാഥാർത്ഥ്യം വിശദീകരിക്കുന്നുണ്ട്. മസീഹിന് മുമ്പ് വരുമെന്ന് കരുതപ്പെട്ടിരുന്ന ഏലിയാ നബിയുടെ രണ്ടാം വരവ് മറ്റൊരാളുടെ വരവാണെന്ന് ഈസാനബി പറയുന്നു. (മത്തായി 11:13, 14)

വളരെ വ്യക്തമായ ഉദാഹരണം ഉണ്ടായിട്ടും മുസ്ലിംകൾ ഈ വിഷയത്തിൽ കാലിടറുന്നുവെന്നത് ഏറെ ആശ്ചര്യകരമാണ്. ഇസ്രായേൽ മസീഹിനെ സംബന്ധിച്ച് അദ്ദേഹം വീണ്ടും വരുമെന്ന് പറഞ്ഞതിനേക്കാളും വിശദമായി ഏലി

---

* ഈ വാചകം ഇന്ത്യാ വിഭജനത്തിനു മുമ്പ് 1917 ൽ ആണ് എഴുതിയത്. അന്ന് ക്രിസ്തുമതത്തിന്റെ വലിയ ശക്തിയുണ്ടായിരുന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ.... മുസ്ലിംകളുടെ ഹൃദയത്തിൽ രാഷ്ട്രീയാവബോധം ഉണ്ടായിരിക്കുന്നു. അതുകാരണം ഇസ്ലാമിൽ നിന്ന് പുറത്തേക്ക് പോകുന്നത് കുറഞ്ഞിരിക്കുന്നു. മാത്രമല്ല സമുദായ മുദ്രാവാക്യങ്ങൾ വളരെ ആവേശത്തോടെ മുഴക്കുകയും ചെയ്യുന്നു. എങ്കിലും യാഥാർത്ഥ്യത്തിലും കർമ്മത്തിലും ഇസ്ലാം ഇന്നും ദുർബലം തന്നെ. ദജ്ജാലി ഫിത്നകൾ നേരത്തേത് പോലെ ശക്തവുമാണ്. രാജ്യത്തിൽ നിന്ന് ഇംഗ്ലീഷ്കാർ പോയെങ്കിലും പാശ്ചാത്യ സംസ്കാരവും ഭൗതികതയും നിലനിൽക്കുന്നു. ദീനിന്റെ സത്യസന്ധമായ ആത്മാവ് നഷ്ടപ്പെട്ടിരിക്കുന്നു.

യാവിനെക്കുറിച്ച് അദ്ദേഹം മസീഹിന് മുമ്പ് ഇറങ്ങുമെന്ന് പറഞ്ഞിരുന്നു. ഏലിയാവിനെ സംബന്ധിച്ച വാഗ്ദാനം മറ്റൊരാളിൽ പൂർത്തിയായെന്ന് അംഗീകരിക്കുന്നു. പക്ഷെ മസീഹിന്റെ ഇറക്കം അദ്ദേഹത്തിന്റെ തന്നെ ഇറക്കമാണെന്ന് ശഠിക്കുന്നത് എത്രമാത്രം വിചിത്രമല്ല! കഷ്ടം! യഹൂദികൾ കാലിടറിയടത്തു തന്നെ മുസ്‌ലിംകൾക്കും കാലിടറിയിരിക്കുന്നു. പക്ഷേ മുസ്‌ലിംകൾ പിടിക്കപ്പെട്ട പോലെ യഹൂദികൾ പിടിക്കപ്പെടില്ല. കാരണം യഹൂദികൾക്ക് മുന്നിൽ മുൻകാല അനുഭവം ഇല്ലായിരുന്നു. മുസ്‌ലിംകൾക്ക് മുന്നിൽ ഇത്തരത്തിലുള്ള വാഗ്ദാനത്തിന്റെ ഉദാഹരണം ഉണ്ട്. കഴിഞ്ഞ കാല നബി വരുമെന്ന് പറഞ്ഞതു കൊണ്ടുള്ള വിവക്ഷ അദ്ദേഹം തന്നെയാണോ സദൃശ്യത്തിൽ ഉള്ള ആളാണോ എന്ന് കണ്ട് കഴിഞ്ഞതാണ്.

എന്റെ ഉമ്മത്തിലെ ആളുകൾ യഹൂദികളെ അനുപദം പിന്തുടരുമെന്ന് പറഞ്ഞത് എത്ര ശരിയാണ്.*(ബുഖാരി)* അതായത് യഹൂദികൾ ഒരു മുൻകാല പ്രവാചകന്റെ പുനരാഗമനം അദ്ദേഹത്തിന്റെ തന്നെ വരാവാണെന്ന് കരുതിയതു പോലെ എന്റെ ഉമ്മത്തിലെ ആളുകളും കരുതുന്നതാണ്. പല മുസ്‌ലിംകൾ ഈ താക്കീതു കൊണ്ടു യാതൊരു പ്രയോജനവുമെടുത്തില്ല. വന്നയാളെ നിഷേധിച്ചു. ഇസ്റായീൽ മസീഹിന്റെ വരവിൽ നബി(സ)നു മാത്രമല്ല അദ്ദേഹത്തിനു തന്നെയും അപമാനമാണ്. കാരണം ഈസാനബി, നബി(സ)നെക്കാളും പദവിയിൽ എത്ര തന്നെ താഴ്ന്ന ആളാണെങ്കിലും അല്ലാഹുവിന്റെ ഒരു വരിഷ്ഠ പ്രവാചകൻ ആയിരുന്നു അദ്ദേഹത്തിന് നബി(സ)നെ പിൻപറ്റിയതു കൊണ്ടല്ല പ്രവാചകത്വം കിട്ടിയത്. മറിച്ച് സ്വതന്ത്ര നുബുവ്വത്തിന്റെ അനുഗ്രഹം അല്ലാഹുവിൽ നിന്ന് നേരിട്ട് ലഭിച്ചതാണ്. അദ്ദേഹം തന്നെ വീണ്ടും ഇറങ്ങുമെന്നതിന്റെ അർത്ഥം അദ്ദേഹത്തെ സ്വതന്ത്ര നുബുവ്വത്തിന്റെ സ്ഥാനത്തു നിന്ന് ഭ്രഷ്ടനാക്കുമെന്നും മറിച്ച് ഒരു ഉമ്മത്തിയുടെ സ്ഥാനം മാത്രം നൽകുമെന്നുമാണ്. അദ്ദേഹം വീണ്ടും വരുമ്പോഴും

സ്വതന്ത്ര നബിയായിരിക്കുമെങ്കിൽ അത് ഖത്തമുന്നുബുവ്വത്തിന് തികച്ചും വിരുദ്ധമായിരിക്കും. ഖാത്തമുന്നബിയ്യീന് ശേഷം പഴയതോ പുതിയതോ ആയ ഒരു നബിയ്ക്കും സ്വതന്ത്ര നുബുവ്വത്ത് നേരിട്ട് ലഭ്യമായിക്കൊണ്ടും നബി(സ)ന്റെ അനുധാവനം കൂടാതെയും വരാൻ സാധ്യമല്ല.

തിരുമേനി(സ)നു ശേഷം **ളില്ലീ നുബുവ്വത്ത്** അഥവാ **ഉമ്മത്തീനുബുവ്വ**ത്തിന്റെ കവാടങ്ങൾ മാത്രമെ തുറന്നിരിക്കുന്നുള്ളൂ. അതായത് നബി(സ)ന്റെ നുബുവ്വത്തിന്റെ നിഴൽ. സ്വതന്ത്രനുബുവ്വത്തല്ല.

ചുരുക്കത്തിൽ ഈ അവസ്ഥയിൽ ഖാത്തമുന്നബിയ്യീൻ എന്ന ആയത്ത് സ്വതന്ത്രനുബുവ്വത്തിന്റെ കവാടങ്ങളെ ശക്തമായി കൊട്ടിയടക്കുന്നു. ആയതിനാൽ ഈസാനബി തന്നെ വീണ്ടും ഇറങ്ങണമെങ്കിൽ നഊദുബില്ലാഹ് അദ്ദേഹത്തിനു നൽകിയിട്ടുള്ള സ്വതന്ത്ര നുബുവ്വത്ത് തിരിച്ചെടുത്ത്, വെറും ഒരു ഉമ്മത്തിയുടെ സ്ഥാനം നൽകേണ്ടി വരും. പക്ഷേ ഇത് അല്ലാഹുവിന്റെ വ്യക്തമായ നടപടി ചട്ടങ്ങൾക്ക് വിരുദ്ധമാണ്. അല്ലാഹു പറയുന്നു.

بِاَنَّ اللّٰهَ لَمۡ یَكُ مُغَیِّرًا نِّعۡمَةً اَنۡعَمَهَا
عَلٰی قَوۡمٍ حَتّٰی یُغَیِّرُوۡا مَا بِاَنۡفُسِهِمۡ ۙ

അതായത്, അല്ലാഹു ആർക്കെങ്കിലും വല്ല അനുഗ്രഹവും നൽകിയ ശേഷം അത് ഒരിക്കലും തിരിച്ചെടുക്കുന്നതല്ല. അവർ സ്വയം തങ്ങളുടെ അവസ്ഥ മാറ്റിയാലല്ലാതെ.(8:54)

ഈ സുവ്യക്തമായ ആയത്ത് ഉണ്ടായിരിക്കെ, ഇസ്രായീൽ മസീഹ് തന്നെ വീണ്ടും അവസാന നാളുകളിൽ വരുമെന്ന് എങ്ങിനെയാണ് അംഗീകരിക്കുക? കാരണം അദ്ദേഹം വീണ്ടും ഇറങ്ങുമെന്നതിന്റെ വിവക്ഷ (നഊദുബില്ലാഹ്) നിരർഥകമായി അദ്ദേഹത്തിന്റെ സ്വതന്ത്ര നുബുവ്വത്ത് പദവി പിടിച്ചു വാങ്ങിയെന്നായിരിക്കും. മാത്രമല്ല, വിശുദ്ധ

ഖുർആനിൽ അല്ലാഹു ഈസാനബിയെ കുറിച്ച് പറയുന്നു:

رَسُولًا إِلَى بَنِى إِسْرَائِيلَ

അതായത് ഈസാനബി, ഇസ്രായീൽ സമുദായത്തിലേക്ക് നിയോഗിക്കപ്പെട്ട നബിയായിരുന്നു. (3:50)

ആ മസീഹ് തന്നെ വീണ്ടും വന്നാൽ, അദ്ദേഹം ഇസ്രായീൽ സമുദായത്തിലേക്ക് മാത്രമല്ലെന്നും മറിച്ച് മുഴുലോകത്തേക്കും ഉള്ളതാണെന്നും സമ്മതിക്കേണ്ടി വരും. പക്ഷേ മേൽ ആയത്ത് അതിന് വിരുദ്ധമാണ്.

ചുരുക്കത്തിൽ ഖുർആനിക സൂക്തങ്ങൾ കാലഹരണപ്പെട്ടതും നിരർഥകവുമാണെന്ന് തെളിയിക്കാൻ ആഗ്രഹവും ധൈര്യവും ഉള്ളവർ ഈസാനബിയെ തന്നെ കാത്തിരിക്കട്ടെ. ദൈവിക വചനങ്ങൾ കൈകടത്തിയതിനു യഹൂദികളെ ശപിച്ച ആ അല്ലാഹുവിനെ ഞങ്ങൾ ഭയപ്പെടുന്നവരാണ്. ദൈവിക ചട്ടങ്ങൾക്ക് വിരുദ്ധം മാത്രമല്ല, നമ്മുടെ യജമാനർ മുഹമ്മദ്(സ) നേയും ഈസാനബി(അ)നേയും ഇക്ഴത്തിക്കാണിക്കുന്നതുമായ ഒരു വിശ്വാസത്തിൽ മുസ്ലിംകൾ കടിച്ചു തൂങ്ങുന്നതിൽ ഞങ്ങളുടെ ഹൃദയം എത്ര മാത്രം വിമ്മിട്ടപ്പെടുന്നുവെന്നതിന് അല്ലാഹു സാക്ഷിയാണ്. പക്ഷേ. ഞങ്ങളുടെ മുസ്ലിം സഹോദരങ്ങൾ തങ്ങളുടെ തെറ്റ് മനസ്സിലാക്കി, മസീഹിനെ കാത്ത് ആകാശത്തേക്ക് നോക്കുന്നതിനു പകരം തങ്ങളുടെ തന്നെ പിന്നിലേക്ക് നോക്കുന്ന സമയം സമാഗതമാകുന്നു. അപ്പോൾ മുഹമ്മദീ മസീഹിന്റെ ഈ വാക്കുകൾ പൂർത്തിയാവും!

امروز قومِ من نه شناسد مقامِ من

روزے بگریه یاد کند وقتِ خوشترم

ഇന്ന് എന്റെ സമൂഹം എന്റെ ദൈവദത്തമായ സ്ഥാനം തിരിച്ചറിയുന്നില്ല. എന്നാൽ ഒരു കാലം വരാനിരിക്കുന്നു.

അന്ന് അവർ എന്റെ പരിശുദ്ധ കാലത്തെ ഓർത്ത് കരയുന്നതാണ്.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ഒരു ഉദ്ധരണിയോടു കൂടി ഈ വിഷയം ഇവിടെ അവസാനിപ്പിക്കാം.

അല്ലയോ ജനങ്ങളെ കേട്ടുകൊൾക. ഇത് ആകാശഭൂമികൾ ഉണ്ടാക്കിയവന്റെ പ്രവചനമാകുന്നു. അവൻ തന്റെ ജമാഅത്തിനെ എല്ലാ രാജ്യത്തും പരത്തുന്നതാണ്. ന്യായപൂർത്തിയും തെളിവുകളും കൊണ്ട് എല്ലാവർക്കു മേലും വിജയം നൽകും. ആ ദിനം വരുന്നു. അല്ല, സമീപസ്ഥമാണ്. ലോകത്ത് ഈയൊരു മതം മാത്രമായിരിക്കും അന്തസ്സോടു കൂടി ഓർക്കപ്പെടുക. ദൈവം ഈ പ്രസ്ഥാനത്തിനും മതത്തിനും വളരെ ഉന്നതവും, അനിതര സാധാരണവുമായ അനുഗ്രഹങ്ങൾ നൽകും. ഇതിനെ നശിപ്പിക്കണമെന്ന് വിചാരിക്കുന്ന ഓരോരുത്തരും പരാജയപ്പെടും. ഈ വിജയം ഖിയാമത്ത് വരെ എന്നെന്നും നിലനിൽക്കും. എന്നെ പരിഹസിക്കുന്നുവെങ്കിൽ അതുകൊണ്ട് എന്ത് നഷ്ടമാണുള്ളത്? ഒരു നബിയും പരിഹസിക്കപ്പെടാതെ ഉണ്ടായിട്ടില്ല. അതുകൊണ്ട് തീർച്ചയായും മസീഹ് മൗഊദും പരിഹസിക്കപ്പെടേണ്ടതാണ്. അല്ലാഹു പറയുന്നു.

يٰحَسْرَةً عَلَى الْعِبَادِ ۚ مَا يَأْتِيهِمْ مِّنْ
رَّسُولٍ اِلَّا كَانُوا بِهٖ يَسْتَهْزِءُوْنَ

ജനങ്ങൾക്ക് അഹോ കഷ്ടം! അവരുടെ പരിഹാസത്തിന് പാത്രമാകാതെ കണ്ട് ഒരു റസൂലും അവരുടെ അടുക്കൽ വരുന്നില്ല.(36:31)

അല്ലാഹുവിന്റെ ഭാഗത്തു നിന്നുള്ള അടയാളമാണ് ഓരോ നബിയും പരിഹസിക്കപ്പെടുക എന്നത്. എന്നാൽ ജനങ്ങൾക്ക് മുന്നിൽ ആകാശത്ത് നിന്ന് ഇറങ്ങുകയും, മലക്കുകൾ അദ്ദേഹത്തോടൊപ്പം ഉണ്ടായിരിക്കുകയും ചെയ്യു

മ്പോൾ ആരാണ് പരിഹസിക്കുക?ചുരുക്കത്തിൽ ഈ തെളിവുകൊണ്ടും മസീഹ് മൗഊദ് ആകാശത്ത് നിന്നിറങ്ങുമെന്നത് തികച്ചും വ്യർത്ഥമായ ചിന്താഗതിയാണെന്ന് ബുദ്ധിമാൻമാർ മനസിലാക്കുന്നതാണ്. ഓർക്കുക ആരും ആകാശത്തു നിന്ന് ഇറങ്ങുകയില്ല. നമ്മുടെ എല്ലാ എതിരാളികളും മരിച്ചൊടുങ്ങും. അവരിൽ ആരും തന്നെ ഈസബ്നുമർയം ആകാശത്തു നിന്ന് ഇറങ്ങുന്നത് കാണുകയില്ല. പിന്നെ ബാക്കിയാവുന്ന അവരുടെ സന്തതികളും മരിക്കും. അവരിലും ആരും തന്നെ ഈസബ്നുമർയമിനെ ആകാശത്തു നിന്ന് ഇറങ്ങുന്നത് കാണുകയില്ല. പിന്നെ അവരുടെ മക്കളുടെ മക്കളും മരിക്കും. പക്ഷെ അവരും മർയമിന്റെ പുത്രൻ ആകാശത്തു നിന്ന് ഇറങ്ങുന്നത് കാണുകയില്ല. കുരിശിന്റെ പ്രതാപം കഴിയുകയും ലോകം പുതിയൊരു രൂപത്തിൽ എത്തുകയും ചെയ്യും. പക്ഷേ മർയമിന്റെ മകൻ ഈസാ ആകാശത്ത് ഇറങ്ങുകയില്ല. അതിൽ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ പരിഭ്രമം  ജനിപ്പിക്കും. അപ്പോൾ ബുദ്ധിമാൻമാർ ഒറ്റയടിക്ക് ഈ വിശ്വാസത്തെ പരിത്യജിക്കും. ഇന്നു മുതൽ മൂന്ന് നൂറ്റാണ്ട് പൂർത്തിയാവുന്നതിനു മുമ്പേ, ഈസയെ പ്രതീക്ഷിക്കുന്ന മുസ്ലിംകളാവട്ടെ ക്രിസ്ത്യാനികളാവട്ടെ കടുത്ത നിരാശയിലും മനംമടുപ്പിലും ഈ വ്യർഥമായ വിശ്വാസത്തെ കൈവെടിയും.

ലോകത്ത് ഒരു മതം മാത്രം ഉണ്ടാകും. ഒരു നേതാവും. ഞാനൊരു വിത്ത് വിതക്കാനാണ് വന്നിരിക്കുന്നത്. അത് എന്റെ കയ്യാൽ വിതക്കപ്പെട്ടിരിക്കുന്നു. ഇനി അത് വളരും, പുഷ്പിക്കും, ആർക്കും അത് തടയാൻ സാധ്യമല്ല.
(തദ്കിറത്തുശ്ശറാദത്തയ്ൻ റൂഹാനി ഖസായിൻ ഭാഗം 20, പേജ് 66-67)

# അനുബന്ധം*

അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ചെയ്തിട്ടുള്ള ശക്തമായ ഒരു പ്രവചനമാണ് മേൽ ചേർത്തത്. അതിൽ അദ്ദേഹം പറയുന്നത്, ഈ വിളംബരത്തിന് ശേഷം മൂന്നൂറ് വർഷങ്ങൾക്കുള്ളിൽ മുസ്ലിംകളാവട്ടെ, ക്രിസ്ത്യാനികളാവട്ടെ, അവർ ഹദ്റത്ത് ഈസാനബിയുടെ സ്ഥൂല ശരീരത്തോടെയുള്ള ഇറക്കത്തിൽ നിരാശരായി. ഈ പൊള്ളയായ വാദത്തെ കൈവെടിയുമെന്നും ലോകം പുതിയൊരു രൂപം പ്രാപിക്കുമെന്നുമാണ്. അതിന്റെ ആരംഭസൂചനകൾ ഇപ്പോൾ തന്നെ വെളിപ്പെട്ടു കൊണ്ടിരിക്കുന്നു. മുസ്ലിംകളിൽ ഒരു വിഭാഗം ഏതെങ്കിലും മസീഹ് ആകാശത്തു നിന്നിറങ്ങുമെന്ന ധാരണ തെറ്റാണെന്ന് പറഞ്ഞു തുടങ്ങിയിരിക്കുന്നു.

അല്ലാമാ ഇഖ്ബാൽ മർഹും തന്റെ മരണത്തിന് കുറച്ച് നാളുകൾക്ക് മുമ്പെഴുതിയ ഒരു ലേഖനത്തിൽ പറയുന്നു: മസീഹിന്റെ ഇറക്കം ശരിയാണെന്ന് അംഗീകരിക്കുകയും അഹ്മദിയ്യാ ജമാഅത്തുമായി വിവാദങ്ങളുടെ കവാടം തുറന്നു കൊണ്ട് പരാജയമടയുന്നതും നമ്മുടെ മൗലവിമാർക്ക് പറ്റിയ ഒരു വലിയ അബദ്ധമാണ്. അവർ മസീഹിന്റെ ഇറക്കത്തെ തന്നെ നിഷേധിച്ചു കൊണ്ട് അഹ്മദിയ്യത്തിനെ നേരിടണമായിരുന്നു. അങ്ങിനെ മസീഹിന്റെ ഇറക്കം തന്നെ നിരാകരിച്ചു കൊണ്ട് ***ന രഹെ ബാൻസ് ഔർ ന ബജെ ബാൻസരി*** (ഓടക്കുഴലും വേണ്ട, വേണുനാദവും വേണ്ട) എന്നു പറയും പോലെ ഈ എല്ലാ വിവാദങ്ങളും അവസാനിപ്പിക്കാമായിരുന്നു.

ഇത്തരത്തിലുള്ള ചിന്താഗതി, അടുത്ത കാലത്തായി മറ്റ്

---

* ഈ അനുബന്ധം രണ്ടാം പതിപ്പിന്റെ സമയത്താണ് എഴുതി, ഈ പുസ്തകത്തിൽ ഉൾപ്പെടുത്താൻ നൽകിയത് - ഗ്രന്ഥകർത്താവ്

ചില മുസ്‌ലിംകളും പ്രകടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. ഇത് തീർച്ചയായും അഹ്മദിയ്യത്തിന്റെ ഒരു മഹത്തായ വിജയമാണ്. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരുടെ, മേൽ പ്രവചനം പൂർത്തിയാവുന്ന ആദ്യലക്ഷണങ്ങളാണിത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വിളംബരത്തിന് 50–60 വർഷങ്ങൾക്കകം തന്നെ വെളിപ്പെട്ടു തുടങ്ങിയിരിക്കുന്നത്.

ഇവർ ഈ വിഷയത്തെ മറ്റൊരു തരത്തിൽ ആണ് സമർപ്പിക്കുന്നത് എന്നത് ശരി തന്നെ. അതായത് ഇസ്‌ലാമിൽ ഒരു മസീഹും ഇറങ്ങുമെന്നോ, വെളിപ്പെടുമെന്നോ പ്രവചനം ഇല്ല. നബി(സ)ന് ശേഷം ഇസ്‌ലാമിൽ ഒരു ആത്മീയ ഉദ്ധാരകന്റെ ആവശ്യം ഇല്ല. എന്നാൽ ഇസ്‌ലാമിക ഗ്രന്ഥങ്ങൾ വായിച്ചിട്ടുള്ള ഏതൊരു ബുദ്ധിമാനും വളരെ എളുപ്പത്തിൽ മനസ്സിലാക്കാം, നബി(സ)ന് ശേഷം ഒരു ആത്മീയ പരിഷ്കർത്താവിന്റെയും ആവശ്യമില്ല എന്നു പറയുന്നത് അല്ലാഹുവിന്റെ സനാതന പരിഷ്കരണ വ്യവസ്ഥക്ക് വിരുദ്ധമാണെന്ന്. ലോകത്ത് വിശ്വാസത്തിലും കർമ്മത്തിലും അനിതരസാധാരണമായ കുഴപ്പങ്ങൾ ഉണ്ടാകുമ്പോൾ അല്ലാഹു തന്റെ പ്രത്യേക ശിക്ഷണം നൽകിയ പരിഷ്കർത്താവ് മുഖേന അത് ദൂരികരിക്കുന്നു. ആത്മീയ പരിഷ്കർത്താവ് നിയോഗിക്കപ്പെടുന്നത് പുതിയ ന്യായപ്രമാണം കൊണ്ടുവരാൻ മാത്രമല്ല. മറിച്ച് സ്രഷ്ടാവുമായി ജനങ്ങളുടെ വിശ്വാസം പുതുക്കാനും ജനഹൃയങ്ങളുടെ പരിഷ്കരണത്തിനും, സ്വഭാവങ്ങളെ ശരിയാക്കാനും അബദ്ധധാരണകളെ ഇല്ലായ്മ ചെയ്യാനും കൂടിയാണ്. ഈ ഉദ്ദേശ്യം വിശുദ്ധ ഖുർആൻ സമ്പൂർണമാക്കിയതിനുശേഷവും നിലനിൽക്കുന്നു. അതുകൊണ്ട് തന്നെയാണ് തിരുനബി(സ)നു ശേഷം മുസ്‌ലിംകൾക്കിടയിൽ അനേകം മുജദ്ദിദുമാർ വന്നത്. അങ്ങനെ തന്നെയാണ് ഹദ്റത്ത് മൂസാ(അ)നു ശേഷം അദ്ദേഹത്തിന്റെ ശരീഅത്തിനെ പിന്തുടർന്നു കൊണ്ട് അനേകം പരിഷ്കർത്താക്കൾ വന്നത്. അവർ പുതിയ ന്യായപ്രമാണം കൊണ്ടു വന്നിട്ടില്ല. മറിച്ച് അവർ മൂസാവീന്യായപ്ര

മാണത്തിന്റെ സേവനത്തിനാണ് നിയോഗിക്കപ്പെട്ടത്.

ഇനിയുള്ളത്, ഇസ്‌ലാമിൽ ഏതെങ്കിലും മസീഹിനെ സംബന്ധിച്ച പ്രവചനം ഇല്ലെന്നുള്ള സവിശേഷമായ ആക്ഷേപമാണ്. ഇതും വ്യക്തമായ അബദ്ധമാണ്. മാത്രമല്ല, ഇക്കാലത്ത് ഇത്തരം ചിന്താഗതി സൃഷ്ടിക്കപ്പെടുന്നതു തന്നെ അഹ്മദിയ്യത്തിനെ കുറിച്ച് തികച്ചും പരാജയ ഭീതി പൂണ്ട മസ്തിഷ്കങ്ങളിൽ നിന്നുമാണ് എന്നതാണ് വാസ്തവം. അവസാന കാലത്ത് ഒരു സദൃശ മസീഹ് വരുമെന്ന് നമ്മുടെ യജമാനർ(സ) വളരെ ശക്തമായും, ആവർത്തിച്ചും പ്രവചിച്ചിട്ടുണ്ടെന്ന് ഏത് മുസ്‌ലിമിനാണ് അറിയാത്തത്? ഉദാഹരണമായ സ്വഹീഹ് ബുഖാരിയിലെ ഒരു ഹദീസ് സമർപ്പിക്കാം. അതിൽ നബി(സ) പറയുന്നു.

وَالَّذِىْ نَفْسِىْ بِيَدِهٖ لَيُوْ شِكَنَّ اَنْ يَّنْزِلَ فِيْكُمُ ابْنُ مَرْيَمَ حَكَمًا عَدْلاً فَيَكْسِرُ الصَّلِيْبَ وَيَقْتُلُ الْخِنْزِيْرَ وَيَضَعُ الْجِزْيَةَ

ആരുടെ കയ്യിലാണോ എന്റെ ജീവനുള്ളത് അവനാണ് സത്യം നിങ്ങളിൽ തീർച്ചയായും മസീഹ്ബ്നുമർയം ഇറങ്ങുന്നതാണ്. അദ്ദേഹം ദീനീപരമായ അഭിപ്രായ വ്യത്യാസങ്ങൾക്ക് 'ഹക്കം' ആയി നീതിപൂർവ്വം തീർപ്പ് കൽപ്പിക്കും. ആ തീർപ്പ് സത്യത്തിലും നീതിയിലുമധിഷ്ഠിതമായ തീരുമാനമായിരിക്കും. അദ്ദേഹം കുരിശിന്റെ കുഴപ്പങ്ങൾ ശക്തി പ്രാപിക്കുന്ന സമയത്ത് വെളിപ്പെടും. ആ കുഴപ്പങ്ങളെ പൂർണ്ണമായും ഇല്ലായ്മ ചെയ്യും. ആ സമയത്ത് ലോകത്ത് സൂകര പ്രകൃതർക്കും ശക്തിയുണ്ടായിരിക്കും. മസീഹ് ആ വൃത്തിഹീനരെ നാമാവശേഷമാക്കും. പക്ഷേ എല്ലാ പ്രവർത്തനവും തെളിവുകളും ദൃഷ്ടാന്തങ്ങളും ആത്മീയ അടയാളങ്ങൾ കൊണ്ടുമായിരിക്കും. കാരണം അത് സമാധാനത്തിന്റെ കാലമായിരിക്കും. മതപരമായ യുദ്ധവും,

യുദ്ധക്കരവും ആ കാലത്ത് ഇല്ലാതാകുന്നതാണ്.*(ബുഖാരി)*

നബി(സ) അല്ലാഹുവിനെ സാക്ഷി നിർത്തി പറയുകയും അത് ഹദീസിന്റെ സാധാരണ ഗ്രന്ഥങ്ങളിൽ മാത്രമല്ല. 'അസ്സിഹുൽ കിത്താബി ബഅദ കിത്താബുല്ലാഹി' എന്ന പറയപ്പെടുന്ന ഹദീസിന്റെ സമുന്നത ഗ്രന്ഥത്തിൽ രേഖപ്പെടുത്തുകയും വിശുദ്ധ ഖുർആൻ ഇതിലേക്ക് വ്യക്തമായ സൂചനങ്ങൾ നൽകുകയും മുഴുവൻ മുസ്ലിംകളും സ്വഹാബിക്കളുടെ കാലം മുതൽ ഇന്നേവരെ വിശ്വസിച്ചുവരുകയും ചെയ്യുന്ന ഇത്ര ശക്തമായ പ്രവചനം ഉണ്ടായിരിക്കെ എങ്ങിനെയാണ് മസീഹിന്റെ ആഗമനത്തെക്കുറിച്ചുള്ള വിശ്വാസത്തെ നിരാകരിക്കാൻ കഴിയുക? അതേ, ഈസാനബി(അ) ആകാശത്തേക്ക് കരേറിയെന്നതും, ആകാശത്തു നിന്നു ഇറങ്ങുമെന്നുള്ളതും തികച്ചും അബദ്ധ വിശ്വാസമാണ്. അതിന് യാതൊരു സാക്ഷ്യവും ഖുർആനിലും ഹദീസിലും ഇല്ല. ഈ പ്രവചനങ്ങളിൽ ഒരു സദൃശ്യ മസീഹിനെക്കുറിച്ച് അറിവ് നൽകിയിരിക്കുന്നു. അദ്ദേഹം ഈസാനബിയെപ്പോലെ, മുഹമ്മദീ ഉമ്മത്തിന്റെ അവസാനത്തിൽ ഈസാ നബിയുടെ പ്രതിരൂപമായി വന്ന് ഇസ്ലാമിന് സേവനം ചെയ്യും എന്നതാണ് ശരിയായ അഖീദ അഥവാ വിശ്വാസം. അല്ലാഹുവിന്റെ അനുഗൃഹത്താൽ അദ്ദേഹം വെളിപ്പെട്ടിരിക്കുന്നു. കണ്ണുള്ളവർ കണ്ടു കൊള്ളട്ടെ.

ചുരുക്കത്തിൽ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകർ പ്രവചിച്ചത് ഹദ്റത്ത് ഈസാ(അ)നെ കാത്തിരിക്കുന്നവർ മുന്നൂറ് വർഷങ്ങൾക്കകം കാത്തിരിപ്പിൽ മനം മടുത്ത് ഈസാനബി(അ)ന്റെ സ്ഥൂല ശരീരത്തോടെ ഇറങ്ങുമെന്ന വിശ്വസം പരിത്യജിക്കുമെന്നാണ്. അതിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയിരിക്കുന്നു. ഇപ്പോൾ തങ്ങളുടെ പരാജയം മൂടി വെയ്ക്കാൻ ഒരു ഭാഗം മാത്രം നിഷേധിക്കുകയാണ്. എന്നാൽ മുസ്ലിംകളും ക്രിസ്ത്യാനികളും, ആകാശത്ത് നിന്ന് വരുമെന്ന് കരുതുന്ന മസീഹ്, സർവ്വകുലോത്തമനും, ഖാത്തമുന്നബിയ്യീനും സയ്യിദുൽ അവ്വലീനും ആഖരീനു

മായ മുഹമ്മദ് മുസ്തഫാ(സ)ന്റെ ആത്മീയ നിശ്വാസം കൊണ്ട് ഈ ലോകത്തു തന്നെ വെളിപ്പെട്ടിരിക്കുന്നുവെന്നും. അങ്ങിനെ ഇമാമുക്കു മിൻകും എന്ന പ്രവചനം പുലർന്നുവെന്നും പറയാൻ നിർബന്ധിതരാവുന്ന കാലം ഇതാ സമാഗതമാകുന്നു.

ഹദ്റത്ത് അഹ്മദ്(അ) റസൂൽ തിരുമേനിയോടുള്ള സ്നേഹം പ്രകടിപ്പിച്ചു കൊണ്ട് പറയുന്നു.

آں مسیحا کہ بر افلاک مقامش گویند
لُطف کردی کہ ازیں خاک نمایاں کردی

ആകാശത്ത് അവരോധിതനാണെന്ന് കരുതിയിരുന്ന മസീഹിനെ ഭൂമിയിൽ വെളിപ്പെടുത്തിയത് എത്ര സുന്ദരമായാണ്!

# കുറിപ്പുകൾ

ഹദ്റത്ത് അഹ്മദ്(അ) ഒരിക്കൽ പറഞ്ഞു:

ഹദീസിൽ വന്നിരിക്കുന്നു, നബി(സ) പറഞ്ഞു, മസീഹ് വരുമ്പോൾ അദ്ദേഹത്തിന് എന്റെ സലാം പറയണം. ഈ ഹദീസിന്റെ വിവക്ഷയെപ്പറ്റി ചിന്തിക്കേണ്ടതാണ്. മസീഹ്(അ),ജീവനോടെ ആകാശത്ത് ഉണ്ടെങ്കിൽ നബി(സ) മിഅ്റാജിൽ അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ട് കൂടാതെ ഹ.ജിബ്രീൽ(അ) എല്ലാ ദിവസവും അവിടെ നിന്ന് വന്നിരുന്നു. എന്തുകൊണ്ട് അദ്ദേഹം മുഖേന സലാം പറഞ്ഞയച്ചില്ല!?

നബി(സ)ഉം വഫാത്തിനു ശേഷം ആകാശത്തേക്ക് തന്നെയാണ് പോയത്. അവിടെയാണല്ലോ ഹദ്റത്ത് മസീഹും ഉള്ളത്. ഹ. ഈസാനബി(അ), നബി(സ)ന് മുന്നിലൂടെയാണ് ഭൂമിയിലേക്ക് ഇറങ്ങേണ്ടത്. എന്നിരിക്കെ, ഭൂമിയിലുള്ളവർ അദ്ദേഹത്തിന് നബി(സ)ന്റെ സലാം പറയുന്നതിന് എന്ത് അർത്ഥമാണുള്ളത്?

ഇങ്ങിനെയാകുമ്പോൾ, ഹദ്റത്ത് ഈസ(അ)അവരോട് പറയും: ഞാൻ അദ്ദേഹത്തിന്റെ അടുത്തു നിന്നാണ് വരുന്നത്? നിങ്ങൾ ഈ സലാം എന്നോട് പറയുന്നത് എന്താണ്? ഇത്, വീട്ടിൽ നിന്നു വരുന്നത് ഞാനും വീട്ടിലെ കാര്യങ്ങൾ പറയുന്നത് നിങ്ങളും എന്നപോലെയല്ലേ?

ഇതിൽ നിന്ന് മനസിലാവുന്നത്, ഹദ്റത്ത് നബി(സ)ന്റെയും അവിടത്തെ സ്വഹാബിക്കളുടെയും വിശ്വാസവും, അഭിപ്രായവും ഈസാനബി(അ) മരിച്ചു പോയിരിക്കുന്നുവെന്നും, ലോകത്തേക്ക് വീണ്ടും വരാൻ സാധ്യമല്ല എന്നും, വരാനുള്ള മസീഹ് ഈ ഉമ്മത്തിൽ നിന്ന് അദ്ദേഹത്തിന്റെ സദൃശ്യനായി വരുമെന്നുമാണ്.

– (മൽഫൂസാത്ത് ഭാഗം:2, പേജ്296–(പഴയപതിപ്പ്)

–വിവർത്തകൻ

# ഈസാനബിയുടെ മരണം

*** മൗലാനാ അബുൽകലാം ആസാദ്:**

'ഈസാനബിയുടെ മരണത്തെക്കുറിച്ച് വിശുദ്ധ ഖുർആനിലുണ്ട്.' (മൽഫൂസാത്തെ ആസാദ്)

*** സർ സയ്യിദ് അഹ്മദ്ഖാൻ:**

'വിശുദ്ധ ഖുർആനിൽ ഈസാനബിയുടെ മരണത്തെക്കുറിച്ച് നാലു സ്ഥലങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. ആദ്യത്തെ മൂന്ന് ആയത്തുകളിൽ നിന്ന് അദ്ദേഹത്തിന്റെ മരണം വ്യക്തമായി മനസിലാവുന്നു... നാലാമത്തെ ആയത്തിൽ 'റഫഅ' എന്ന് ഉപയോഗിച്ചു കൊണ്ട് അദ്ദേഹത്തിന്റെ പദവിയും മഹത്വവും പ്രകടമാക്കിയിരിക്കുന്നു.'

(തഫ്സീറുൽ ഖുർആൻ ഭാഗം–2, പേജ്–40–47 1903)

*** ജമാഅത്തെ ഇസ്ലാമി**

'മരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ട് അക്കാര്യം ഖുർആൻ പറഞ്ഞില്ല? വിശുദ്ധ ഖുർആൻ ലോകാന്ത്യം വരെ നിലനിൽക്കുന്നതും അവസാനത്തെ മനുഷ്യനും ഹിദായത്തിനുള്ള ഗ്രന്ഥവുമാണെന്നു വിശ്വസിക്കുന്നവരാണല്ലോ മുസ്ലിംകൾ. എന്നിരിക്കെ, ഈസ(അ) ജീവിച്ചിരിപ്പുണ്ടെന്ന് അതിനെങ്ങിനെ പറയാൻ കഴിയും?'

(ഖാദിയാനിസം ഒരു സമഗ്രപഠനം. വാല്യം 4, ആമുഖം പേ.6, ഐ.പി.എച്ച് പ്രസിദ്ധീകരണം)

–വിവർത്തകൻ

*********

# ഈസാനബിയുടെ ആഗമനം മുസ്‌ലിം കക്ഷികൾ യോജിക്കുന്നു.

***മുജാഹിദ്:**

'ഈസാ(അ)ന്റെ ആരോഹണവും അന്ത്യനാളിനു മുമ്പുള്ള ആഗമനവും മുസ്‌ലിംകളുടെ അഖീദയാണ്. ഖുർആനും ഒരുപാട് ഹദീസുകളും അതിന് ബലം നൽകുന്നു. തലമുറകളായി അത് വിശ്വസിച്ചു പോരുന്നു. അതേക്കുറിച്ച് ഹദീസുകൾ മുതവാതിറാണെന്നു പോലും ഇബ്നുകഥീർ എഴുതുന്നു.

(ഖാദിയാനിസം പേ:53,54 – ശൈഖേയ്ബുൽ ഹസൻ അലിനദ്‌വി, വിവ: സുഹൈർ ചുങ്കത്തറ)

***ജമാഅത്തെ ഇസ്‌ലാമി:**

'രണ്ടായിരം വർഷം മുമ്പ് പിതാവിനെ കൂടാതെ ഹ: മർയം ബീവി(അ)യുടെ ഗർഭാശയത്തിൽ നിന്ന് പിറന്നിട്ടുണ്ടായിരുന്ന ഈസാ(അ) ഇറങ്ങുമെന്നാണ്... അസന്നിഗ്ദമായും സ്പഷ്ടമായും പ്രവചിക്കപ്പെട്ടിരിക്കുന്നത്...അദ്ദേഹം മരണമടഞ്ഞുവെന്നു തന്നെ സങ്കൽപ്പിക്കുക. എങ്കിൽ പോലും അദ്ദേഹത്തെ പുനർജ്ജീവിപ്പിച്ച് എഴുന്നേൽപ്പിച്ചു കൊണ്ടുവരുവാൻ അല്ലാഹു ശക്തനാണ്.'

(ഖതമുന്നുബുവ്വത്ത് പേ:78,79 – അബുൽ അഅ്‌ലാ മൗദൂദി)

'ഈസാ(അ) അന്ത്യകാലത്ത് ലോകത്ത് പുനരാഗമിക്കുമെന്നും ഇസ്‌ലാമിന്റെ സമ്പൂർണ്ണ വിജയം സംഭവിക്കുമെന്നും മുസ്‌ലിംകൾ വിശ്വസിക്കുന്നു.'

(ഖാദിയാനിസം ഒരു സമഗ്ര പഠനം. ഭാ.4, പേജ്.1)

'ഇസ്‌ലാമിന്റെ ഉദ്ധാരകനും മുസ്‌ലിംകളുടെ രക്ഷകനും വിധികർത്താവും ഭരണാധിപനുമായ ഈസാ നബിയായി ലോകത്തേക്ക് വരുന്നതോടുകൂടി ജൂത ക്രൈസ്തവ മത

ങ്ങളുടെ അസ്ഥിവാരം തന്നെ തകർന്നു പോവുക സ്വഭാവികമാണ്.‘

(ഖാദിയാനിസം ഒരു സമഗ്രപഠനം. ഭാഗം:4 പേജ് :52
പ്രസാ: ഐ.പി. എച്ച്. കോഴിക്കോട് 1)

***സുന്നികൾ**

‘ബഹുമാനപ്പെട്ട ഈസാനബി(അ)നെക്കുറിച്ച് മുസ്‌ലിംകളുടെ വിശ്വാസം താഴെ വിവരിക്കുന്ന രൂപത്തിലാണ്.... ആകാശത്തേക്ക് ഉയർത്തപ്പെട്ടിരിക്കുകയാണ്. ഇപ്പോഴും അദ്ദേഹം അവിടെ ജീവിക്കുന്നു. അന്ത്യകാലത്ത് ആകാശത്തിൽ നിന്ന് ഭൂമിയിലേക്ക് ഇറങ്ങിവരും കുരിശുകൾ തകർക്കും...‘

(ഖാദിയാനിസം പേ:12, എസ്.വൈ.എസ്–കോഴിക്കോട് 4)

**– ഫതാവഅൽമനാർ–**

ജ:കെ.എം. മൗലവിയും,ജ:ഇ.കെ. മൗലവിയും
സംയുക്തമായി നൽകിയ ഫത്‌വ:

‘ഈസാനബി(അ) മരിച്ചിട്ടില്ല. ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ട് എന്നു ഖുർആൻ ശരീഫിൽ നിന്നും ഹദീസിൽ നിന്നും നല്ലതു പോലെ വ്യക്തമായി തെളിയുന്നു.(പേ.24) നുസൂൽ ഇതേ വരെ ഉണ്ടായിട്ടില്ല. അതിനാൽ ഈസാനബി (അ) ഇപ്പോഴും ആകാശത്തിൽ ജീവിച്ചിരിപ്പുണ്ട്‘

(ഫതാവ അൽമാനാർ 1951 ഫെബ്രുവരി 20,പേ.23 )

–വിവർത്തകൻ